VOL NO: 07 I ISSUE 07
www.nerpatham.com
mail@nerpatham.com
2023 FEBRUARY 18 I ₹10

# നേർപഥം

വാരിക

പുരുഷന്റെ പേറെടുക്കുവാൻ വരിനിൽക്കുന്നവരോട്

# മുസ്‌ലിം സമുദായം; വഴിയും വെളിച്ചവും

ചരിത്രത്തിന്റെ അപകടകരമായ ദശാസന്ധിയിലൂടെയാണ് സമുദായം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഒരുഭാഗത്ത് വാ പിളർന്ന് നിൽക്കുന്ന ഫാഷിസം, മറുഭാഗത്ത് വാതിൽ തുറന്ന് കാത്തിരിക്കുന്ന ലിബറലിസം. കരുത്തും കരുതലും കൈമുതലാക്കി കടന്നുപോകേണ്ട സമയത്ത് കലഹിച്ച് കഴിയേണ്ടവരല്ല മുസ്‌ലിം ഉമ്മത്ത്, എന്ന് പറയാനെങ്കിലും കാഴ്ചപ്പാടും ക്രാന്തദർശിത്വവുമുള്ള നേതൃത്വം അനിവാര്യമാണ്.

## ഇസ്‌ലാമും ഭൂകമ്പങ്ങളും: ഒരു ദൈവശാസ്ത്ര വായന



|| ദിക്റും ദുആയും

|| ഖാദിയാനിസം:'വഹ്‌യുകളുടെ' സുനാമി!

|| ഗോവധ നിരോധനവും ഹിജാബ് നിരോധനവും ഒരുപോലെ?!

സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്



2023 ജനുവരി 21
1444 ജുമാദുൽ ഉഖ്റാ 27
പുസ്തകം 07 / ലക്കം 03

Enrol Now!

GreenHome
RESIDENTIAL CAMPUS

സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

For Boys Grade 5 to 8
For Girls Grade 6 & 7

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

# 0317

# നേർപഥം

വാരിക

2023 ഫെബ്രുവരി 18
1444 റജബ് 27
പുസ്തകം 07 / ലക്കം 07






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10

**മുസ്‌ലിം സമുദായം; വഴിയും വെളിച്ചവും**
ടി.കെ അശ്റഫ്

05
മുഖമൊഴി
പുരുഷന്റെ പേരെടുക്കുവാൻ
വരിനിൽക്കുന്നവരോട്

06
പാരന്റിംഗ്
അദൃശ്യജ്ഞാനവും ഖലീഫമാരും
ജിഫ്രി തങ്ങളുടെ
ഹദീസ് ദുർവ്യാഖ്യാനവും
മൂസ സ്വലാഹി കാര

22
ലേഖനം
ഇസ്‌ലാമും ഭൂകമ്പങ്ങളും:
ഒരു ദൈവശാസ്ത്ര വായന
അൻവർ അബൂബക്കർ

09
മധുരം ജീവിതം
വെളിച്ചത്തിലേക്ക്
നയിക്കുന്ന വേദഗ്രന്ഥം
ഡോ. സി. മുഹമ്മദ് റാഫി
ചെമ്പ്ര

26
ലേഖനം
ഗോവധ നിരോധനവും
ഹിജാബ് നിരോധനവും
ഒരുപോലെ?!
സുഫ്‌യാൻ അബ്ദുസ്സലാം

16
നിയമപഥം
നമ്മുടെ രാജ്യത്തെ
കോടതികൾ
അബൂആദം അയ്മൻ

29
ക്വുർആൻ ദർശനം
സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

17
ജാലകം
അധാർമികത
എങ്ങനെ ധാർമികതയാകും?
മുആദ് സി.എൻ

31
ലേഖനം
ദിക്‌റും ദുആയും
ശമീർ മദീനി

18
ലേഖനം
'വഹ്‌യുകളുടെ' സുനാമി!
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ

34
ബാലപഥം
പൊഴിയുന്ന പുണ്യങ്ങൾ
ഷാസിയ നസ്‌ലി
വിവ: ഇബ്നുഅലി,
എടത്തനാട്ടുകര



# വിസ്ഡം സമ്മേളനത്തിന് ഉജ്വല പരിസമാപ്തി

കോഴിക്കോട്: മുസ്‌ലിം കൈരളിയെ മത-ഭൗതിക രംഗങ്ങളിൽ കൈപിടിച്ചുയർത്തി നവോത്ഥാനം സാധ്യമാക്കിയ മുജാഹിദ് പ്രസ്ഥാനത്തിന്റെ ആദർശത്തിൽ അടിയുറച്ച് മുന്നോട്ടു പോകുന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട് കടപ്പുറത്തുവെച്ച് നടത്തിയ ഇസ്‌ലാമിക് കോൺഫറൻസിന് അതിഗംഭീരമായ സമാപനം. സംഘടന സംവിധാനങ്ങളുടെ കാര്യക്ഷമതയും തികഞ്ഞ അച്ചടക്കവും യുവജന, വിദ്യാർഥി സമൂഹത്തിന്റെ സംഘബലവും വിളിച്ചറിയിച്ച് കോഴിക്കോട് അറബിക്കടലിന് അഭിമുഖമായി ജനസാഗരം തീർത്ത കോൺഫറൻസ് ആരംഭിക്കുന്നതിന് മുമ്പുതന്നെ സദസ്സ് നിറഞ്ഞു കവിഞ്ഞു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

പ്രസ്ഥാനത്തെ തകർക്കുവാൻ നാനാവിധേന ശ്രമിച്ചുകൊണ്ടിരിക്കുന്ന, അതിനായി സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും ദുഷ്പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്ന അസഹിഷ്ണുക്കളുടെ എല്ലാ കുതന്ത്രങ്ങളും തകർന്നടിഞ്ഞതിന്റെ തെളിവായിരുന്നു കടപ്പുറത്തേക്ക് ഒഴുകിയെത്തിയ പതിനായിരങ്ങൾ.

സൗദി എംബസി അറ്റാഷെ ശൈഖ് ബദർ നാസിർ അൽ ബുജൈദി അൽ അനസി സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. സൗദി എംബസി അസി. അറ്റാഷെ ശൈഖ് അബ്ദുല്ലത്വീഫ് അബ്ദുസ്സമദ് അൽകാതിബ്, തുറമുഖ-മ്യൂസിയം-പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ, എം.കെ. രാഘവൻ എം.പി, അഡ്വ. കെ.എം. സച്ചിൻദേവ് എം.എൽ.എ, ഡോ. എ.കെ. മുനീർ എം.എൽ.എ എന്നിവർ അതിഥികളായി.

വിസ്ഡം പണ്ഡിതസഭയായ ലജ്നതുൽ ബുഹൂസിൽ ഇസ്‌ലാമിയ്യയുടെ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, ഹുസൈൻ സലഫി, ഹാരിസ് ബിൻ സലീം, ഫൈസൽ മൗലവി പുതുപ്പറമ്പ്, നാസിർ ബാലുശ്ശേരി, റഷീദ് കുട്ടമ്പൂർ, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി, വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന ജനറൽ സെക്രട്ടറി ശമീൽ മഞ്ചേരി എന്നിവർ വിഷയാവതരണം നടത്തി.

വിസ്ഡം ബുക്സ് പുറത്തിറക്കിയ, അബ്ദുൽ ജബ്ബാർ മദീനി രചിച്ച 'സ്വഹാബികളുടെ സഹചാരികൾ,' ശബീബ് സ്വലാഹി രചിച്ച 'അനന്തരാവകാശം: ദൈവികം അന്യൂനം,' സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി രചിച്ച 'ഇസ്‌ലാമും മാനവികതയും,' ഇബ്നു അലി എടത്തനാട്ടുകര രചിച്ച 'കനലും നിലാവും' എന്നീ പുസ്തകങ്ങൾ സമ്മേളനത്തിൽ പ്രകാശനം ചെയ്തു. വിസ്ഡം ബുക്സ് ഓൺലൈൻ സ്റ്റോർ പ്രഖ്യാപനം, ലോഗോ പ്രകാശനം, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക കർമ പദ്ധതി പ്രഖ്യാപനം, പീസ് റേഡിയോ ക്വിസ് മത്സരം, ഇംഗ്ലീഷ് ഡോക്യുമെന്ററി ടീസർ, ജാമിഅ അൽഹിന്ദ് സ്കൂൾ ഓഫ് ക്വുർആൻ നൂർ ആപ്ലിക്കേഷൻ ലോഞ്ചിംഗ്, വിസ്ഡം വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതല സർഗ സംഗമത്തിലെ വിജയികൾക്കുള്ള സമ്മാനവിതരണം, വിസ്ഡം സ്റ്റുഡന്റ്സ് ക്വുർആൻ വിജ്ഞാന പരീക്ഷ പ്രഖ്യാപനം, 'നേർപഥം' വാരിക ഓഡിയോ പദ്ധതി പ്രഖാപനം തുടങ്ങിയവ സമ്മേളനത്തിൽ നടന്നു.

സമ്മേളനത്തിൽ നേരിട്ട് എത്താൻ കഴിയാത്തവർക്കായി, വിദേശ ഇസ്‌ലാഹി സെന്ററുകൾക്ക് കീഴിലും ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിലും ഓൺലൈനായി വീക്ഷിക്കുന്നതിന് വിപുലമായ സൗകര്യമൊരുക്കിയത് ആയിരങ്ങൾ ഉപയോഗപ്പെടുത്തി. യു.എ.ഇ, കുവൈത്ത്, ബഹ്റൈൻ, (ഒമാൻ) സലാല, മസ്കറ്റ്, ഖമീസ് മുശൈത്ത്, റിയാദ്, ജിദ്ദ, മദീന, ദമ്മാം, ജുബൈൽ, ഖത്തർ തുടങ്ങിയ ഇന്ത്യൻ ഇസ്‌ലാഹീ സെന്ററുകളിൽ തത്സമയ പ്രദർശനമൊരുക്കി.

ബാംഗ്ലൂർ, മദ്രാസ്, മംഗലാപുരം, ചെന്നൈ, കോയമ്പത്തൂർ, ഡൽഹി, ഹൈദരാബാദ് തുടങ്ങിയ പ്രദേശങ്ങളിൽനിന്ന് നൂറുകണക്കിന് സൗഹാർദ പ്രതിനിധികൾ സമ്മേളനത്തിൽ എത്തിച്ചേർന്നു.



# പുരുഷന്റെ പേറെടുക്കുവാൻ വരിനിൽക്കുന്നവരോട്

സഹദ് എന്ന 'പുരുഷൻ' പ്രസവിച്ചുവത്രെ! രേഖകളിൽ കുഞ്ഞിന്റെ അമ്മയുടെ സ്ഥാനത്ത് അച്ഛന്റെ പേര് നൽകുമത്രെ! ഒരുപക്ഷേ, ഈ വർഷത്തെ ഏറ്റവും വലിയ തമാശയും ജനങ്ങളെ വിഡ്ഢികളാക്കുന്ന വാർത്തയുമായിരിക്കാം ഇത്. ഞങ്ങൾ അന്ധവിശ്വാസികളല്ലെന്നും ഞങ്ങൾ എപ്പോഴും ശാസ്ത്രത്തിന്റെ കൂടെ സഞ്ചരിക്കുന്നവരാണെന്നും വാദിക്കുന്നവർതന്നെ ഈ അസംഭവ്യമായ കാര്യത്തിന്റെ പ്രചാരകരായി രംഗത്തുവന്നതിന്റെ പിന്നിലുള്ള അജണ്ടയെന്തായിരിക്കും? ബഹു. മന്ത്രി ആർ. ബിന്ദുവിന്റെ ട്വീറ്ററിൽ വന്ന കുറിപ്പിലെ വരികൾക്കിടയിൽ നിന്ന് നമുക്കത് വായിച്ചെടുക്കാം. മന്ത്രി എഴുതുന്നു:

"ട്രാൻസ് ദമ്പതികളായ സിയ പവലിനും സഹദിനും ഒരു കുഞ്ഞു പിറന്നിരിക്കുന്നു. സാമ്പ്രദായിക ബൈനറികളിലുറച്ച പൊതുബോധത്തിൽ അട്ടിമറി സൃഷ്ടിച്ചുകൊണ്ട് ഈ ഭൂമിയിൽ പിറന്നുവീണ ആ കുഞ്ഞ് തുറന്നിടുന്നത് ഒരു നവലോകത്തിലേക്കുള്ള വാതിലാവട്ടെ...ആധിപത്യത്തിന്റെയും അധികാര സ്ഥാപനത്തിന്റെയും വിമ്മിട്ടപ്പെടുത്തുന്ന കുടുംബ സങ്കൽപങ്ങൾക്കപ്പുറത്ത് സ്നേഹത്തിന്റെയും തുല്യ പങ്കാളിത്തത്തിന്റെയും മസൃണമായ അന്തരീക്ഷമുള്ള ഒന്നായി കുടുംബത്തെ പുനർനിർവചിക്കുവാൻ ഈ ജനനവും ഒരു നല്ല കാരണമാവട്ടെ..."


കേരളത്തിൽ ഒരു ദിവസം എത്രയോ സ്ത്രീകൾ പ്രസവിക്കുന്നുണ്ട്. അതിൽ പെട്ട ഒരു സംഭവം മാത്രമാണ് ഈ പ്രസവവും. അതിലെന്താണിത്ര ആഘോഷിക്കാൻ എന്ന് മനസ്സിലാകുന്നില്ല. ശാരീരികമായി സ്ത്രീയുടെ അവയവങ്ങളുമായി ജനിച്ച വ്യക്തി സ്വയം പുരുഷനാണന്ന് വാദിച്ച് സ്തനം മുറിച്ചു മാറ്റി എന്നേയുള്ളൂ. ഗർഭാശയം നീക്കം ചെയ്തിട്ടില്ല. ലൈംഗികാവയവും സ്ത്രീയുടേതുതന്നെ. കൂടെ ജീവിക്കുന്നതാകട്ടെ ഞാൻ സ്ത്രീയാണന്ന് സ്വയം കരുതുന്ന പുരുഷനും. അസ്വാഭാവികമായി ഒന്നും സംഭവിച്ചിട്ടില്ല എന്നർഥം.

എതിർവർഗ ലൈംഗികത ഭാരമാണെന്ന മന്ത്രിയുടെ മുൻ ട്വീറ്റ് ഏറെ വിവാദമായതാണ്. വീണ്ടും നിലവിലുള്ള കുടുംബ സംവിധാനത്തെ ചോദ്യം ചെയ്തുകൊണ്ട് മന്ത്രി രംഗത്തുവന്നത് കേരളത്തിന്റെ ധാർമികബോധത്തോടുള്ള വെല്ലുവിളിയാണ്.

നിലവിലുള്ള കുടുംബ സംവിധാനത്തിൽ വിമ്മിട്ടമുണ്ടാക്കുന്ന എന്ത് സങ്കൽപമാണുള്ളതെന്ന് മന്ത്രി വ്യക്തമാക്കിയിട്ടില്ല. കുടുംബത്തിന്റെ നായകസ്ഥാനത്ത് സ്ത്രീ വന്നാൽ ആധിപത്യവും അധികാരവും ഇല്ലാതാകുമെന്നാണോ? നിലവിലുള്ള കുടുംബ സംവിധാനത്തിൽ സ്നേഹമസൃണത ഇല്ല എന്നുണ്ടോ? അതല്ല, ജെന്റർ സാമൂഹിക നിർമിതിയാണ് എന്ന, പാഠ്യപദ്ധതിയിൽ ഉൾപെടുത്തിയ ആശയമനുസരിച്ച് സർവ മനുഷ്യരും താൻ ആണോ പെണ്ണോ എന്ന് പുനർനിർണയം ചെയ്തു ജീവിക്കണമെന്നാണോ?

മതനിഷേധികൾക്ക് നിയമാനുസരണം വിവാഹം ചെയ്തുകൊണ്ടുള്ള 'സാമ്പ്രദായിക' കുടുംബജീവിതം വിമ്മിട്ടമുണ്ടാക്കുന്നതായേക്കാം. പുരുഷാധിപത്യത്തിന്റെ വ്യവസ്ഥയായേക്കാം. എന്നാൽ മുസ്‌ലിംകൾക്ക് അങ്ങനെയല്ല. സ്നേഹം, സഹകരണം, പരസ്പരവിശ്വാസം, അനുസരണം, ആദരവ് തുടങ്ങിയ എല്ലാ സ്വഭാവഗുണങ്ങളും നിലനിർത്തി മുന്നോട്ടുകൊണ്ടുപോകേണ്ടതായ, പാരസ്പര്യത്തിലൂന്നിയ, ആണും പെണ്ണും തമ്മിലുള്ള ബന്ധമാണ്. ഇരുവർക്കും കടമകളുണ്ട്, അവകാശങ്ങളുമുണ്ട്.

നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ഓരോരുത്തരും ഓരോ ഭരണാധികാരിയാണ്. ഓരോരുത്തരും തന്റെ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടും. രാജാവ് ഒരു ഭരണാധികാരിയാണ്. പുരുഷൻ തന്റെ വീട്ടുകാരുടെ ഭരണാധികാരിയാണ്. സ്ത്രീ ഭർതൃഗൃഹത്തിന്റെയും സന്തതികളുടെയും ഭരണാധികാരിയാണ്."



# അദൃശ്യജ്ഞാനവും ഖലീഫമാരും ജിഫ്രി തങ്ങളുടെ ഹദീസ് ദുർവ്യാഖ്യാനവും

4

മൂസ സ്വലാഹി കാര
:97473 45768

സമസ്തയുടെ കടപ്പുറം സമ്മേളനത്തിൽ പ്രസിഡന്റ് ജിഫ്രി തങ്ങൾ കാണിച്ച പ്രമാണ ദുർവ്യാഖ്യാനങ്ങളെക്കുറിച്ചാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പ്രസിദ്ധമായ രണ്ട് സംഭവങ്ങളുടെ അൽപഭാഗം മാത്രം വായിച്ച് അദ്ദേഹം ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിച്ചത്കൂടി കാണുക:

ഇമാം ബുഖാരി(റഹി) സകാത്തിനെ സംബന്ധിച്ച് പറയുന്ന അധ്യായത്തിലും ഇമാം മുസ്‌ലിം (റഹി) ശ്രേഷ്ഠതകളെപ്പറ്റി പറയുന്ന അധ്യായത്തിലും ഉദ്ധരിച്ചതാണ് ഒന്നാമത്തെ സംഭവം. തബൂക്ക് യുദ്ധ സന്ദർഭത്തിൽ നബി(സ്വ) തന്റെ അനുചരന്മാരോട് പറഞ്ഞു: 'ഇന്ന് രാത്രി ശക്തമായി കാറ്റടിക്കും. നിങ്ങളിൽ ഒരാളും പുറത്തിറങ്ങരുത്. ആർക്കെങ്കിലും ഒട്ടകമുണ്ടെങ്കിൽ അതിനെ കെട്ടിയിടണം.' ഒരാൾ പുറത്തിറങ്ങുകയും കാറ്റ് അദ്ദേഹത്തെ ത്വയ്യ് പർവതത്തിൽ ഇടുകയും ചെയ്തു. വരാനുള്ള കാറ്റിനെപ്പറ്റി നബി(സ്വ) മുമ്പേ പറഞ്ഞു എന്നതാണ് ഇതിൽനിന്ന് മുസ്‌ലിയാർ കണ്ടെത്തിയ തെളിവ്! ഇപ്രകാരം പറഞ്ഞ നബി(സ്വ) പോലും എല്ലായ്പ്പോഴും എനിക്ക് അദൃശ്യങ്ങൾ അറിയാൻ സാധിക്കുമെന്ന് നിങ്ങളെ ബോധ്യപ്പെടുത്താനാണിതെന്ന് കൂടെയുള്ളവരോട് പറഞ്ഞിട്ടില്ല. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ വ്യത്യസ്ത വിഷയങ്ങൾക്ക് ഈ ഹദീസിനെ തെളിവാക്കിയപ്പോൾ അവരാരും നബി(സ്വ) എല്ലാ ഗൈബും അറിയുമെന്നതിന്റെ തെളിവുകൂടിയാണിതെന്ന് വാദിച്ചിട്ടില്ല. ഈ സംഭവത്തിന് പ്രാമാണികമായി നൽകപ്പെട്ട വിശദീകരണം ഇദ്ദേഹം കാണാതിരിക്കാൻ സാധ്യതയില്ല. എന്നാൽ വികല വിശ്വാസങ്ങളെ ന്യായീകരിക്കുവാൻ തെളിവുണ്ടാക്കുന്നവർക്ക് ദുർവ്യാഖ്യാനവും മറച്ചുവെക്കലുമല്ലാതെ വേറെ വഴിയില്ലല്ലോ. ഈ ഹദീസിന് മഹാന്മാരായ പണ്ഡിതന്മാർ നൽകിയ വിശദീകരണം കാണുക:

ഇമാം നവവി(റഹി) പറയുന്നു: "അദൃശ്യങ്ങളെപ്പറ്റി നബി(സ്വ) അറിയിപ്പ് നൽകി എന്ന പ്രകടമായ അമാനുഷികതയും ശക്തമായ കാറ്റുള്ളപ്പോൾ എണീറ്റാലുണ്ടാകുന്ന പ്രയാസവും അദ്ദേഹത്തിന് തന്റെ സമൂഹത്തോടുള്ള കാരുണ്യവും അനുകമ്പയും അവർക്ക് വേണ്ട നന്മകളെ സംരക്ഷിക്കലും മത ജീവിതത്തിനും ഭൗതികജീവിതത്തിനും ഉപദ്രവമാകുന്ന കാര്യങ്ങളെപ്പറ്റിയുള്ള താക്കീതും ഈ ഹദീസിലുണ്ട്" (ശറഹു മുസ്‌ലിം).

ഇബ്നു ഹജറുൽ അസ്ഖലാനി(റഹി) പറയുന്നു: "പ്രവാചകത്വത്തിന്റെ അടയാളവും അനുയായികളെ പരിശീലിപ്പിക്കലും പഠിപ്പിക്കലും പേടിക്കേണ്ട കാര്യത്തിൽ അകപ്പെടുന്നതിൽ ജാഗ്രത വേണമെന്നതും ഇതിലുണ്ട്" (ഫത്ഹുൽബാരി).

രണ്ടാമത്തെ സംഭവം ഇമാം

ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിക്കുന്ന; ഖൈബർ യുദ്ധവേളയിൽ നബി(സ) ആമിറി(റ)നെപ്പറ്റി പറഞ്ഞതാണ്. ആമിർ(റ) ധീരനും നല്ല കവിയുമായിരുന്നു. കൂടെയുള്ളവർക്ക് ധൈര്യവും സ്ഥൈര്യവും പകർന്ന് അദ്ദേഹം നന്നായി പാടിയിരുന്നു. നബി(സ്വ) അദ്ദേഹത്തിന് വേണ്ടി 'അല്ലാഹു കരുണ ചൊരിയട്ടെ'യെന്ന് പ്രാർഥിച്ചു. അദ്ദേഹത്തിന് (രക്തസാക്ഷിത്വം) ഉറപ്പായി എന്നും നിങ്ങൾ മറ്റൊരു സമയത്ത് അദ്ദേഹത്തിന്റെ കാര്യത്തിൽ പ്രാർഥിച്ചിരുന്നെങ്കിൽ എന്നും ആ സമയത്ത് ഉമർ(റ) പറഞ്ഞു.

ഇതിന്റ വിശദീകരണത്തിൽ ഇദ്ദേഹം വൻഅട്ടിമറിയാണ് നടത്തിയിട്ടുള്ളത്. ഹദീസിൽ വന്ന 'യർഹമുഹുല്ലാഹ്' (അല്ലാഹു അദ്ദേഹത്തിന് കരുണ ചൊരിയട്ടെ) എന്നതിനെ അദൃശ്യമറിയലായും 'ലൗലാ അംതഅ്തനാ ബിഹി' എന്നതിനെ ജീവിതം നീട്ടിക്കൊടുത്തു കൂടേ എന്ന് ഉമർ(റ) നബി(സ)യോട് സഹായം തേടിയതുമാണ് എന്ന നിലയിൽ മുസ്‌ലിയാർ നടത്തിയ ദുർവ്യാഖ്യാനം തട്ടിപ്പും ചതിയുമല്ലാതെ മറ്റെന്താണ്? ഈ സംഭവത്തിന് സാക്ഷികളായ ആരെങ്കിലുമോ, വിശ്വാസയോഗ്യരായ പൂർവകാല പണ്ഡിതന്മാരോ ഇങ്ങനെയൊരു രഹസ്യം ഇതിൽ മറഞ്ഞ് കിടക്കുന്നുണ്ടെന്ന് മനസ്സിലാക്കിയോ?

ഇമാം നവവി ഇതിന്റെ വിശദീകരണത്തിൽ പറഞ്ഞത് കാണുക:''നബി(സ്വ) യുദ്ധവേളയിൽ ആർക്കെങ്കിലും വേണ്ടി പ്രാർഥിച്ചാൽ രക്തസാക്ഷിയാക്കപ്പെടും എന്നതും ആമിറി(റ)ന്റെ സഹായവും സഹവാസവും കിട്ടാൻ അദ്ദേഹത്തിനുവേണ്ടി നിങ്ങൾ നടത്തിയ പ്രാർഥന മറ്റൊരു സമയത്തേക്ക് നീട്ടിയിരുന്നെങ്കിലെന്ന് ഞങ്ങൾ ആഗ്രഹിച്ചു എന്നതുമാണിത്...''(ശറഹു മുസ്‌ലിം).

ഇബ്നു ഹജർ പറഞ്ഞത് കാണുക:''നബി(സ്വ) പ്രത്യേകമായി ഒരാൾക്ക് പാപമോചനം നടത്തിയിട്ടുണ്ടെങ്കിൽ അയാൾ രക്തസാക്ഷ്യം വരിക്കുമെന്നും ധീരനായ ആമിർ(റ) അവശേഷിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കലുമാണ്'' (ഫത്ഹുൽ ബാരി).

നുബൂവ്വത്തിന്റെ അടയാളവും അമാനുഷികതയുമായി പ്രമാണങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന ഇത്തരം വിഷയങ്ങളെ കോട്ടിമാട്ടി ശിയാ വിശ്വാസങ്ങളോട് ഐക്യദാർഢ്യം പുലർത്തും മുമ്പ് പ്രവാചകന്മാർക്ക് ഗൈബ് വെളിപ്പെടുത്തുന്നതിനെ കുറിച്ച് ഖുർആൻ പറഞ്ഞതെങ്കിലും മുസ്‌ലിയാർ ഓർക്കേണ്ടിയിരുന്നു. അല്ലാഹു പറയുന്നു: 'അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല; അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപ്പെടുത്തുകതന്നെ ചെയ്യുന്നതാണ്'' (72:26,27).

മുഅ്ജിസത്തുകൾ കൊണ്ടുവരാനുള്ള എല്ലാ കാര്യങ്ങളും മുന്നേ അറിയുമായിരുന്നെങ്കിൽ ഖൈബർ യുദ്ധത്തിന്റെ അവസാനം ഇപ്രകാരമാകുമെന്ന് അവിടുന്ന് വിവരിക്കുമായിരുന്നില്ലേ? ഇതേ യുദ്ധത്തിൽ നബി(സ്വ) കഴിച്ച ഭക്ഷണത്തിൽ വിഷം ചേർക്കപ്പെട്ടത് എന്തുകൊണ്ട് അദ്ദേഹം അറിഞ്ഞില്ല? തബൂക്ക് യുദ്ധത്തിലേക്ക് ഇറങ്ങും മുമ്പേ ഇത് നടക്കാതെ നാം മടങ്ങി വരുമെന്ന് നബി(സ്വ) എന്തേ പറഞ്ഞില്ല? അണികൾക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ സത്യസന്ധമായ ഒരു തെളിവ് പോലുമില്ലാത്ത വിധം ആദർശരാഹിത്യമാണ് സമസ്ത നേരിട്ടുകൊണ്ടിരിക്കുന്നത് എന്നല്ലാതെ എന്തു പറയാൻ!

'നിശ്ചയം ഞാനൊരു മനുഷ്യനാണ്' എന്ന് നബി(സ്വ) പ്രത്യേകമായി പഠിപ്പിച്ച ഹദീസിന് ഇമാം ഇബ്നു റജബ്(റഹി) നൽകിയ വിശദീകരണം കാണുക: "തീർച്ചയായും മനുഷ്യൻ അദൃശ്യവും മനസ്സുകളിൽ മറച്ചുവെച്ചതും അല്ലാത്തതുമായ കാര്യങ്ങൾ അറിയുകയില്ല എന്നതിനാലാണ് നബി(സ്വ) ഇങ്ങനെ പറഞ്ഞത്. ഞാൻ മനുഷ്യരിൽ നിന്നായതിനാൽതന്നെ നിങ്ങൾ എന്നോട് വിധി തേടുന്നതിന്റെയും എന്റെയടുത്ത് തർക്കിക്കുന്നതിന്റെയും അകം എനിക്കറിയില്ല. നിങ്ങൾ പ്രത്യക്ഷമായി പറയുന്നതും തെളിവാക്കുന്നതുംകൊണ്ടാണ് ഞാൻ വിധിക്കുക. നിശ്ചയം പ്രവാചകന്മാർ വഹിയ്യിലൂടെയല്ലാതെ അദൃശ്യമറിയുന്നില്ല'' (അത്തംഹീദ്).

> ഖലീഫമാർ നാലുപേരും അന്ധമായ അനുകരണം അംഗീകരിച്ചവരും പ്രോത്സാഹിപ്പിച്ചവരുമാണെന്ന് മുസ്‌ലിയാർ തട്ടിവിട്ടത് അദ്ദേഹത്തിന്റെ വിവരക്കേടിന്റെ ആഴം തുറന്നുകാണിക്കുന്നുണ്ട്. ഖിലാഫത്ത് കാലഘട്ടത്തിൽ അവർക്ക് നേരിടേണ്ടിവന്ന ഗുരുതരമായ പ്രശ്നങ്ങളെ അവർ പരിഹരിച്ചത് ഖുർആനിന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിലാണ്. അവ കൊണ്ടുള്ള വിധികൾക്കാണ് അവർ പ്രാമുഖ്യം നൽകിയത്. അവർക്ക് തന്നെയും അനന്തര സ്വത്ത്, ഗർഭസ്ഥ ശിശുവുമായി ബന്ധപ്പെട്ട പ്രശ്നം എന്നിങ്ങനെ സംശയമുണ്ടായ എത്രയോ കാര്യങ്ങളിൽ കൂടെയുള്ളവരോട് 'ഇതിന്റെ ഹദീസ് മനഃപാഠമുള്ളവർ ആരാണ്,' 'കൂട്ടത്തിൽ ഇതറിയുന്നവർ ആരെങ്കിലുമുണ്ടോ' തുടങ്ങിയ ചോദ്യങ്ങൾ അനവധി ഉണ്ടായിട്ടുണ്ട്. ഇതിനൊന്നും വില കൊടുക്കാതെ കെട്ടിച്ചമച്ച തെളിവുകളുമായി ഊരു ചുറ്റുന്നവരുടെ ഉള്ളിലിരുപ്പ് വളരെ വ്യക്തമാണ്.

സമസ്തയുടെ വികലവാദങ്ങളിൽപെട്ട ഒന്നാണ് അന്ധമായ അനുകരണം അനിവാര്യമാണ് എന്നത്. 'മുജാഹിദ് പ്രസ്ഥാനം എങ്ങോട്ട്' എന്ന പുസ്തകത്തിൽ അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ് എഴുതിയത് കാണുക: "ഇമാം ഗസ്സാലി(റ) എഴുതുന്നു: സാധാരണക്കാരന് മതപണ്ഡിതനെ പിൻപറ്റൽ നിർബന്ധമാണ്. പണ്ഡിതൻ സത്യം പറയട്ടെ, കളവ് പറയട്ടെ, അല്ലെങ്കിൽ ശരി പറയട്ടെ, അബദ്ധം പറയട്ടെ, സാധാരണക്കാരുടെ ബാധ്യത പണ്ഡിതൻ പറയുന്നത് സ്വീകരിക്കലാണെന്ന കാര്യത്തിൽ ഇജ്മാഅ് ഉണ്ട്, മുസ്തഫ-2/123'' (പേജ് 23).

ജിഫ്രി തങ്ങൾ തന്റെ പ്രസംഗത്തിൽ അന്ധമായ അനുകരണത്തെ മതത്തിന്റെ ഭാഗമാക്കിമാറ്റാനുള്ള ശ്രമം നടത്തുകയുണ്ടായി. അതിനായി ക്വുർആൻ സൂക്തങ്ങളെ ദുർവ്യാഖ്യാനം ചെയ്തു. സൂറതുന്നഹ്‌ലിലും അമ്പിയാഇലുമുള്ള 'നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചു നോക്കുക' എന്ന വചനത്തെയാണ് മുസ്‌ലിയാർ വക്രീകരിച്ചിരിക്കുന്നത്. ആയത്തിലെ പ്രതിപാദ്യ വിഷയമെന്തെന്ന് ബുദ്ധിയുള്ളവർ പരിശോധിക്കുമെന്ന് ചിന്തിക്കാനുള്ള ബുദ്ധിപോലും തങ്ങൾ പ്രകടിപ്പിച്ചില്ല. അല്ലാഹു നിയോഗിച്ച പ്രവാചകന്മാർ പുരുഷന്മാരാണെന്നും അവർക്ക് ദിവ്യസന്ദേശം നൽകപ്പെട്ടിരുന്നുവെന്നുമുള്ള വസ്തുത അറിയാത്തവർ ബോധ്യമുള്ളവരോട് ചോദിച്ച് മനസ്സിലാക്കട്ടെ എന്നുമാണ് അതിലുള്ളത്. മുസ്‌ലിയാർ നൽകിയ വിവരണത്തിന് എന്ത് അടിസ്ഥാനമാണുള്ളത്? ഇതിന്റെ ശരിയായ വിശദീകരണത്തിൽ അന്ധമായ അനുകരണത്തെ അനുകൂലിക്കുന്ന ഒരു പദം പോലുമില്ലെന്നതാണ് യാഥാർഥ്യം. അറിവില്ലാത്തവർ ചോദിച്ചറിയണം എന്ന് ഊന്നിപ്പറയുന്ന ഈ ആയത്തിൽനിന്ന് അന്ധമായ അനുകരണം കണ്ടെത്തിയതിനെ പ്രമാണത്തെ കോട്ടിമാറ്റൽ എന്നല്ലാതെ എന്തു പറയാൻ?

"തഫ്‌സീർ അവലംബിക്കാതെ ക്വുർആനിന് നേർക്കുനേരെ അർഥം പറയൽ ആരംഭിച്ചത് വഹ്ഹാബികളും മൗദൂദികളുമാണ്, അതിന് ക്വുർആൻ ക്ലാസ് എന്നവർ പേരു വിളിക്കുകയും ചെയ്തു"എന്ന് സമസ്തയുടെ ആറാം വാർഷികത്തിൽ സലഫികൾക്ക് നേരെ നടത്തിയ ആരോപണം ആർക്കാണ് യോജിക്കുക എന്ന് വ്യക്തം. തെളിവുകളുടെ വെളിച്ചത്തിൽ മാത്രം പണ്ഡിതന്മാർ മതകാര്യങ്ങൾ പഠിപ്പിക്കുക എന്നതും പഠിപ്പിക്കപ്പെടുന്നത് പ്രാമാണികമാണോ എന്ന അന്വേഷണം പഠിതാവിൽ ഉണ്ടാകലും പ്രവാചകന്മാരെ സത്യസന്ധമായി പിൻപറ്റുന്നതിൽപെട്ടതാണ്. പരലോകത്ത് ഏതെങ്കിലൊമൊരു പണ്ഡിതനിലേക്കോ, അഭിപ്രായത്തിലേക്കോ, സംഘത്തിലേക്കോ ചേർത്തിക്കൊണ്ടല്ല ചോദ്യം ചെയ്യപ്പെടുക.

അല്ലാഹു പറയുന്നു: "അവൻ (അല്ലാഹു) അവരെ വിളിക്കുകയും (അല്ലാഹുവിന്റെ) ദൂതൻമാർക്ക് എന്ത് ഉത്തരമാണ് നിങ്ങൾ നൽകിയത് എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു)'' (28:65).

ഗവേഷണ പാടവമുള്ളവർ, പണ്ഡിതാഭിപ്രായങ്ങളിൽ നിന്ന് ഏറ്റവും ശരിയായത് എടുക്കാൻ കഴിവുള്ള പഠിതാവ്, സാധാരണക്കാരൻ എന്നിങ്ങനെ മൂന്ന് തരത്തിലാണ് മനുഷ്യരുള്ളത്. ഓരോരുത്തരും സ്വീകരിക്കേണ്ട നിലപാടുകൾ സുവ്യക്തമാണ്.

ഇബ്നു മസ്ഊദ്(റ) പറഞ്ഞു: "നിങ്ങളിൽ ആരെയെങ്കിലും മാതൃകയാക്കുന്നുവെങ്കിൽ മുഹമ്മദ് നബി (സ)യുടെ സ്വഹാബത്തിനെ മാതൃകയാക്കട്ടെ. അവരാണ് ഈ സമൂഹത്തിലെ ഏറ്റവും നല്ല അവസ്ഥയിലുള്ളവർ, അഗാധ ജ്ഞാനമുള്ളവർ, കൃത്രിമത്വം ഒട്ടുമില്ലാത്തവർ, നേർമാർഗത്തിൽ നിലകൊണ്ടവർ. തന്റെ പ്രവാചകന്റെ അനുയായികളാവാൻ അല്ലാഹു തെരഞ്ഞെടുത്തവരാണവർ. നിങ്ങൾ അവരുടെ ശ്രേഷ്ഠത അംഗീകരിക്കണം. അവരുടെ കാൽപാടുകളെ നിങ്ങൾ പിൻപറ്റണം. കാരണം, അവരായിരുന്നു നേർമാർഗത്തിൽ നിലകൊണ്ടവർ'' (ജാമിഉ ബയാനിൽ ഇൽമ്).

ഖലീഫമാർ നാലുപേരും അന്ധമായ അനുകരണം അംഗീകരിച്ചവരും പ്രോത്സാഹിപ്പിച്ചവരുമാണെന്ന് മുസ്‌ലിയാർ തട്ടിവിട്ടത് അദ്ദേഹത്തിന്റെ വിവരക്കേടിന്റെ ആഴം തുറന്നുകാണിക്കുന്നുണ്ട്. ഖിലാഫത്ത് കാലഘട്ടത്തിൽ അവർക്ക് നേരിടേണ്ടിവന്ന ഗുരുതരമായ പ്രശ്നങ്ങളെ അവർ പരിഹരിച്ചത് ക്വുർആനിന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിലാണ്. അവകൊണ്ടുള്ള വിധികൾക്കാണ് അവർ പ്രാമുഖ്യം നൽകിയത്. അവർക്ക് തന്നെയും അനന്തര സ്വത്ത്, ഗർഭസ്ഥ ശിശുവുമായി ബന്ധപ്പെട്ട പ്രശ്നം എന്നിങ്ങനെ സംശയമുണ്ടായ എത്രയോ കാര്യങ്ങളിൽ കൂടെയുള്ളവരോട് 'ഇതിന്റെ ഹദീസ് മനഃപാഠമുള്ളവർ ആരാണ്,' 'കൂട്ടത്തിൽ ഇതറിയുന്നവർ ആരെങ്കിലുമുണ്ടോ' തുടങ്ങിയ ചോദ്യങ്ങൾ അനവധി ഉണ്ടായിട്ടുണ്ട്. ഇതിനൊന്നും വില കൊടുക്കാതെ കെട്ടിച്ചമച്ച തെളിവുകളുമായി ഊരുചുറ്റുന്നവരുടെ ഉള്ളിലിരുപ്പ് വളരെ വ്യക്തമാണ്.

അല്ലാഹുവിലും പരലോകത്തിലും വിശ്വാസമുള്ളവർക്ക് ഈ നിലപാടെടുക്കാനേ സാധിക്കൂ. അല്ലാഹു പറയുന്നു:''നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ, അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു'' (42:10).

ഇബ്നു കസീർ(റഹി) പറയുന്നു: "ഭിന്നതയുണ്ടാകുന്ന മുഴുവൻ കാര്യങ്ങളിലും ക്വുർആനും നബിചര്യയും അടിസ്ഥാനപ്പെടുത്തിയാണ് വിധി കാണേണ്ടതെന്ന് ഈ ആയത്ത് പഠിപ്പിക്കുന്നു.'' ■



# വെളിച്ചത്തിലേക്ക് നയിക്കുന്ന വേദഗ്രന്ഥം

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

: 99460 42525

“അതാകുന്നു വേദഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്” (ക്വുർആൻ 2:1).

വേദഗ്രന്ഥം; അല്ലാഹു മനുഷ്യർക്ക് മാർഗദർശനം കാണിക്കാൻ പ്രവാചകൻമാർക്ക് ദിവ്യബോധനത്തിലൂടെ നൽകുന്ന ഗ്രന്ഥം. സബൂർ, ഇഞ്ചീൽ, തൗറാത്ത്, ക്വുർആൻ എന്നിവ ക്വുർആൻ വ്യക്തമായി പേരെടുത്ത് പരാമർശിക്കുന്ന വേദഗ്രന്ഥങ്ങളാണ്. ഇബ്‌റാഹീം(അ), മൂസാ(അ) എന്നീ പ്രവാചകൻമാരുടെ ഏടുകളെക്കുറിച്ചും ക്വുർആൻ പരാമർശിക്കുന്നുണ്ട്.

ഇവയിൽ ക്വുർആനല്ലാത്ത വേദഗ്രന്ഥങ്ങളിൽ അതത് പ്രവാചകൻമാരുടെ കാലശേഷം ജനങ്ങൾ കൈകടത്തി. അവയിൽ പലതും കൂട്ടിച്ചേർക്കപ്പെട്ടു. അങ്ങനെ അവ മാറ്റത്തിരുത്തലുകൾക്ക് വിധേയമായി.

ക്വുർആനിൽ മാറ്റത്തിരുത്തലുകൾ സാധ്യമാകില്ലേ? ഇല്ല! ക്വുർആൻ അല്ലാഹു സംരക്ഷിക്കുമെന്നത് അവന്റെ വാഗ്ദാനമാണ്: “തീർച്ചയായും നാമാണിത് ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും” (സൂറതുൽ ഹിജ്ർ: 9).

ക്വുർആൻ മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിക്കപ്പെട്ടതും നേരത്തെ അവതരിച്ച ഗ്രന്ഥങ്ങളുടെ സാരാംശങ്ങൾ ഉൾകൊള്ളുന്നതും അന്ത്യനാൾവരെയുള്ള മനുഷ്യസമൂഹത്തിന് ദിശാബോധം നൽകുന്നതുമായ ഗ്രന്ഥമാകുന്നു. അത് മാനവരാശിയെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നു. ക്വുർആനിലൂടെ അല്ലാഹു തന്നെ വ്യക്തമായി ഇത് പറയുന്നുണ്ട്:

“...മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്” (ക്വുർആൻ: 14:1).

പ്രവാചകന്റെ കാലത്ത് ഈ ഗ്രന്ഥത്തിന്റെ തണലിൽ ഒരു ഉത്തമസമുദായം രൂപപ്പെട്ടു. അവർ ലോകത്തിനുതന്നെ ഒരു മാതൃകയായി. ഇന്നും ലോകത്താകമാനമുള്ള മുസ്‌ലിം സമൂഹങ്ങൾ ഈ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ജീവിതം നയിച്ചുവരുന്നു.

‘ക്വുർആനിന്റെ പ്രതിപാദ്യ വിഷയങ്ങളിലോ, സന്ദേശങ്ങളിലോ, ലക്ഷ്യങ്ങളിലോ ഒന്നും തന്നെ സംശയത്തിന് പഴുതില്ല. എല്ലാം സുവ്യക്തമായ യാഥാർഥ്യങ്ങളാകുന്നു’ എന്നതാണ് ‘അതിൽ സംശയമേയില്ല’ എന്നു പറഞ്ഞതിന്റെ താൽപര്യം. എല്ലാ മനുഷ്യർക്കും അതിന്റെ മാർഗദർശനം പ്രയോജനപ്പെടുകയില്ല; അതിന്റെ മാർഗദർശനം സ്വീകരിക്കുവാനുള്ള സന്മനസ്സും ഉദ്ദേശ്യവുമുള്ളവർക്കല്ലാതെ. അതുകൊണ്ടാണ് ‘സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്’ എന്ന് പറഞ്ഞിരിക്കുന്നത്.

വിശുദ്ധ ക്വുർആൻ സത്യവിശ്വാസികളുടെ മനസ്സിന്റെ കുളിർമയാണ്. അത് പാരായണം ചെയ്യുന്നതിലും മനഃപാഠമാക്കുന്നതിലും അതിന്റെ അർഥവും ആശയവും പഠിക്കുന്നതിലും അവർ അനുഭവിക്കുന്ന അനുഭൂതി ചെറുതല്ല. ■

കവർ സ്റ്റോറി



# മുസ്‌ലിം സമുദായം; വഴിയും വെളിച്ചവും

ടി.കെ അശ്‌റഫ്
: 81118 07199

**ചരിത്രത്തിന്റെ അപകടകരമായ ദശാസന്ധിയിലൂടെയാണ് സമുദായം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഒരുഭാഗത്ത് വാ പിളർന്ന് നിൽക്കുന്ന ഫാഷിസം, മറുഭാഗത്ത് വാതിൽ തുറന്ന് കാത്തിരിക്കുന്ന ലിബറലിസം. കരുത്തും കരുതലും കൈമുതലാക്കി കടന്നുപോകേണ്ട സമയത്ത് കലഹിച്ച് കഴിയേണ്ടവരല്ല മുസ്‌ലിം ഉമ്മത്ത്, എന്ന് പറയാനെങ്കിലും കാഴ്ചപ്പാടും ക്രാന്തദർശിത്വവുമുള്ള നേതൃത്വം അനിവാര്യമാണ്.**

വർത്തമാനകാലത്ത് കലുഷിതമായ ഒരു നാൽക്കവലയിലാണ് മുസ്‌ലിം ഉമ്മത്ത് (സമുദായം) നിലകൊള്ളുന്നത്. ഒരു ഭാഗത്ത് അധികാരമുള്ള ഫാഷിസം; മറു ഭാഗത്ത് കാട്ടുതീപോലെ കത്തിപ്പടരുന്ന ലിബറലിസം. ഈ സാഹചര്യത്തിൽ മുസ്‌ലിം ഉമ്മത്ത് നടന്നുനീങ്ങേണ്ട വഴിയും വെളിച്ചവും കാണിച്ചുകൊടുക്കൽ മുസ്‌ലിം നേതൃത്വത്തിന്റെ സുപ്രധാന ബാധ്യതയാണ്.

ലിബറലിസം എന്ന വിപത്ത് മുസ്‌ലിം സമുദായത്തെ മാത്രം ബാധിക്കുന്ന ഒരു വിഷയമല്ലന്ന് ആദ്യം നാം തിരിച്ചറിയണം. ധാർമികതയും കുടുംബ സംവിധാനവും നിലനിന്നുകാണാൻ ആഗ്രഹിക്കുന്ന സർവ മനുഷ്യരും അഭിമുഖീകരിക്കുന്ന വൻവിപത്താണ് സ്വതന്ത്രതാവാദമെന്നത്.

‘എനിക്ക് 18 വയസ്സായി. എന്റെ കാര്യത്തിൽ ഇനി ആരും ഇടപെടണ്ട. ഞങ്ങളുടെ ക്യാമ്പസിൽ എല്ലാവരും വേഷം ധരിക്കുന്നത് ഇങ്ങനെയാണ്. ഞാനായിട്ട് എന്തിന് മാറിനിൽക്കണം? എന്റെ സ്‌കൂളിൽ എല്ലാവരും മുടിവെട്ടുന്നത് ഇപ്രകാരമാണ്. ഞാൻ മാത്രം മറ്റൊരു രീതി എന്തിന് സ്വീകരിക്കണം?’-പുതിയ തലമുറയുടെ അവകാശവാദങ്ങൾ ഇങ്ങനെയൊക്കെയാണ്!

ക്യാമ്പസ് വരാന്തയിൽ ആൺകുട്ടിയും പെൺകുട്ടിയും പരസ്പരം ആലിംഗനം ചെയ്യുന്നത് ശ്രദ്ധയിൽപെടുന്ന അധ്യാപകൻ അതിനെതിരിൽ പ്രതികരിച്ചാൽ ‘ഞങ്ങൾ ഫ്രന്റ്‌സാണ്. ഞങ്ങൾ എന്തു തെറ്റാണ് ചെയ്തത്? നിങ്ങളുടെ കണ്ണിനാണ് കുഴപ്പം. ഇത് പുതിയ കാലമാണ്...’ തുടങ്ങിയ ചോദ്യങ്ങളും



ന്യായീകരണവും കൊണ്ടാണ് അവർ നേരിടുക.

മക്കളുടെ ഇത്തരത്തിലുള്ള അപഥസഞ്ചാരം രക്ഷിതാക്കൾ കാണാതിരുന്നുകൂടാ. ഇത്തരം പ്രതിസന്ധികളെ മുൻകൂട്ടി മനസ്സിലാക്കി മക്കളെ സുരക്ഷിതമായി വളർത്താൻ ശ്രമിക്കുന്നവരും സ്വതന്ത്രതാവാദത്തിന്റെ അടയാളങ്ങൾ കാണുമ്പോൾ തന്നെ വിവേകപൂർവം ഇടപെട്ട് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നവരും രക്ഷിതാക്കളുകെ കൂട്ടത്തിലുണ്ട്. മക്കൾ ലഹരി റാക്കറ്റിലും പ്രണയക്കുരുക്കിലും അകപ്പെടുമ്പോൾ അവരോട് വിവേകരഹിതമായും പരുഷമായും മർദനത്തിന്റെ ഭാഷയിലും ഇടപെടുന്ന രക്ഷിതാക്കളുമുണ്ട്. മക്കളുടെ ഒളിച്ചോട്ടമോ ആത്മഹത്യയോ ആത്മഹത്യാഭീഷണിയോ അക്രമാസക്തമായ പ്രതികരണമോ ആയിരിക്കും ഇതിന്റെ അന്തിമഫലം.

വേറെയൊരു വിഭാഗം രക്ഷിതാക്കളുണ്ട്. 'മാറിയ കാലമാണ്. ഇതെല്ലാം സ്വാഭാവികമാണ്. മക്കളെ നാം നിയന്ത്രിക്കുന്നത് ശരിയല്ല. അവരെ അവരുടെ പാട്ടിന് വിട്ടേക്കാം' എന്ന നിലപാടിൽ എല്ലാത്തിനോടും കോംപ്രമൈസ് ചെയ്യുന്നവരാണ് ഇക്കൂട്ടർ. ഇത് അപകടകരമായ നിലപാടാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത്രയും കാലം തെറ്റായി കണ്ടിരുന്ന പല കാര്യങ്ങളും നോർമലൈസ് ചെയ്യപ്പെട്ടു കഴിഞ്ഞുവെന്നതാണ് ഈ നിലപാടിന്റെ ഫലമായി സംഭവിച്ചിട്ടുള്ളത്! സ്ത്രീ-പുരുഷ അകലം കുറഞ്ഞിരിക്കുന്നു എന്നത് ഒരു ഉദാഹരണം. സ്കൂളുകളും കോളേജുകളും വിട്ട്, കുട്ടികൾ നടന്നുപോകുന്നതും ബസ് സ്റ്റോപ്പുകളിൽ ബസ് കാത്തുനിൽക്കുന്ന രംഗവും ഒന്നു വീക്ഷിക്കുക. ആൺകുട്ടികളും പെൺകുട്ടികളും യാതൊരു കൂസലുമില്ലാതെ പരസ്പരം കൈകോർത്തും ചുമലിൽ കൈയിട്ടും ഇണകളെപ്പോലെ നടന്നുപോകുന്നതും ഇരിക്കുന്നതും കാണാം. പിരിഞ്ഞുപോകുമ്പോൾ ആലിംഗനം ചെയ്യുന്നതും ചുംബനമർപ്പിക്കുന്നതും കാണാം. ചുറ്റുപാടും ആളുകളുണ്ടെന്നതും അവർ കാണുന്നുണ്ടെന്നതും അവർക്ക് പ്രശ്നമേയല്ല. കാരണം അത് നോർമലൈസ് ചെയ്യപ്പെട്ടിരിക്കുന്നു. സ്വാഭാവികമായ, ആക്ഷേപാർഹമായതല്ലാത്ത ഒന്നായി കുട്ടികൾ അതിനെ കാണാൻ തുടങ്ങിയിരിക്കുന്നു.

പൊതുനിരത്തിലെ ചുംബന സമരം കേരളം കണ്ടതാണ്. പ്രണയികൾക്കായി ഒരു ദിനം; വാലന്റൈൻ ഡേ! അത് അടുത്ത കാലത്താണ് മലയാളികൾ 'ആചരിക്കാൻ' തുടങ്ങിയത്. ഇപ്പോൾ അത്

**ഇത്രയും കാലം തെറ്റായി കണ്ടിരുന്ന പല കാര്യങ്ങളും നോർമലൈസ് ചെയ്യപ്പെട്ടു കഴിഞ്ഞു. സ്ത്രീ-പുരുഷ അകലം കുറഞ്ഞിരിക്കുന്നു എന്നത് ഒരു ഉദാഹരണം. സ്കൂളുകളും കോളേജുകളും വിട്ട്, കുട്ടികൾ നടന്നു പോകുന്നതും ബസ് സ്റ്റോപ്പുകളിൽ ബസ് കാത്തുനിൽക്കുന്ന രംഗവും ഒന്നു വീക്ഷിക്കുക. ആൺകുട്ടികളും പെൺകുട്ടികളും യാതൊരു കൂടലുമില്ലാതെ പരസ്പരം കൈകോർത്തും ചുമലിൽ കൈയിട്ടും ഇണകളെപ്പോലെ നടന്നുപോകുന്നതും ഇരിക്കുന്നതും കാണാം. പിരിഞ്ഞുപോകുമ്പോൾ ആലിംഗനം ചെയ്യുന്നതും ചുംബനമർപ്പിക്കുന്നതും കാണാം. ചുറ്റുപാടും ആളുകളുണ്ടെന്നതും അവർ കാണുന്നുണ്ടെന്നതും അവർക്ക് പ്രശ്നമേയല്ല. കാരണം അത് നോർമലൈസ് ചെയ്യപ്പെട്ടിരിക്കുന്നു. സ്വാഭാവികമായ, ആക്ഷേപാർഹമായതല്ലാത്ത ഒന്നായി കുട്ടികൾ അതിനെ കാണാൻ തുടങ്ങിയിരിക്കുന്നു.**



പരസ്യമായ ആലിംഗനത്തിന്റെയും പ്രേമ പ്രകടനത്തിന്റെയും ദിനമായി മാറിയിരിക്കുന്നു.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനു മുന്നിലെ ബസ്‌സ്റ്റോപ്പിൽ, ആൺകുട്ടികളുടെ മടിയിൽ പെൺകുട്ടികൾ ഇരുന്ന് പ്രതിഷേധിക്കുന്ന ദൃശ്യം സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിക്കുകയും അതിന് പിന്തുണയുമായി ജനപ്രതിനിധികൾ ഓടിയെത്തിയതും നാം കണ്ടതാണ്. ഇന്നലെവരെ തെറ്റായിക്കണ്ടിരുന്ന പലതും നമ്മുടെ നാട്ടിൽ നോർമലൈസ് ചെയ്യപ്പെട്ടതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ് ഇതെല്ലാം.

ഇനിയും നോക്കുക. ഡിജെ പാർട്ടികൾ സർവസാധാരണയായി മാറിക്കഴിഞ്ഞു. സ്ത്രീകളും പുരുഷന്മാരും കൂടിക്കലർന്ന് നൃത്തം ചെയ്യാനും ലഹരി ഉപയോഗിക്കാനുമുള്ള അവസരമാണ് ഇത് തുറന്നുനൽകുന്നത്.

വിവാഹത്തലേന്ന് ബ്യൂട്ടിപാർലറുകൾക്ക് മുന്നിൽ കുടുംബസമേതം വരിനിൽക്കുന്ന പ്രവണത മുസ്‌ലിം സമുദായത്തിൽ പോലും വർധിച്ചുവരികയാണ്. ലക്ഷങ്ങളാണ് ഇതിനായി പൊടിച്ചുകൊണ്ടിരിക്കുന്നത്. ഇതൊന്നും യാദൃച്ഛികമായി സംഭവിക്കുന്നതല്ലായെന്ന് നാം അറിയണം.

പാശ്ചാത്യൻ ലോകക്രമത്തിലേക്ക് നമ്മുടെ സാമൂഹികഘടനയെ മാറ്റാൻ ബോധപൂർവമായ ചില ശ്രമങ്ങൾ ഇവിടെ നടന്നിട്ടുണ്ട്; നടക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സാമൂഹ്യമാധ്യമങ്ങൾ ഇതിന് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്.

സാമൂഹികഘടന തകർക്കാൻ കുടുംബസംവിധാനത്തെ തകർത്താൽ മതി. കുടുംബസംവിധാനത്തെ തകർക്കാൻ അതിന്റെ കവാടമായ വിവാഹമെന്ന കർമത്തെ ഇല്ലാതാക്കേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നുണ്ട്.

ഹെറ്ററോ നോർമേറ്റിവിറ്റി അഥവാ എതിർവർഗ ലൈംഗികസ്വാഭാവികതാബോധത്തെ തകർത്തുകൊണ്ട്, LGBTQIA ++ എന്ന ഹോമോസെക്ഷ്വാലിറ്റിയിലേക്ക്, അഥവാ സ്വവർഗ ലൈംഗികതയിലേക്ക് വിവാഹമെന്ന കാഴ്ചപ്പാടിനെ പറിച്ചുനടുവാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ അധാർമികതയ്ക്ക് സമൂഹം പാകമാകാൻ ഏക തടസ്സം മതവും അതിന്റെ ധാർമികമായ അതിർവരമ്പുകളുമാണ്. മതനിഷേധവും നിരീശ്വരവാദവും നേർക്കുനേരെ പ്രചരിപ്പിച്ചാൽ വലിയ സ്വീകാര്യത സമുദായത്തിൽ കിട്ടില്ലെന്ന് അവർക്ക് നന്നായി അറിയാം. അതിനാൽ കൗമാര പ്രായക്കാരുടെ വികാരങ്ങൾക്ക് തീകൊടുത്ത് തന്റെ സർവ ആഗ്രഹങ്ങളും അതിരുകളില്ലാതെ നടപ്പാക്കാൻ അവസരമൊരുക്കുകയാണ് പുതിയ തന്ത്രം.

അമിതമായ അവകാശബോധവും സ്വതന്ത്രചിന്തയും പുതുതലമുറയിൽ കുത്തിവെച്ച്, മുതിർന്നവരെയും രക്ഷിതാക്കളെയും അധ്യാപകരെയും പ്രതിസ്ഥാനത്ത് നിറുത്തി കൈകാര്യം ചെയ്യുന്നതാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഇതിനുവേണ്ടി കൊണ്ടുവന്ന ആശയങ്ങളാണ് My body my right, Yolo : You only live once, Nihilsm തുടങ്ങിയവ. ഒരു മതരഹിത സമൂഹ സൃഷ്ടിയാണ് ഇവരുടെയൊക്കെ ലക്ഷ്യം!

**ഇരകളിൽ നിന്ന് തന്നെ വേട്ടക്കാരെ കണ്ടെത്തുന്നു!**

‘ലെസ്ബിയൻ’ ജീവിതത്തിന്, അഥവാ സ്ത്രീയും സ്ത്രീയും ഇണകളായി ഒന്നിച്ചു കഴിയാനുള്ള അവകാശത്തിനായി ഈയിടെ കോടതിയിൽനിന്ന് വിധി വാങ്ങിയത് മുസ്‌ലിം സമുദായത്തിലെ രണ്ട് പെൺകുട്ടികളാണ്. മുസ്‌ലിം മാനേജ്‌മെന്റുകൾ നടത്തുന്ന സ്ഥാപനങ്ങളിൽവരെ ലിബറൽ വാദികളെ കൊണ്ടുവന്ന് അപകടകരമായ ജെന്റർ തിയറികൾ പഠിപ്പിക്കാൻ അവസരമൊരുക്കിക്കൊടുക്കുന്ന സ്ഥാപന മേധാവികളും ജീവനക്കാരും എങ്ങനെയുണ്ടായി എന്ന് സമുദായം ചിന്തിക്കണം.

സദുദ്ദേശ്യത്തോടെ മുൻഗാമികൾ പടുത്തുയർത്തിയ സ്ഥാപനങ്ങൾക്കകത്ത് അടച്ചിട്ട ഹാളുകളിൽ മങ്ങിയ വെളിച്ചത്തിൽ ആണും പെണ്ണും അഴിഞ്ഞാടുന്ന ഡിജെ പാർട്ടികൾ സംഘടിപ്പിക്കുമ്പോൾ ‘ചീ’ എന്ന് പറയാൻ സാധിക്കാത്ത സാഹചര്യം അവിചാരിതമായി സംഭവിച്ചതാണെന്ന് തോന്നുന്നുണ്ടോ? ഒരിക്കലുമല്ല! ഇതിനെയൊക്കെ വിമർശിച്ചാൽ ഞാൻ പ്രാകൃതനായി മുദ്രയടിക്കപ്പെടുമോ എന്ന പൊതുബോധ നിർമിതിയിൽ, ചിന്തയും ബുദ്ധിയും ഉണ്ടെന്ന് പറയുന്ന പലരും പെട്ടുപോയി എന്നതാണ് വസ്തുത.

പലരെയും ഈ മിഥ്യാബോധം സ്വാധീനിച്ചു കഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയ നേതാക്കൾ, സാമൂഹിക പ്രവർത്തകർ, മാധ്യമമേഖലയിലുള്ളവർ, സ്ഥാപനമേധാവികൾ, സമുദായ-രാഷ്ട്രീയ പാർട്ടികൾ, സമുദായ സംഘടനകൾ, വിദ്യാർഥി-യുവജന സംഘടനാ സാരഥികൾ, എന്തി

> **പാശ്ചാത്യൻ ലോകക്രമത്തിലേക്ക് നമ്മുടെ സാമൂഹികഘടനയെ മാറ്റാൻ ബോധപൂർവമായ ചില ശ്രമങ്ങൾ ഇവിടെ നടന്നിട്ടുണ്ട്; നടക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സാമൂഹ്യമാധ്യമങ്ങൾ ഇതിന് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. സാമൂഹികഘടന തകർക്കാൻ കുടുംബസംവിധാനത്തെ തകർത്താൽ മതി. കുടുംബസംവിധാനത്തെ തകർക്കാൻ അതിന്റെ കവാടമായ വിവാഹമെന്ന കർമത്തെ ഇല്ലാതാക്കേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നുണ്ട്.**

നധികം മതസംഘടനകളെവരെ വലുതും ചെറുതുമായ അളവിൽ ഈ അപകർഷതാബോധം പിടികൂടിയിട്ടുണ്ട്.

**ലജ്ജയില്ലായ്മ പുരോഗമനത്തിന്റെ അടയാളമോ?**

'തലതിരിഞ്ഞ പുരോഗമന' ചിന്തകളെ വിമർശിച്ചാൽ അവരെ അനുഷ്ഠാന തീവ്രതയുള്ളവരായി ചിത്രീകരിക്കാൻ വൈകുന്നേരം ചാനൽ ചർച്ചയിൽ സമുദായത്തിനുള്ളിലുള്ളവർ തന്നെ മത്സരിക്കുന്നത് സ്ഥിരം കാഴ്ചയായി മാറിയിരിക്കുന്നു.

പ്രത്യക്ഷത്തിൽ പുരോഗമനം എന്ന് തോന്നിപ്പിക്കുന്ന പദാവലികൾക്കുള്ളിൽ സ്വതന്ത്രതാവാദത്തെയും മതനിരാസത്തെയും ഒളിച്ചുകടത്താനാണ് ഇവിടെ ശ്രമങ്ങൾ നടക്കുന്നത്. അതിരുകളില്ലാത്ത ലോകം എന്ന പേരിൽ പുതുതലമുറയുടെ ലജ്ജാബോധത്തെ അശേഷം ഇല്ലാതെയാക്കി എല്ലാ ലൈംഗിക വൈകൃതങ്ങളെയും മഹത്ത്വവത്കരിക്കുന്ന കാമ്പയിൻ ചില വിദ്യാർഥി സംഘടനകൾ തുടങ്ങിയിട്ട് നാളേറെയായി. നടുറോട്ടിൽ മൃഗങ്ങൾ തമ്മിൽ രമിക്കുന്നതിന്റെ ഫോട്ടോ കാണിച്ച് അതുപോലെയാകാൻ കുട്ടികളോട് ആഹ്വാനം ചെയ്യുന്നത് നാം കാണേണ്ടി വന്നു. ആണും പെണ്ണും കൂടിക്കലർന്ന് മദ്യപിക്കുന്ന ഫോട്ടോ ഉയർത്തിയുള്ള പോസ്റ്ററുകൾ ക്യാമ്പസുകളിൽ ഉയർന്നു! 'ആഗോള സ്വയംഭോഗ ദിനം' വരെ കേരളത്തിലെ കാമ്പസുകളിൽ ആഘോഷിച്ച് ലജ്ജയില്ലായ്മ പ്രകടമാക്കി! ധാർമിക ബോധമുള്ളവർക്ക് തല താഴ്ത്തിപ്പിടിച്ചല്ലാതെ ചില ക്യാമ്പസ് വരാന്തകളിലൂടെ നടക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായി.

സദുദ്ദേശ്യത്തോടെ മുൻഗാമികൾ പടുത്തുയർത്തിയ സ്ഥാപനങ്ങൾക്കകത്ത് അടച്ചിട്ട ഹാളുകളിൽ മങ്ങിയ വെളിച്ചത്തിൽ ആണും പെണ്ണും അഴിഞ്ഞാടുന്ന ഡിജെ പാർട്ടികൾ സംഘടിപ്പിക്കുമ്പോൾ 'ഛീ' എന്ന് പറയാൻ സാധിക്കാത്ത സാഹചര്യം അവിചാരിതമായി സംഭവിച്ചതാണെന്ന് തോന്നുന്നുണ്ടോ? ഒരിക്കലുമല്ല! ഇതിനെയൊക്കെ വിമർശിച്ചാൽ ഞാൻ പ്രാകൃതനായി മുദ്രയടിക്കപ്പെടുമോ എന്ന പൊതുബോധ നിർമിതിയിൽ, ചിന്തയും ബുദ്ധിയും ഉണ്ടെന്ന് പറയുന്ന പലരും പെട്ടുപോയി എന്നതാണ് വസ്തുത. പലരെയും ഈ മിഥ്യാബോധം സ്വാധീനിച്ചു കഴിഞ്ഞിരിക്കുന്നു. എന്തിനധികം മതസംഘടനകളെവരെ വലുതും ചെറുതുമായ അളവിൽ ഈ അപകർഷതാബോധം പിടികൂടിയിട്ടുണ്ട്.

**ഭരണകൂടത്തിന്റെ പിന്തുണ!**

നമ്മുടെ സിസ്റ്റംതന്നെ വിവിധ സർക്കാർ ഏജൻസികളിലൂടെ ഈ സംസ്കാരം പ്രമോട്ടു ചെയ്യുന്നുവെന്നത് ഏറെ ഗൗരവമുള്ള കാര്യമാണ്. 2017 മുതൽ കുടുംബശ്രീയിലൂടെ ഇതിന് ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശിശുക്ഷേമ സമിതിയെ ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. എൻ.എസ്.എസ് ക്യാമ്പുകളിൽ 'സമദർശൻ' എന്ന പരിപാടിയിലൂടെ വ്യാപകമായി ഇത് കുത്തിവെക്കുന്നുണ്ട്. പാഠ്യപദ്ധതിയിൽ 'ജെന്റർ സാമൂഹിക നിർമിതിയാണ്' എന്ന ആശയം കൊണ്ടുവരികയും വമ്പിച്ച പ്രതിഷേധങ്ങൾ ഉയരുകയും ചെയ്തപ്പോഴും അത് സർക്കാറിന്റെ നയമാണെന്ന് നിയമസഭയിൽ എഴുതി വായിച്ച മറുപടിയിൽ മന്ത്രി വ്യക്തമാക്കുകയും ചെയ്ത സാഹചര്യത്തിലാണ് നാം ഇപ്പോഴുമുള്ളത് എന്ന കാര്യം ഓർക്കണം.

ചിലർ വിചാരിച്ചത്, ഇതിൽ നിന്നെല്ലാം സർക്കാർ പിന്നോട്ടു പോയിട്ടുണ്ട് എന്നാണ്. വിഷയമറിയാത്ത ചില മാധ്യമപ്രവർത്തകർ അങ്ങനെ വാർത്തകൾ നൽകുകയും ചെയ്യുന്നുണ്ട്. അത് വായിച്ച് തെറ്റുധരിച്ച് സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്യാൻ തിരക്ക് കൂട്ടുന്നവരാകരുത് മുസ്‌ലിം നേതൃത്വങ്ങൾ. ഈ വിഷയങ്ങളെല്ലാം പരിഹരിച്ചുവെന്ന് സമാധാനിക്കുന്നവരാകരുത് നമ്മുടെ ജനപ്രതിനിധികൾ; വിശിഷ്യാ സമുദായ-രാഷ്ട്രീയ നേതൃത്വങ്ങൾ.

ജെന്റർ സാമൂഹിക നിർമിതിയാണെന്നും, ലിംഗസമത്വം



കൊണ്ടുവരുമെന്നും, സ്കൂളുകളെ ജെന്റർ ഓഡിറ്റിംഗിന് വിധേയമാക്കുമെന്നും, ഇന്നലെകളിലെ ആൺ-പെൺ കാഴ്ചപ്പാട് വിമർശനാത്മകമായി വിലയിരുത്തുമെന്നും, വിദ്യാർഥികളിൽ യുക്തിചിന്ത വളർത്തണമെന്നും, ജെന്റർന്യൂട്രൽ സമീപനം ഉണ്ടാകണമെന്നുമൊക്കെയുള്ള ആശയങ്ങൾ പാഠ്യപദ്ധതിയിൽ അവശേഷിക്കുന്നിടത്തോളം കാലം മിക്സ്ഡ് ബെഞ്ച്, മിക്സഡ് ഹോസ്റ്റൽ, ജെന്റർ ന്യൂട്രൽ യൂണിഫോം എന്നിവ ഉണ്ടാകില്ലെന്ന് പറയുന്നതിൽ യാതൊരു അർഥവുമില്ല. തികഞ്ഞ കബളിപ്പിക്കലാണത്. ജെന്റർ ന്യൂട്രൽ എന്നത് ഒരു യൂണിഫോം പ്രശ്നം മാത്രമല്ല; സാമൂഹിക ഘടനയിൽ വരുത്താൻ ഉദ്ദേശിക്കുന്ന അപകടകരമായ മാറ്റമാണ്. അത് കേരളത്തിലെ ഒറ്റപ്പെട്ട കാര്യമല്ല; ആഗോളതലത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ഇത് പ്രാവർത്തികമാക്കിക്കഴിഞ്ഞാൽ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഏറെ സംഭവിച്ച ശേഷം പഴയതിലേക്കുതന്നെ തിരിച്ചുപോകേണ്ടി വരും. അപ്പോഴേക്കും ഒന്നോ അതിലധികമോ തലമുറകൾ ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചിരിക്കുമെന്ന് നാം അറിയണം. 'ഫാസിസം വരുന്നുണ്ടേ' എന്ന് വിളിച്ചുപറഞ്ഞു ലിബറലിസത്തിന്റെയും മതനിരാസത്തിന്റെയും പടുകുഴിയിലേക്ക് സമുദായമക്കളെ തള്ളിയിടാനുള്ള ശ്രമങ്ങളെ നമുക്ക് തിരിച്ചറിഞ്ഞു പ്രതിരോധിക്കാനാവണം.

**എങ്ങനെ പ്രതിരോധിക്കും?**

പുതുതലമുറയെ നാശത്തിലേക്ക് ആഴ്ത്തിക്കളയുന്ന ഈ അപകടകരമായ ചിന്താഗതികളെയും സാഹചര്യത്തെയും നേരിടാൻ എന്താണ് മാർഗം? നമ്മുടെ വീടകങ്ങളിലേക്ക് സ്വതന്ത്രതാവാദം കടന്നുവരുന്നതിന്റെ ലക്ഷണങ്ങൾ അറിയുകയെന്നതാണ് ആദ്യം വേണ്ടത്. കുട്ടികൾ വീട്ടുകാരിൽ നിന്ന് പരമാവധി അകലാൻ ശ്രമിക്കുക, സൗന്ദര്യവർധക വസ്തുക്കളുടെ ഉപയോഗം അവരിൽ വർധിക്കുക, വിദ്യാലയങ്ങളിലേക്ക് പോലും ബാഗിൽ കോസ്മെറ്റിക്സ് സാധനങ്ങൾ കൊണ്ടുപോകുന്ന പ്രവണതയുണ്ടാവുക, ആഘോഷങ്ങളോട് അതിരില്ലാത്ത ത്വര പ്രകടമാവുക, അമിതമായ ഫോൺ ഉപയോഗം, സമപ്രായക്കാരൊത്ത് ഇടയ്ക്കിടെയുള്ള ടൂറുകളും വിരുന്നുകളും, കുടുംബത്തിൽ സമയം ചെലവഴിക്കാൻ വിമുഖത കാണിക്കൽ, രാത്രിയുള്ള യാത്രകളും കറക്കങ്ങളും പതിവാക്കുക, ആൺ-പെൺ അതിരുകളില്ലാത്ത സൗഹൃദത്തെ നോർമലൈസ് ചെയ്യുക, LGBTQIA ++ ചിഹ്നമായ മഴവിൽ പതാക ബെഡ് റൂമിലും വാഹനത്തിലും മറ്റും ഒട്ടിച്ചുവെക്കുക, അതിന്റെ pride month എന്ന ആഘോഷത്തിൽ ആവേശപൂവം പങ്കെടുക്കുക തുടങ്ങിയവയെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്.

ഈ ആശയത്തിന്റെ പര്യവസാനം എന്താകുമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അപ്പോഴാണ് അതിന്റെ ഗൗരവം മനസ്സിലാവുക. ചില കാര്യങ്ങൾ പറയാം:

1) മൃഗങ്ങളായി വരെ ഐഡന്റിഫൈ ചെയ്യുന്ന സാഹചര്യം സംജാതമാകും. (പാശ്ചാത്യ നാടുകളിൽ ആയിരങ്ങൾ അങ്ങനെ ആയിക്കഴിഞ്ഞു).
2) മൃഗരതിയും ശവഭോഗവും ബന്ധുഭോഗവുംവരെ ന്യായീകരിക്കപ്പെടും.
3) ജെന്റർ നോൺ കൺഫോമിങ് ആയ (ആണോ പെണ്ണോ എന്ന് സ്വയം ഉറപ്പുവരാത്ത) തലമുറ ഉണ്ടാകും.
4) ആൺ-പെൺ വ്യത്യാസമില്ലാത്ത പൊതു ഇടങ്ങൾ വരുന്നതോടെ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പേരിൽ കൊണ്ടുവന്ന ഇതേ ആശയം സ്ത്രീയുടെ സുരക്ഷിതത്വത്തിനു തന്നെ ഭീഷണിയാകും.
5) സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതു സ്ഥലങ്ങളിൽ വെവ്വേറെ ടോയ്‌ലറ്റുകൾ ഇല്ലാതാകും.
6) ഹോസ്റ്റൽ റൂമുകൾ മിക്സഡ് ആയി മാറും.
7) കായികമത്സരങ്ങൾ ഒന്നാകു

**പുതുതലമുറയെ നാശത്തിലേക്ക് ആഴ്ത്തിക്കളയുന്ന അപകടകരമായ ചിന്താഗതികളെയുംസാഹചര്യത്തെയും നേരിടാൻ എന്താണ് മാർഗം? നമ്മുടെ വീടകങ്ങളിലേക്ക് സ്വതന്ത്രതാവാദം കടന്നുവരുന്നതിന്റെ ലക്ഷണങ്ങൾ അറിയുകയെന്നതാണ് ആദ്യം വേണ്ടത്. കുട്ടികൾ വീട്ടുകാരിൽനിന്ന് പരമാവധി അകലാൻ ശ്രമിക്കുക, സൗന്ദര്യവർധക വസ്തുക്കളുടെ ഉപയോഗം അവരിൽ വർധിക്കുക, വിദ്യാലയങ്ങളിലേക്ക് പോലും ബാഗിൽ കോസ്മെറ്റിക്സ് സാധനങ്ങൾ കൊണ്ടുപോകുന്ന പ്രവണതയുണ്ടാവുക, ആഘോഷങ്ങളോട് അതിരില്ലാത്ത ത്വര പ്രകടമാവുക, അമിതമായ ഫോൺ ഉപയോഗം, സമപ്രായക്കാരൊത്ത് ഇടയ്ക്കിടെയുള്ള ടൂറുകളും വിരുന്നുകളും, കുടുംബത്തിൽ സമയം ചെലവഴിക്കാൻ വിമുഖത കാണിക്കൽ, രാത്രിയുള്ള യാത്രകളും കറക്കങ്ങളും പതിവാക്കുക, ആൺ-പെൺ അതിരുകളില്ലാത്ത സൗഹൃദത്തെ നോർമലൈസ് ചെയ്യുക, LGBTQIA ++ ചിഹ്നമായ മഴവിൽ പതാക ബെഡ് റൂമിലും വാഹനത്തിലും മറ്റും ഒട്ടിച്ചുവെക്കുക, അതിന്റെ pride month എന്ന ആഘോഷത്തിൽ ആവേശപൂവം പങ്കെടുക്കുക തുടങ്ങിയവയെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്.**

ന്നതോടെ സ്ത്രീകൾ പിന്തള്ളപ്പെടും.

8) എല്ലായിടത്തും സ്ത്രീകളുടെ റിസർവേഷൻ എടുത്തുകളയും.

താൻ സ്ത്രീയാണെന്ന് സ്വയം പ്രഖ്യാപിച്ച പുരുഷനായ ഒരു കുറ്റവാളിയെ സ്ത്രീകളുടെ സെല്ലിൽ പാർപ്പിച്ച ശേഷം മാസങ്ങൾ പിന്നിട്ടപ്പോൾ 3 സ്ത്രീകൾ ഗർഭിണികളായ വാർത്ത ഇതിനോട് ചേർത്തു വായിക്കുക.

ജാതിമത ഭേദമന്യെ എല്ലാവരും രംഗത്തിറങ്ങുകയും സ്വന്തം സമുദായാംഗങ്ങളെ ഇതിനെതിരെ ബോധവത്കരിക്കുകയും ചെയ്യുക എന്നതാണ് ഒരു പരിഹാര മാർഗം. ഈ വിഷയത്തിന്റെ അപകടം പഠിക്കുകയും പഠിപ്പിക്കുകയും വേണം. ഇതിനെതിരെ പറയുന്നതിലുള്ള അപകർഷബോധം ഒഴിവാക്കണം. മുസ്‌ലിം സമുദായം മദ്റസകളിലെ പാഠ്യപദ്ധതിയിൽ ജെന്റർ സംബന്ധിച്ച ഇസ്‌ലാമിക പാഠങ്ങൾ പഠിപ്പിക്കാൻ പാകത്തിൽ സിലബസ് പരിഷ്കരിക്കണം. ആൺകുട്ടികളെ ആൺകുട്ടികളും പെൺകുട്ടികളെ പെൺകുട്ടികളുമായിത്തന്നെ വളർത്തണം. തലമുടിയിലും വേഷത്തിലും കളിപ്പാട്ടത്തിലുംവരെ സ്വത്വബോധം നിലനിർത്തണം.

**മുസ്‌ലിം സമുദായത്തോട്**

യു.കെ അടക്കമുള്ള പാശ്ചാത്യൻ നാടുകളിലേക്കും ബാംഗ്ലൂർ പോലുള്ള സിറ്റികളിലേക്കും ഉന്നതപഠനത്തിനായി പറഞ്ഞയച്ച കുട്ടികൾ ആഴ്ചതോറുമുള്ള മലയാള ഖുത്വുബകൾ കേൾക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇത്തരം വെല്ലുവിളികളെ തുറന്നുകാണിക്കുന്ന ആനുകാലികങ്ങൾ, എഴുത്തുകൾ, പുസ്തകങ്ങൾ എന്നിവ വായിക്കാൻ അവരെ പ്രേരിപ്പിക്കണം. ബോധവത്ക്കരണ പ്രോഗ്രാമുകൾ, ക്ലാസ്സുകൾ, എന്നിവ കേൾക്കുവാൻ നിർബന്ധിക്കണം.

മുസ്‌ലിം സംഘടനകൾ വിശിഷ്യാ അവരുടെ വിദ്യാർഥി-യുവജന ഘടകങ്ങൾ ഈ വിഷയങ്ങളിൽ ഉൾക്കാഴ്ച നൽകുന്ന ക്ലാസ്സുകളും കാമ്പയ്നുകളും സംഘടിപ്പിക്കണം. സമുദായ രാഷ്ട്രീയ സംഘടനകൾ-പ്രത്യേകിച്ച് അവരുടെ യുവജന വിദ്യാർഥി ഘടകങ്ങൾ- ആത്മാഭിമാനത്തോടെ ഈ വിഷയത്തെ അഡ്രസ്സ് ചെയ്യാൻ തയ്യാറാവണം. മുസ്‌ലിം കോ-ഓർഡിനേഷൻ സമിതി ഈ വിഷയത്തിൽ ഒന്നിച്ചും സംഘടനകൾ ഒറ്റയ്ക്കും പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കണം. ഭാഗികമായി മാത്രം ഈ വിഷയം മനസ്സിലാക്കി ചാനലുകളിലും മറ്റും ചർച്ചയിൽ പങ്കെടുക്കുന്നവർ ഗുണത്തെക്കാളേറെ ദോഷമാണ് വരുത്തിവെക്കുക എന്ന് തിരിച്ചറിയണം.

ഇതൊക്കെ പറയുമ്പോൾ പ്രാകൃതരെന്നും ആറാം നൂറ്റാണ്ടിൽനിന്ന് ഇനിയും ബസ് കിട്ടാത്തവരെന്നുമൊക്കെയുള്ള ആക്ഷേപവും പരിഹാസവുമുയർന്നേക്കാം. അവരോട് നമുക്ക് ഇതേ പറയാനുള്ളൂ; നിങ്ങൾ ഈ പറയുന്നതാണ് 'പുരോഗമനം' എങ്കിൽ ഈ കാലത്ത് ഞങ്ങൾ 'പ്രാകൃതരായി' അറിയപ്പെടാനാണ് ആഗ്രഹിക്കുന്നത്. പെണ്ണ് ആൺവേഷം കെട്ടി ഗർഭിണിയാവുകയും പ്രസവിക്കുകയും ചെയ്താൽ 'ആണ് പ്രസവിച്ചേ' എന്ന് യാതൊരു തത്ത്വദീക്ഷയുമില്ലാതെ പ്രചരിപ്പിക്കുകയും അത് ആഘോഷമാക്കി മാറ്റുകയും ചെയ്യുന്നതിന്റെ പേരാണ് പുരോഗമനമെങ്കിൽ നാം പ്രാകൃതരായി അറിയപ്പെടാനാണ് ഈ കാലത്ത് ആഗ്രഹിക്കുന്നത്. ഇത്തരം സംഭവങ്ങൾക്ക് പിന്തുണയുമായി വന്ന്, ഫെയ്സ്ബുക്കിലും ട്വിറ്ററിലുമൊക്കെ ഇതിനെ 'ചരിത്ര സംഭവ'മാക്കി കൊട്ടിഘോഷിക്കുന്ന ചില മന്ത്രിമാരും പൊതുപ്രവർത്തകരും അവതരിപ്പിക്കുന്ന ആശയങ്ങളാണ് പുരോഗമനമെങ്കിൽ നാം പ്രാകൃതരായി അറിയപ്പെടാനാണ് ആഗ്രഹിക്കുന്നത്.



രാവിലെ ഞാൻ ആണാണെന്ന് പറയുക. വൈകുന്നേരം പെണ്ണായി ഐഡന്റിഫൈ ചെയ്യുക. അടുത്ത ദിവസം താൻ ആണാണോ പെണ്ണാണോ എന്ന് തീരുമാനിച്ചിട്ടില്ലെന്ന് പ്രഖ്യാപിക്കുക, ഇതെല്ലാം അംഗീകരിക്കാത്തവരെ പുരോഗമനം തിരിയാത്തവരായി, തലയിൽ വെളിച്ചം കത്താത്തവരായി മുദ്രകുത്തുന്നതാണ് പുരോഗമനമെങ്കിൽ അത്തരം പുരോഗമനം തിരിയാത്തവരായി അറിയപ്പെടാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

മനസ്സിനനുസരിച്ച് ശരീരത്തെ മാറ്റാൻ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയിട്ട്, നിൽക്കാനും നടക്കാനും മൂത്രമൊഴിക്കാൻ പോലും കഴിയാതെ നരകിക്കുന്നവരുടെ എണ്ണം നാട്ടിൽ വർധിക്കുകയാണ്. അത്തരം നിലപാട് ശരിയല്ലെന്ന് പറയുന്നതിനെയാണ് പ്രാകൃതമെന്ന് നിങ്ങൾ വിശേഷിപ്പിക്കുന്നതെങ്കിൽ ഞങ്ങൾ നിങ്ങൾ പറയുന്ന പ്രാകൃതരായി അറിയപ്പെടാനാണ് ആഗ്രഹിക്കുന്നത്. നിങ്ങൾ പറയുന്ന മനുഷ്യത്വരഹിതവും അധാർമികതയിലധിഷ്ഠിതവുമായ പുരോഗമനം ഞങ്ങൾക്ക് വേണ്ട.

**(അവസാനിച്ചില്ല)**



25

# നമ്മുടെ രാജ്യത്തെ കോടതികള്‍

അബൂആദം അയ്മന്‍

**ക്രിമിനല്‍ കോടതികള്‍**

ക്രിമിനല്‍ കേസുകള്‍ വിചാരണ ചെയ്ത് തീര്‍പ്പുകല്‍പിക്കുന്ന കോടതികളാണ് ക്രിമിനല്‍ കോടതികള്‍, ജുഡീഷ്യല്‍ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി, ചീഫ് ജുഡീഷ്യല്‍ മജിസ്ട്രേറ്റ് കോടതി, അസിസ്റ്റന്റ് സെഷന്‍സ് കോടതി, സെഷന്‍സ് കോടതി എന്നിവയാണ് പ്രസ്തുത കോടതികള്‍. ഹൈക്കോടതിയും സുപ്രീം കോടതിയും ക്രിമിനല്‍ അപ്പീല്‍ കേസുകളും കേള്‍ക്കുന്നതായിരിക്കും.

ജുഡീഷ്യല്‍ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന് മൂന്നുവര്‍ഷംവരെയുള്ള തടവും 5000 രൂപവരെ പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകള്‍ വിചാരണ ചെയ്യാവുന്നതാണ്. ചീഫ് ജുഡീഷ്യല്‍ മജിസ്ട്രേറ്റിന് ഏഴു വര്‍ഷം വരെയുള്ള തടവും പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകള്‍ വിചാരണ ചെയ്യാവുന്നതായിരിക്കും. പിഴസംഖ്യയുടെ കാര്യത്തില്‍ പരിധി നിശ്ചയിച്ചിട്ടില്ല. അസിസ്റ്റന്റ് സെഷന്‍സ് ജഡ്ജിക്ക് പത്തുവര്‍ഷം വരെയുള്ള തടവും പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകളും, സെഷന്‍സ് ജഡ്ജിക്ക് വധശിക്ഷയോ ജീവപര്യന്തം തടവോ ഒപ്പം പിഴശിക്ഷകൂടിയോ വിധിക്കാവുന്ന കേസുകളും വിചാരണ ചെയ്യാവുന്നതാണ്. എന്നാല്‍ സെഷന്‍സ് കോടതിയുടെ വിധിപ്രകാരമുള്ള വധശിക്ഷ നടപ്പിലാക്കണമെങ്കില്‍, ആ വിധിക്ക് ഹൈക്കോടതിയുടെ സ്ഥിരീകരണം ലഭിച്ചിരിക്കേണ്ടതുണ്ട്.

ജുഡീഷ്യല്‍ മജിസ്ട്രേറ്റ് കോടതികളുടെ വിധികളിന്മേലും അസിസ്റ്റന്റ് സെഷന്‍സ് കോടതികളുടെ ചില വിധികളിന്മേലുമുള്ള അപ്പീലുകള്‍ കേള്‍ക്കുന്നതിനും സെഷന്‍സ് ജഡ്ജിമാര്‍ക്ക് അധികാരമുണ്ടായിരിക്കും. സെഷന്‍സ് കോടതി വിധികളിന്മേലുള്ള അപ്പീലുകള്‍ ഹൈക്കോടതിയും ഹൈക്കോടതി വിധികളിന്മേലുള്ള അപ്പീലുകള്‍ സുപ്രിം കോടതിയുമായിരിക്കും കേള്‍ക്കുക. ക്രിമിനല്‍ കേസുകള്‍ കേള്‍ക്കുന്ന ഏതു കോടതിയിലും പരാതിക്കാരനു(complainant) വേണ്ടി ഹാജരാകുന്നത് ഗവണ്മെന്റിന്റെ അഭിഭാഷകനും പബ്ലിക്ക് പ്രോസിക്യൂട്ടറും, പ്രതിക്കു(accused) വേണ്ടി ഹാജരാകുന്നത് പ്രതിയുടെ അഭിഭാഷകനുമായിരിക്കും. ഇരുഭാഗവും യഥാക്രമം പ്രോസിക്യൂഷന്‍ ഭാഗമെന്നും പ്രതിഭാഗമെന്നും അറിയപ്പെടും.

ക്രിമിനല്‍ കേസുകളില്‍ പരാതികളും പൊലീസിന്റെ റിപ്പോര്‍ട്ടും ജുഡീഷ്യല്‍ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റുമുമ്പാകെയാണ് ഹാജരാക്കേണ്ടത്. കോടതിയില്‍ പ്രതി ഹാജരാകുകയോ, പൊലീസ് പ്രതിയെ കോടതിയില്‍ ഹാജരാക്കുകയോ ചെയ്യുമ്പോള്‍, കേസ് സെഷന്‍സ് കോടതി വിചാരണ ചെയ്യേണ്ടതാണോ എന്ന് മജിസ്ട്രേറ്റിന് ബോധ്യപ്പെടേണ്ടതുണ്ട്. സെഷന്‍സ് കോടതി വിചാരണചെയ്യേണ്ട കേസ് ആണെങ്കില്‍, മജിസ്ട്രേറ്റ് ഹാജരാക്കപ്പെട്ടിട്ടുള്ള എല്ലാ രേഖകളും സഹിതം, കേസ് ആ കോടതിയിലേക്ക് അയക്കുന്നു. മജിസ്ട്രേറ്റിന്റെ ഈ നടപടിക്ക് 'കേസ് സെഷന്‍സില്‍ കമ്മിറ്റ് (commit) ചെയ്യുക' എന്നാണ് പറയപ്പെടുക. ഇവയില്‍ അസിസ്റ്റന്റ് സെഷന്‍സ് കോടതിക്ക് വിചാരണ ചെയ്യാവുന്ന കേസുകള്‍ സെഷന്‍ കോടതി ആ കോടതിയെ ഏല്‍പിക്കുന്നതായിരിക്കും.

സിവില്‍ കേസുകളുടെ വിചാരണകാര്യത്തിലെന്നതുപോലെ ക്രിമിനല്‍ കേസുകളുടെ വിചാരണ കാര്യത്തിലും ചില നിയമവിലക്കുകളുണ്ട്. കാലഹരണം (limitation) ആണ് ഒരു നിയമവിലക്ക്. പിഴശിക്ഷ മാത്രം നല്‍കാവുന്ന കേസുകള്‍ കുറ്റംനടന്ന് ആറുമാസത്തിനകവും, ഒരു വര്‍ഷംവരെ തടവുശിക്ഷ നല്‍കാവുന്ന കേസുകള്‍ കുറ്റംനടന്ന് ഒരു വര്‍ഷത്തിനകവും, മൂന്നു വര്‍ഷംവരെ തടവുശിക്ഷ നല്‍കാവുന്ന കേസുകള്‍ കുറ്റംനടന്ന് മൂന്നു വര്‍ഷത്തിനകവും കോടതിയില്‍ കൊടുത്തിരിക്കണം. ഒരു കുറ്റത്തിനു വിചാരണചെയ്ത് കുറ്റക്കാരനല്ലെന്നു കണ്ട് കോടതി വെറുതെ വിട്ട പ്രതിയെ അതേ കുറ്റത്തിന് വീണ്ടും വിചാരണചെയ്തുകൂടാത്തതാണെന്ന് അനുശാസിക്കുന്ന 'ഓട്ട്റെ ഫോയിസ് അക്വിറ്റ്' (autre fois aquit)എന്ന ഫ്രഞ്ച് തത്ത്വവും, ഒരു കുറ്റത്തിനു വിചാരണചെയ്ത് കുറ്റക്കാരനെന്നുകണ്ട് കോടതി ശിക്ഷിച്ച പ്രതിയെ, അതേ കുറ്റത്തിനു വീണ്ടും ശിക്ഷിക്കാവുന്നതല്ലെന്ന് അനുശാസിക്കുന്ന 'ഓട്ട്റെ ഫോയിസ് കണ്‍വിക്റ്റ്' (ature fois convict)എന്ന ഫ്രഞ്ച് തത്ത്വവുമാണ് സിവില്‍ കേസുകളിലെ 'റെസ്ജുഡിക്കേറ്റ'ക്കു (Resjudicata) സമാനമായി, ക്രിമിനല്‍ കേസ് പ്രതിക്ക് കോടതിയില്‍ ഉന്നയിക്കാവുന്നതായ നിയമതടസ്സവാദങ്ങള്‍.

**(അവലംബം)**



# അധാർമികത എങ്ങനെ ധാർമികതയാകും?

**മുആദ് സി.എൻ**
ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

ഇസ്‌ലാംമതം പരിപൂർണമാണ്. അതിലേക്കൊന്നും തന്നെ കൂട്ടാനോ അതിൽ നിന്ന് എന്തെങ്കിലും കുറയ്ക്കാനോ ആർക്കും അവകാശമില്ല. ലോകാവസാനം വരെയുള്ള മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് വളരെ വ്യക്തമായി ഇസ്‌ലാം ലോകർക്ക് വഴികാട്ടിത്തരുന്നു. മനുഷ്യരാൽ നിർമിക്കപ്പെട്ട ഒരുപാട് നിയമവ്യവസ്ഥകൾ ലോകത്തുണ്ട്. അവയിലെല്ലാം കാലക്രമേണ മാറ്റത്തിരുത്തലുകൾ ഉണ്ടാകുന്നു. പല രാജ്യങ്ങളുടെയും ഭരണഘടനയിലേക്ക് പുതുതായി പല നിയമങ്ങളും കൂട്ടിച്ചേർക്കുകയും പഴയ ചില നിയമങ്ങൾ ഒഴിവാക്കുകയോ, അവയിൽ മാറ്റത്തിരുത്തലുകൾ വരുത്തുകയോ ചെയ്യുന്നു.

എന്നാൽ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം മാറ്റത്തിരുത്തലിന്റെയോ പുതുതായി ചേർക്കുന്നതിന്റെയോ ആവശ്യകതയില്ല. അതിനു കാരണം ഇസ്‌ലാം ദൈവത്തിൽ നിന്നുള്ള സന്ദേശമാണ് എന്നതാണ്. ലോകമെത്രതന്നെ പുരോഗമിച്ചാലും മനുഷ്യരുടെ ജീവിത ശൈലിയിൽ എന്ത് മാറ്റം വന്നാലും ഇസ്‌ലാമിന്റെ നിയമങ്ങൾ മാറ്റേണ്ടിവരികയില്ല. നിത്യനൂതനത്വമാണ് ഇസ്‌ലാമിക നിയമങ്ങളുടെ ഒരു സവിശേഷത.

ഇന്ന് ലിബറൽ ചിന്തകൾക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ് മനുഷ്യർ. തിന്മയെ നന്മയായും അധാർമികതയെ ധാർമികതയായും കാണാൻ യാതൊരു മടിയുമില്ല. സമൂഹം തെറ്റെന്ന് കാണുന്ന കാര്യങ്ങളെ ശരിയാണെന്നു വരുത്താൻ കോടതി കയറാനും മടിയില്ല. വേശ്യാവൃത്തിക്ക് സെക്സ് വർക്ക് എന്ന ഓമനപ്പേരിട്ട് അതിലൂടെ പണം സമ്പാദിക്കുന്നതിൽ എന്താണ് കുഴപ്പം എന്ന് ചോദിക്കാൻ പോലും മടിയില്ലാതായിരിക്കുന്നു. ഇതിനെതിരിൽ ഗുണകാംക്ഷയോടെ പ്രതികരിച്ചാൽ 'വ്യക്തിസ്വാതന്ത്ര്യം' നിഷേധിക്കലായി ചിത്രീകരിക്കപ്പെടുന്നു.

'വ്യക്തി സ്വാതന്ത്ര്യം' എന്ന പേരിൽ ഏത് തോന്നിവാസത്തെയും തന്റെ അവകാശമായി കാണുന്ന ഒരു പുതുതലമുറയെ ബോധപൂർവം വളർത്തിയെടുക്കുക എന്നതാണ് ഒരു കൂട്ടം പുരോഗമന(?)വാദികളുടെ ലക്ഷ്യം. അധാർമികതയെ ധാർമികതയായി മനുഷ്യമനസ്സുകൾ കൊണ്ട് ചിന്തിപ്പിക്കുവാൻ വേണ്ടി അവർ വിപുലമായി ഉപയോഗിക്കുന്നത് സിനിമ, സീരിയൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവയെയാണ്. ഇത്തരം തലതിരിഞ്ഞ ചിന്തകൾ നമ്മിലേക്കും നമ്മുടെ മക്കളിലേക്കും നമ്മൾ പോലും അറിയാതെയാണ് കുത്തിവെച്ചുകൊണ്ടിരിക്കുന്നത്. നമുക്കും പല തിന്മകളും നിസ്സാരമായി തോന്നുന്നുവെങ്കിൽ നമ്മുടെ മനസ്സുകളെയും അവർ സ്വാധീനിച്ചുവെന്ന് നാം തിരിച്ചറിയണം. സമൂഹത്തിലെ തിന്മകളുടെ വർധനവ് നമ്മെ അത്ഭുതപ്പെടുത്തിയാലും നന്മയും തിന്മയും ഒന്നാവില്ല എന്നാണ് അല്ലാഹു നമ്മെ ഓർമപ്പെടുത്തുന്നത്.

“(നബിയേ,) പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല. ദുഷിച്ചതിന്റെ വർധനവ് നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം” (ക്വുർആൻ 5:100).

എന്ത് അധാർമികമായ പ്രവൃത്തി ചെയ്താലും അതിനെ പുരോഗമനപരമെന്ന് വിശേഷിപ്പിക്കുന്ന പ്രവണത നാശത്തിലേക്കുള്ള വഴി തുറക്കലാണ്. അവനവന് ശരിയെന്ന് തോന്നുന്നതെന്തോ അതാണ് ശരി എന്ന തെറ്റായ ചിന്ത പുതുതലമുറയെ സ്വാധീനിക്കുന്നത് നാം സൂക്ഷിക്കണം. നമ്മുടെ മക്കൾ ധാർമികതയെ മുറുകെ പിടിച്ച് വളരണമെങ്കിൽ ഇസ്‌ലാമിന്റെ വെളിച്ചം അവരിലേക്ക് യഥാസമയത്ത് യഥാവിധം എത്തിക്കേണ്ടതുണ്ട്. മനുഷ്യന്റെ ഇഹപര ഗുണം നിലകൊള്ളുന്നത് സ്രഷ്ടാവ് കാണിച്ചുതന്ന ധർമാധർമങ്ങൾ മനസ്സിലാക്കി ജീവിക്കുമ്പോഴാണ് എന്ന വസ്തുത അവരെ ബോധ്യപ്പെടുത്തണം. അല്ലാത്ത പക്ഷം അരാജകത്വത്തിന്റെ ആഴങ്ങളിലേക്ക് കൂപ്പുകുത്തി ജീവിക്കുന്നവരായി നമ്മുടെ മക്കൾ മാറും. തിന്മകളെ തിന്മകളായിത്തന്നെ കണ്ട് ബോധപൂർവം അതിൽനിന്നും മാറി നിൽക്കാൻ ശ്രമിക്കുക.



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 4

# 'വഹ്‌യുകളുടെ' സുനാമി!

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

തദ്കിറ'യുടെ മുഖവുരയിൽ മിർസാ ബശീർ അഹ്മദ് വിവരിക്കുന്നു:

"ഈ സമാഹാരം തയ്യാറാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്:

1) മസീഹിന്റെ ജീവിതകാലത്ത് ഗ്രന്ഥങ്ങളിലും പരസ്യങ്ങളിലും ഡയറികളിലും പ്രസംഗങ്ങളിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ച ഇൽഹാമുകളും കശ്ഫുകളും സ്വപ്നങ്ങളും അവയുടെ രേഖകൾ സഹിതം ക്രോഡീകരിച്ചിട്ടുണ്ട്.

2) മസീഹിന്റെ ജീവിതകാലത്ത് പ്രസിദ്ധീകരിക്കാത്തതും കത്തുകളിലും മറ്റും പിന്നീട് കണ്ടെത്തിയതുമായവ സാക്ഷ്യസഹിതം ചേർത്തിരിക്കുന്നു.

3) വാക്യങ്ങൾ പറയാതെ ആശയം മാത്രം പറഞ്ഞവയും ഇതോടൊപ്പമുണ്ട്.

4) മസീഹ് പറഞ്ഞ അർഥവും വിശദീകരണവും സ്വപ്നവ്യാഖ്യാനവുമൊക്കെ അതേപോലെ ഉദ്ധരിച്ചിരിക്കുന്നു.

5) അവയുടെ അവതരണ പശ്ചാത്തലവും (ശാനെ നുസൂൽ) പരമാവധി തേടിപ്പിടിച്ച് രേഖപ്പെടുത്തി യിട്ടുണ്ട്.

6) ചില സംഭവങ്ങളിലൂടെ വ്യക്തമായ വചനങ്ങളെപ്പറ്റി അടിക്കുറിപ്പിൽ ഹ്രസ്വമായി പ്രതിപാദിച്ചിട്ടുണ്ട്.

7) അവതരിച്ച കാലത്തെക്കുറിച്ച് കൃത്യമായി അറിയാത്തവ, സാധി

**സൂഫിവര്യനായ പണ്ഡിത വേഷധാരി മിർസാ ഗുലാം അഹ്മദ് ഖാദിയാനി 1879 ഡിസംബർ മൂന്നിന് ഒരു പരസ്യം പ്രസിദ്ധീകരിച്ചു. 'ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആനിന്റെയും മുഹമ്മദീയ പ്രവാചകത്വത്തിന്റെയും സത്യതക്ക് 300 തെളിവുകൾ സമാഹരിച്ചുകൊണ്ട് 50 വാല്യങ്ങളിൽ ഞാൻ ഒരു പുസ്തകം രചിച്ചിട്ടുണ്ട്. 'ബറാഹീനെ അഹ്മദിയ്യ' എന്നു പേരുവെച്ച പുസ്തകത്തിന് മുസ്‌ലിംകൾക്ക് പത്തു രൂപയും അമുസ്‌ലിംകൾക്ക് 25 രൂപയുമാണ് വില നിശ്ചയിച്ചത്. മുസ്‌ലിംകൾ കൂടുതൽ കോപ്പികൾക്ക് വേണ്ടി മുൻകൂറായി പണമയച്ചാൽ മാത്രമെ ഇതിന്റെ അച്ചടി നടത്താൻ കഴിയൂ. സാമ്പത്തിക ശേഷിയുള്ളവർ പ്രസ്സിലെ ഓരോ ദിവസത്തെ ചെലവുകൾ വഹിക്കുന്നതായാൽ കാര്യം എളുപ്പമാകും. ഈ മഹാസംരംഭത്തിൽ സഹകരിച്ച് സ്വർഗം ഉറപ്പുവരുത്താൻ താൽപര്യപ്പെടുന്നു' എന്നായിരുന്നു പരസ്യത്തിന്റെ ചുരുക്കം**

ക്കുന്നത്ര ഗവേഷണത്തിലൂടെകണ്ടെത്താൻശ്രമിച്ചിട്ടുണ്ട്.

8) ഇൽഹാമുകളും സ്വപ്നങ്ങളും കശ്ഫുകളുമൊക്കെ കാലക്രമത്തിനനുസരിച്ചാണ് വിന്യസിച്ചത്; വിഷയാധിഷ്ഠിതമായല്ല.

9) അറബി, പേർഷ്യൻ, ഇംഗ്ലീഷ് ഇൽഹാമുകൾക്ക് പരമാവധി തർജമ കൊടുത്തിട്ടുണ്ട്. മസീഹ് കൊടുത്തവ ഒപ്പവും പത്രാധിപന്മാരും ക്രോഡീകരിച്ചയാളും കൊടുത്തവ അടിക്കുറിപ്പായും നൽകുകയാണ് ചെയ്തത്.

10) ക്രമപ്രകാരമല്ലാതെ മസീഹിന്റെ ഗ്രന്ഥങ്ങളിൽ വന്നവ അതേപടി തന്നെയാണ് ക്രോഡീകരിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞിട്ടുണ്ടല്ലോ,'വ്യത്യസ്ത ക്രമങ്ങളിൽ ഇൽഹാമുകൾ ആവർത്തിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ വഹ്‌യുകൾ പലപ്പോഴും പല ക്രമങ്ങളിലാണ് അവതരിക്കുക. ചില വചനങ്ങൾ നൂറും അതിലധികവും തവണ അവതരിച്ചിട്ടുണ്ട്. അവയുടെ പാരായണത്തിലും വൈവിധ്യം ഉണ്ടാകും. അല്ലാഹു കഷ്ണം കഷ്ണമായി നാവിലേക്കിട്ടു തരുന്ന പതിവുമുണ്ട്. എന്നാൽ അവയുടെ ക്രമീകരണം അല്ലാഹു തന്നെയാണ് നിർവഹിച്ചിരിക്കുന്നത്. അപ്പോൾ പഴയക്രമം തെറ്റിയാവും പറഞ്ഞുതരിക. എല്ലാ വചനങ്ങളും ഒരേക്രമത്തിൽതന്നെ ആകണമെന്നില്ല എന്നർഥം. അവയുടെ ഉച്ചാരണവും (ഖിറാഅത്ത്) ഒരേ പോലെ ആവണമെന്ന് നിർബന്ധമില്ല. ആവർത്തിക്കുന്ന വഹ്‌യുകളിൽ ഈ വൈവിധ്യം കാണാം. ഈ രീതി അല്ലാഹുവിന് മാത്രമെ ഉള്ളൂ. അവന് തന്നെയാണല്ലോ അതിന്റെ രഹസ്യവും അറിയുന്നത്."

### ദിവ്യസ്വപ്നങ്ങളുടെ തുടക്കം

ബിസ്മിയും ഹംദും സ്വലാത്തും ചൊന്നശേഷം 'തദ്കിറ' എന്ന ശീർഷകവും 'വിശുദ്ധ വഹ്‌യുകൾ, കശ്ഫുകൾ, സ്വപ്നങ്ങൾ' എന്ന ഉപശീർഷകവും നൽകിയിട്ടുണ്ട്. വിദ്യാഭ്യാസകാലത്തുണ്ടായ ഒരു സ്വപ്ന ദർശനം വിശദീകരിക്കുകയാണ് ഒന്നാമതായി.

1) 'കൊട്ടാരസദൃശമായ ഒരു വീട്ടിൽവെച്ച് മുഹമ്മദ് നബി (സ്വ)യെ സന്ദർശിക്കുകയും തന്റെ വലതു കൈയിലുണ്ടായിരുന്ന, സ്വയം രചിച്ച പുസ്തകത്തെക്കുറിച്ച് ചോദിക്കുകയും ചെയ്തു. തുടർന്ന് മൃതപ്രായമായ ഇസ്‌ലാമിനെ എന്റെ കരങ്ങളാൽ പുനരുജ്ജീവിപ്പിക്കുമെന്നും അതിന് മുഹമ്മദ് നബി (സ്വ)യുടെ ആത്മീയ ഔദാര്യം ലഭ്യമാക്കുമെന്നും എന്റെമനസ്സിലേക്ക്ഇട്ടുതന്നു.'

2) '1864ലോ 1865ലോ ഈ സ്വപ്നം ആവർത്തിക്കുകയും കൈവശമുള്ള പുസ്തകത്തിന്റെ പേര് 'ഖുത്വുബി' എന്ന് വെളിപ്പെടുത്തുകയും ചെയ്തു.'

അതുകൊണ്ടുദ്ദേശിക്കുന്നത് 'ബറാഹീനെ അഹ്മദിയ്യ' എന്ന, 50 വാള്യങ്ങളിലായി രചിക്കാൻ പോകുന്ന ബൃഹദ്ഗ്രന്ഥമാണ്. പിന്നീട് അതൊരു പഴമാവുകയും



> **ബറാഹീന്റെ രണ്ടാം വാല്യത്തിന്റെ മുഖവുരയിൽ മിർസ പറയുന്നു: ‘പലതരത്തിലുള്ള കലാപങ്ങളും തിന്മകളും നടമാടുന്നത് കണ്ടിട്ടാണ് ഈ പുസ്തകം രചിക്കാൻ തീരുമാനിച്ചത്. ഇതിലെ സുദൃഢവും ബുദ്ധിപൂർവകവുമായ 300 തെളിവുകളിലൂടെ ഇസ്‌ലാമിന്റെ സത്യം സൂര്യനെപ്പോലെ പ്രകാശിക്കും എന്ന് ഞാൻ കരുതുന്നു. മുസ്‌ലിംകളുടെ മനസ്സാഗ്രഹിക്കുന്ന, എതിരാളികളുടെ മേലുള്ള മഹത്തായ വിജയമായിരിക്കും ഇത്. ഇസ്‌ലാമിലെ സമ്പന്നരിൽ ഞാൻ പ്രതീക്ഷയർപ്പിക്കുന്നു; നിസ്തുലമായ ഈ ഗ്രന്ഥത്തെ അവർ നെഞ്ചേറ്റുമെന്ന്' (പേജ് 62).**

അതിന്റെ ചാറ് അവിടെ കിടന്നിരുന്ന ഒരു മൃതദേഹത്തിന്റെ വായിലേക്ക് ഒഴിച്ചതോടെ അത് പുനരുജ്ജീവിക്കുകയും ചെയ്തതായി തുടർന്നെഴുതുന്നു.

മരിച്ചുകഴിഞ്ഞ ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാൻ മാത്രം അമാനുഷിക ശക്തിയുള്ള ദിവ്യ ഗ്രന്ഥമാണ് ‘ബറാഹീനെ അഹ്മദിയ്യ’ എന്ന് സമർഥിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ പിന്നെ അതിനെ ഒന്ന് പരിചയപ്പെടാമല്ലോ.

**‘അമൃതഗ്രന്ഥ’ത്തിന്റെ കഥ**

സൂഫിവര്യനായ പണ്ഡിതവേഷധാരി മിർസാ ഗുലാം അഹ്മദ് ഖാദിയാനി 1879 ഡിസംബർ മൂന്നിന് ഒരു പരസ്യം പ്രസിദ്ധീകരിച്ചു.

‘ദൈവിക ഗ്രന്ഥമായ വിശുദ്ധ ക്വുർആനിന്റെയും മുഹമ്മദീയ പ്രവാചകത്വത്തിന്റെയും സത്യതക്ക് 300 തെളിവുകൾ സമാഹരിച്ചുകൊണ്ട് 50 വാല്യങ്ങളിൽ ഞാൻ ഒരു പുസ്തകം രചിച്ചിട്ടുണ്ട്. ‘ബറാഹീനെ അഹ്മദിയ്യ’ എന്നു പേരുവെച്ച പുസ്തകത്തിന് മുസ്‌ലിംകൾക്ക് പത്തു രൂപയും അമുസ്‌ലിംകൾക്ക് 25 രൂപയുമാണ് വില നിശ്ചയിച്ചത്. മുസ്‌ലിംകൾ കൂടുതൽ കോപ്പികൾക്ക് വേണ്ടി മുൻകൂറായി പണമയച്ചാൽ മാത്രമെ ഇതിന്റെ അച്ചടി നടത്താൻ കഴിയൂ. സാമ്പത്തിക ശേഷിയുള്ളവർ പ്രസ്സിലെ ഓരോ ദിവസത്തെ ചെലവുകൾ വഹിക്കുന്നതായാൽ കാര്യം എളുപ്പമാകും. ഈ മഹാസംരംഭത്തിൽ സഹകരിച്ച് സ്വർഗം ഉറപ്പുവരുത്താൻ താൽപര്യപ്പെടുന്നു' എന്നായിരുന്നു പരസ്യത്തിന്റെ ചുരുക്കം.

ബറാഹീന്റെ രണ്ടാം വാല്യത്തിന്റെ മുഖവുരയിൽ മിർസ പറയുന്നു: ‘പലതരത്തിലുള്ള കലാപങ്ങളും തിന്മകളും നടമാടുന്നത് കണ്ടിട്ടാണ് ഈ പുസ്തകം രചിക്കാൻ തീരുമാനിച്ചത്. ഇതിലെ സുദൃഢവും ബുദ്ധിപൂർവകവുമായ 300 തെളിവുകളിലൂടെ ഇസ്‌ലാമിന്റെ സത്യം സൂര്യനെപ്പോലെ പ്രകാശിക്കും എന്ന് ഞാൻ കരുതുന്നു. മുസ്‌ലിംകളുടെ മനസ്സാഗ്രഹിക്കുന്ന, എതിരാളികളുടെ മേലുള്ള മഹത്തായ വിജയമായിരിക്കും ഇത്. ഇസ്‌ലാമിലെ സമ്പന്നരിൽ ഞാൻ പ്രതീക്ഷയർപ്പിക്കുന്നു; നിസ്തുലമായ ഈ ഗ്രന്ഥത്തെ അവർ നെഞ്ചേറ്റുമെന്ന്' (പേജ് 62).

1880ൽ ഒന്നാം വാല്യം പുറത്തിറങ്ങി. അതിന്റെ മുഖച്ചട്ടയിൽ എഴുതിയത് ഇങ്ങനെ: ‘ദൈവിക ഗ്രന്ഥമായ ക്വുർആനിന്റെയും മുഹമ്മദീയ പ്രവാചകത്വത്തിന്റെയും സത്യത്തിനുള്ള അഹ്മദിയ്യ തെളിവുകൾ. പഞ്ചാബിലെ ഇസ്‌ലാമിന്റെ അഭിമാനവും ഖാദിയാനിലെ മഹാനേതാവുമായ മിർസാ ഗുലാം അഹ്മദ്, അദ്ദേഹത്തിന്റെ മഹത്വം നിലനിൽക്കട്ടെ, സമ്പൂർണ ഗവേഷണപാടവവും സൂക്ഷ്മശ്രദ്ധയും കൊടുത്തുകൊണ്ട് രചന നിർവഹിക്കുകയും ഇസ്‌ലാമിന്റെ എതിരാളികളിൽ ഹുജ്ജത്ത് പൂർത്തീകരിക്കുന്നതിനായി പതിനായിരം രൂപ ഇനാം പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് പ്രസിദ്ധീകരിച്ചത്.'

**പതിനായിരം രൂപ ഇനാം**

ഒന്നാം വാല്യം പൂർണമായും പുസ്തകത്തെക്കുറിച്ചുള്ള പരസ്യമാണ്. ഒരു പേജിൽ മൂന്ന് വരികൾ വീതം 82 പേജുകളിലായി മറ്റുള്ളവരെ വെല്ലുവിളിക്കുന്ന പരസ്യം നിറഞ്ഞുനിൽക്കുന്നു. അതിന്റെ തുടക്കം ഇങ്ങനെ:

‘ബറാഹീനെ അഹ്മദിയ്യ' എന്ന ഈ പുസ്തകത്തിന്റെ രചയിതാവായ ഞാൻ, സർവ മതവിഭാഗങ്ങളുടെയും സമുദായങ്ങളുടെയും എല്ലാ നേതാക്കൾക്കുമെതിരെ 10,000 രൂപയുടെ സമ്മാനം പ്രഖ്യാപിച്ചുകൊണ്ട് പരസ്യപ്പെടുത്തുന്നതെന്തെന്നാൽ, വിശുദ്ധ ക്വുർആനിന്റെയും മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിന്റെയും നിഷേധികളായ നിങ്ങളിൽ ഉദ്ദേശ്യപൂർത്തീകരണാർഥം പരിശുദ്ധ ക്വുർആനിൽ നിന്ന് തെളിവുകളും സാക്ഷ്യങ്ങളും എടുത്തുകൊണ്ട് ക്വുർആനിന്റെയും പ്രവാചകത്വത്തിന്റെയും യാഥാർഥ്യം തെളിയിക്കാൻ വേണ്ടി എഴുതിയ സാക്ഷ്യങ്ങളെ ഖണ്ഡിച്ചുകൊണ്ട് നിങ്ങളുടെ ദൈവികഗ്രന്ഥത്തിൽനിന്ന് ഇത്രയും തെളിവുകൾ നിരത്തുകയോ, പറ്റിയില്ലെങ്കിൽ പകുതിയോ മൂന്നിലൊന്നോ നാലിലൊന്നോ അഞ്ചിലൊന്നോ തെളിവുകളെങ്കിലും നിരത്താൻ സാധിക്കുകയോ, അതുമല്ലെങ്കിൽ ഇതിൽ എഴുതിയ തെളിവുകളെ അക്കമിട്ട് ഖണ്ഡിക്കുകയോ ചെയ്താൽ ഉഭയകക്ഷികൾ അംഗീകരിക്കുന്ന നീതിമാന്മാരായ മൂന്ന് വിധികർത്താക്കൾ, ഉപാധിയനുസരിച്ച് തെളിവുകൾ ഖണ്ഡിക്കപ്പെട്ടിരിക്കുന്നു എന്ന് അഭിപ്രായപ്പെട്ടാൽ, എന്തെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞോ തന്ത്രങ്ങൾ പ്രയോഗിച്ചോ പിന്മാറാൻ ശ്രമിക്കാതെ എന്റെ 10000 രൂപ വിലയുള്ള ഭൂസ്വത്തിന്റെ എല്ലാ അവകാശങ്ങളും അവർക്ക് പതിച്ചുകൊടുക്കുന്നതാണെന്ന് ശരിഅത്ത് അനുവദിച്ച ശറഈ നിയമങ്ങൾ അംഗീകരിച്ചു

കൊണ്ട് ഞാൻ വാഗ്ദാനം ചെയ്യുന്നു' (പേജ് 17-26)

പത്തു പേജുകളിൽ നിറഞ്ഞു നിൽക്കുന്ന ഒരു വാക്യമാണ് ഈ വെല്ലുവിളി എന്നറിയുമ്പോൾ അക്ഷരങ്ങളുടെ വലിപ്പം ഊഹിക്കാമല്ലോ. ഇതേകാര്യം പല രീതിയിൽ ആവർത്തിച്ചുകൊണ്ടാണ് ഒന്നാം വാല്യത്തിന്റെ 82 പേജുകൾ നിറച്ചിരിക്കുന്നത്. പലർക്കും നേരിൽ കാണാതെ അക്കാര്യം വിശ്വസിക്കാനാവില്ല.

**മുഖവുര**

മുഖവുരയോടെയാണ് രണ്ടാം വാല്യം തുടങ്ങുന്നത്: 'നിർബന്ധമായും വെളിപ്പെടുത്തേണ്ട ലക്ഷ്യങ്ങൾ' എന്നു തുടങ്ങുന്ന മുഖവുര 84ാം പേജിൽ തുടങ്ങി 137ാം പേജിൽ അവസാനിക്കുന്നു. ഇത് പ്രസിദ്ധീകരിച്ചത് 1880 അവസാനത്തോടെയാണ്.

**ആമുഖം**

139ാം പേജിൽ തുടങ്ങുന്ന മൂന്നാം വാല്യത്തിൽ ഒന്നാം അധ്യായം ആരംഭിക്കുകയാണ്:

'ബറാഹീന്റെ' രചന തുടങ്ങുന്നതിന് മുമ്പായി ചില കാര്യങ്ങൾ ആമുഖമായി പറയാനുദ്ദേശിക്കുന്നു...' ഈ ആമുഖം എഴുതി മുമ്പോട്ടു പോകുമ്പോൾ താഴെ അടിക്കുറിപ്പായി ചിലത് വിശദീകരിക്കുന്നു. കുറച്ചു കൂടി എഴുതിത്തുടരവെ അടിക്കുറിപ്പിന് ടിപ്പണി എഴുതാൻ തുടങ്ങുന്നു. ഉർദുവിൽ ഹാശിയ എന്നും ഹാശിയാ ദർഹാശിയ എന്നുമാണ് പറയുക. എഴുത്ത് തുടരുമ്പോൾ യഥാർഥ ഗ്രന്ഥം പേജിനു മുകളിലെ ഒന്നോ രണ്ടോ വരികൾ മാത്രമായി ഒതുങ്ങുന്നു; താഴെ വികസിച്ചു മുന്നേറുന്ന ടിപ്പണികളും. 278ാം പേജിലെത്തുമ്പോൾ വാചകം ഇങ്ങനെയാണ്: 'ഞാൻ നേരത്തെ വിശദീകരിച്ചതുപോലെ അല്ലാഹുവിന്റെ സവിശേഷതക്ക് അനിവാര്യമാകുന്ന...' ഈ വാക്യം പൂർത്തിയാകാതെ മൂന്നാം വാല്യം അവസാനിക്കുന്നു.

തുടർന്ന് നാലാം വാല്യത്തിന്റെ തുടക്കത്തിൽ കവർപേജും ബ്രിട്ടീഷ് ഗവൺമെന്റിനെ പ്രകീർത്തിക്കുന്ന ലേഖനവും 12 പേജുകൾ പ്രത്യേകം നമ്പറിട്ട് ചേർത്തിരിക്കുന്നു. വീണ്ടും പഴയ നമ്പറിന്റെ തുടർച്ചയായി നാലാം വാല്യത്തിലെ ആദ്യവാചകം: 'അതായത് അവന്റെ സത്തയും ഗുണങ്ങളും പ്രവർത്തനങ്ങളും മറ്റുള്ളവരുടെ പങ്കാളിത്തത്തിൽനിന്ന് പരിശുദ്ധമാവുക' എന്ന മൂന്നാം വാല്യത്തിലെ വാക്യത്തിന്റെ ബാക്കി ഭാഗം ആണ് കാണാനാവുക. അതേപോലെ അടിക്കുറിപ്പുകളിലും വാചകങ്ങൾ മുറിച്ചിട്ടുണ്ട്.

'അങ്ങനെയാണെങ്കിൽ പിന്നെ അണുമണിത്തൂക്കം സംശയത്തിന് പഴുതുണ്ടാവുകയില്ല' എന്ന വാചകത്തിലെ 'പിന്നെ' വരെ മൂന്നാം വാല്യത്തിലും 'അണുമണിത്തൂക്കം' മുതൽ നാലാം വാല്യത്തിലുമായാണ് അടിക്കുറിപ്പ് മൂന്നും നാലും വാല്യങ്ങളായി വേർപ്പെടുത്തിയിട്ടുള്ളത്.

ഇങ്ങനെ ആകാമായിരുന്നെങ്കിൽ അദ്ദേഹത്തിന് 562 പേജുകളുള്ള 'ബറാഹീൻ' 50 വാല്യങ്ങളാക്കുകയും അങ്ങനെ ആക്ഷേപത്തിൽനിന്ന് രക്ഷപ്പെടുകയും ആവാമായിരുന്നു. ഏതായാലും ഇത്രയും 'ഭംഗി'യായി വാല്യങ്ങൾ തിരിച്ച ഒരു ഗ്രന്ഥം ഒരു ഭാഷയിലും കാണില്ല!

**കൊടിയ വഞ്ചന**

നാലാം വാല്യം മുമ്പോട്ടുപോയി 512ാം പേജിലെത്തുമ്പോൾ അധ്യായം ഒന്ന് ആരംഭിക്കുന്നു: 'വിശുദ്ധ ക്വുർആനിന്റെ യഥാർഥ്യത്തിനും ശ്രേഷ്ഠതയ്ക്കുമുള്ള ബാഹ്യമായ സാക്ഷ്യങ്ങൾ' എന്ന ശീർഷകത്തിൽ 'ഒന്നാമത്തെ തെളിവ്' എന്ന ഉപശീർഷകത്തിന് താഴെ എഴുതുന്നു: 'അല്ലാഹു പറയുന്നു....' ആ ഒന്നാമത്തെ തെളിവ് 562ാം പേജിൽ അവസാനിക്കുന്നതോടെ 'മഹദ്ഗ്രന്ഥത്തിന്റെ' നാലാം ഭാഗവും സമാപിക്കുന്നു. എന്നാൽ എഴുതാൻ ആരംഭിച്ച ഒന്നാമത്തെ തെളിവ് പൂർത്തിയായില്ല!

എന്തൊക്കെയായിരുന്നു അവകാശ വാദങ്ങൾ! അല്ലാഹു എന്റെ കൈകൊണ്ട് എഴുതിയത്! മുഹമ്മദ് നബി(സ്വ) സർട്ടിഫൈ ചെയ്ത് ഒപ്പിട്ടത്! അങ്ങനെ എന്തെല്ലാം!

**'വഹ്‌യുകളുടെ' സുനാമി!**

പുസ്തകത്തിലെ അവസാന വരികൾ കാണേണ്ടേ? 'വിജ്ഞാനത്തിന്റെ മാർഗത്തിൽ ഒരുപാട് രഹസ്യങ്ങളുണ്ട്. അവ മനുഷ്യന്റെ ദുർബലവും ഹ്രസ്വവുമായ ബുദ്ധിക്ക് ഒരിക്കലും കണ്ടെത്താനാവില്ല. ഭാവനകളും ഊഹങ്ങളും ദൈവികതയുടെ നിഗൂഢ രഹസ്യങ്ങളിൽ എത്താൻ പറ്റാത്ത ദൗർബല്യം ഉൾക്കൊള്ളുന്നു. അവിടെ എത്താൻ ഉന്നതമായ ദൈവിക ഭാഷണമല്ലാതെ മറ്റൊരു ഏണിയും ഇല്ല. സത്യഹൃദയവുമായി ദൈവത്തെ തേടുന്നവർക്ക് അവൻ ഈ ഏണി വെച്ചുകൊടുക്കും. ദൈവികജ്ഞാനത്തിന്റെ ഉയർന്ന ഗോപുരത്തിലേക്ക് അവൻ കയറുകയും ചെയ്യും' (പേജ് 560-561).

വായനക്കാർക്ക് ഇയാളുടെ ഉള്ളിലിരിപ്പ് മനസ്സിലായിട്ടുണ്ടാവും. അതുതന്നെയാണ് സംഭവിച്ചതും. 'ബറാഹീൻ' എഴുതിക്കൊണ്ടിരിക്കെ 'വഹ്‌യുകളുടെ' മഹാസാഗരം അതിലേക്ക് ഒഴുകി വന്നു. യഥാർഥ ഗ്രന്ഥം ഒന്നോ രണ്ടോ വരികളിലൊതുങ്ങിയപ്പോൾ അടിക്കുറിപ്പിൽ നിറഞ്ഞുകവിയുകയായിരുന്നു അറബി, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ് 'വഹ്‌യുകൾ!'

മതവിശ്വാസത്തിന് വിരുദ്ധമായ വഹ്‌യ് വാദവും ബ്രിട്ടീഷ് ഗവൺമെൻറിനെതിരെ ജിഹാദ് ഹറാമാക്കാനും അവരെ അനുസരിപ്പിക്കാനും വേണ്ടി ചെലവാക്കിയ നിരവധി പേജുകളും മുൻകൂർ പണം നൽകിയ രാജ്യസ്നേഹികളായ മുസ്‌ലിംകളുടെ വെറുപ്പിനും വിദ്വേഷത്തിനും നിമിത്തമായി. 1857ലെ സ്വാതന്ത്ര്യസമരത്തിനെതിരെ ഇംഗ്ലീഷുകാർ ചെയ്ത അതിക്രമങ്ങളുടെയും കിരാതത്വങ്ങളുടെയും മുറിവുണങ്ങും മുമ്പാണല്ലോ ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്നത്.

**(തുടരും)**



# ഇസ്‌ലാമും ഭൂകമ്പങ്ങളും: ഒരു ദൈവശാസ്ത്ര വായന

**അൻവർ അബൂബക്കർ**
: 98468 76386

ഭൂകമ്പങ്ങൾ ഏറ്റവും ശക്തവും വിനാശകരവുമായ പ്രകൃതി ദുരന്തങ്ങളിൽ ഒന്നാണ്. ഇത് വ്യാപകമായ നാശനഷ്ടങ്ങൾക്കും ജീവഹാനിക്കും ഭയത്തിനും കാരണമാകുന്നു. അവ മനുഷ്യജീവിതത്തിന്റെ ദുർബലതയും നിസ്സാഹയതയും ഓർമപ്പെടുത്തുന്നുണ്ട്. ഭൂകമ്പങ്ങളെ ഒരു പ്രധാന ദൃഷ്ടാന്തവും പരീക്ഷണവുമായിട്ടാണ് വിശ്വാസികൾ കാണുന്നത്. അല്ലാഹു സർവജ്ഞനാണ്. അവൻ ഉദ്ദേശിക്കുന്നതിലും വിധിക്കുന്നതിലും നന്മയുണ്ട്. അല്ലാഹു അവന്റെ അടിമകളെ ഭയപ്പെടുത്താനും അവനോടുള്ള അവരുടെ ബാധ്യതകളും കടമകളും ഓർമിപ്പിക്കാനും പാപങ്ങൾ ചെയ്യുന്നതിനെതിരെ മുന്നറിയിപ്പ് നൽകാനും വിവിധങ്ങളായ ദൃഷ്ടാന്തങ്ങൾ അയക്കാറുണ്ട്. അല്ലാഹു പറഞ്ഞു: '...ഭയപ്പെടുത്തുവാനായിട്ടല്ലാതെ നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നില്ലതാനും' (ക്വുർആൻ 17: 59).

അമാനി മൗലവി(റഹി) ഇതിനെ വിശദീകരിക്കുന്നത് കാണുക: 'ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുന്നതിന്റെ ഉദ്ദേശ്യം ജനങ്ങൾക്കു ഭയപ്പാടുണ്ടാക്കുകയല്ലാതെ മറ്റൊന്നുമല്ലെന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അഥവാ സത്യത്തിന്റെ സ്ഥാപനത്തിനു വേണ്ടിയോ, നിർബന്ധപൂർവം ജനങ്ങളെ വിശ്വസിപ്പിക്കുകയോ അല്ല, അല്ലാഹുവിനെക്കുറിച്ചു ഭയവും ബോധവും ഉണ്ടായിത്തീരുകയും അങ്ങനെ സത്യത്തിലേക്കു മടങ്ങുവാൻ പ്രേരണ ലഭിക്കുകയുമാണു ദൃഷ്ടാന്തം കൊണ്ടുദ്ദേശ്യം' (അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ വിവരണത്തിൽനിന്ന്).

ക്വുർആനിൽ, ഭൂകമ്പങ്ങളെക്കുറിച്ചു പറഞ്ഞ് അല്ലാഹുവിന്റെ കഴിവിനെക്കുറിച്ചും ലോകാവസാനത്തിന്റെയും മരണാനന്തര ജീവിതത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചുമുള്ള ചിന്ത വളർത്തുന്നുണ്ട്.

ഉദാ: "ഭൂമി പ്രകമ്പനം കൊള്ളി

ക്കപ്പെട്ടാൽ-അതിന്റെ ഭയങ്കരമായ ആ പ്രകമ്പനം. ഭൂമി അതിന്റെ ഭാരങ്ങൾ പുറം തള്ളുകയും, അതിന് എന്തുപറ്റി എന്ന് മനുഷ്യൻ പറയുകയും ചെയ്താൽ. അന്നേദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്. നിന്റെ രക്ഷിതാവ് അതിന് ബോധനം നൽകിയത് നിമിത്തം' (ക്വുർആൻ 99:1-5).

അന്ത്യനാളിലെ അതിഭയാനകമായ സംഭവങ്ങളെക്കുറിച്ചാണ് മുകളിൽ പറയുന്നത്. ഇത് അല്ലാഹുവിന്റെ ശക്തിയുടെ അടയാളവും ന്യായവിധിനാളിനെ കരുതിയിരിക്കാനുള്ള സൂചനയുമാണ്. അത് സംഭവിക്കുന്നതിന് മുമ്പുള്ള ചെറിയ അടയാളമായി പ്രവാചകൻ(സ്വ) ഭൂകമ്പങ്ങളെ വിശേഷിപ്പിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: 'അറിവ് ഉയർത്തപ്പെടുക, ഭൂകമ്പങ്ങൾ വർധിക്കുക, കാലം അടുക്കുക, കുഴപ്പങ്ങൾ പ്രകടമാവുക, കൊലപാതകം വർധിക്കുക, ഒഴുകുന്ന രൂപത്തിൽ നിങ്ങളിൽ സമ്പത്ത് അധികരിക്കുക എന്നിവ ഉണ്ടാകുംവരെ അന്ത്യനാൾ സംഭവിക്കുകയില്ല' (ബുഖാരി).

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ആഗോളതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഭൂകമ്പങ്ങളുടെ എണ്ണത്തിൽ പ്രകടമായ വർധനവുണ്ടെന്നാണ് സീസ്മോളജി (ഭൂകമ്പശാസ്ത്രം) പഠനങ്ങൾ വ്യക്തമാക്കുന്നത്. ഓരോ വർഷവും ശരാശരി ഏഴ് അല്ലെങ്കിൽ അതിൽ കൂടുതൽ മാഗ്നിറ്റിയൂഡിലുള്ള പതിനഞ്ചോളം ഭൂകമ്പങ്ങൾ ഉണ്ടാകാറുണ്ടെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. വാസ്തവത്തിൽ ഇത് ഈ പ്രപഞ്ചത്തിലെ, അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങളിലൊന്നാണ്. ഇത്തരം ദുരന്തങ്ങൾ സംഭവിക്കുമ്പോൾ മനുഷ്യന്റെ ബലഹീനതയും കഴിവില്ലായ്മയും അല്ലാഹുവിന്റെ മുമ്പാകെയുള്ള എളിമയും പ്രകടിപ്പിക്കാൻ മനുഷ്യന് സാധിക്കണം. അങ്ങനെ അവൻ അല്ലാഹുവിലേക്ക് തിരിയുകയും അവനെ മഹത്ത്വപ്പെടുത്തുകയും ഈ വലിയ ദുരിതം ജനങ്ങളിൽനിന്ന് നീങ്ങിക്കിട്ടുവാനായി പ്രതീക്ഷയോടെ പ്രാർഥിക്കുകയും വേണം.

ഏതൊരു പ്രയാസഘട്ടത്തിലും അല്ലാഹുവിൽനിന്നുള്ള സംരക്ഷണവും കാരുണ്യവും പാപമോചനവും ലഭിക്കുന്നതിനുള്ള ഒരു മാർഗമായി പ്രാർഥനയെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഈ ലോകത്തിന്റെ വ്യവസ്ഥാപിതമായ നിയന്ത്രണം സർവശക്തനായ അല്ലാഹുവിന്റെ കൈകളിലാണ്. അതുകൊണ്ട് നമ്മുടെ പ്രാർഥകൾ അവനിലേക്ക് മാത്രം തിരിയൽ അനിവാര്യമാണ്. ദുരിതത്തിന്റെയും അനിശ്ചിതത്വത്തിന്റെയും ഈ സമയത്ത് സഹായത്തിനായി അല്ലാഹുവിലേക്ക് തിരിയാനുള്ള ഈ മാർഗം സ്വീകരിക്കുമ്പോൾ ഒരാളുടെ വിശ്വാസം അതുവഴി വർധിക്കുകയും അത് അവനെ അല്ലാഹുവിലേക്ക് കൂടുതൽ അടുപ്പിക്കുകയും ചെയ്യും. കൂടാതെ പാപങ്ങളിൽനിന്നും പശ്ചാത്തപിച്ചുകൊണ്ട് അല്ലാഹുവിലേക്ക് തിരിയുന്നതിന്റെ പ്രാധാന്യം തിരിച്ചറിയാനും ഈ സമയം അവന് സാധിക്കും.

**ഭൂകമ്പങ്ങളെ ഒരു പ്രധാന ദൃഷ്ടാന്തവും പരീക്ഷണവുമായിട്ടാണ് വിശ്വാസികൾ കാണുന്നത്. അല്ലാഹു സർവജ്ഞനാണ്. അവൻ ഉദ്ദേശിക്കുന്നതിലും വിധിക്കുന്നതിലും നന്മയുണ്ട്. അല്ലാഹു അവന്റെ അടിമകളെ ഭയപ്പെടുത്താനും അവനോടുള്ള അവരുടെ ബാധ്യതകളും കടമകളും ഓർമിപ്പിക്കാനും പാപങ്ങൾ ചെയ്യുന്നതിനെതിരെ മുന്നറിയിപ്പ് നൽകാനും വിവിധങ്ങളായ ദൃഷ്ടാന്തങ്ങൾ അയക്കാറുണ്ട്. അല്ലാഹു പറഞ്ഞു: '... ഭയപ്പെടുത്തുവാനായിട്ടല്ലാതെ നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നില്ലതാനും' (ക്വുർആൻ 17: 59).**

പ്രകൃതിദുരന്തങ്ങൾ അടിമകൾ ചെയ്യുന്ന പാപങ്ങളുടെ ശിക്ഷയുടെ കാരണമായും ഇസ്‌ലാം പറഞ്ഞുതരുന്നുണ്ട്. അല്ലാഹു പറഞ്ഞു: 'പറയുക, നിങ്ങളുടെ മുകൾ ഭാഗത്തുനിന്നോ, നിങ്ങളുടെ കാലുകളുടെ ചുവട്ടിൽനിന്നോ നിങ്ങളുടെ മേൽ ശിക്ഷ അയക്കുവാൻ, അല്ലെങ്കിൽ നിങ്ങളെ ഭിന്ന കക്ഷികളാക്കി ആശയക്കുഴപ്പത്തിലാക്കുകയും, നിങ്ങളിൽ ചിലർക്ക് മറ്റു ചിലരുടെ പീഡനം അനുഭവിപ്പിക്കുകയും ചെയ്യാൻ കഴിവുള്ള



വനത്രെ അവന്‍' (ക്വുര്‍ആന്‍ 6: 65)

ജാബിറുബ്‌നു അബ്ദില്ലാഹ്(റ) നിവേദനം: 'നിങ്ങളുടെ മുകള്‍ ഭാഗത്തുനിന്ന് നിങ്ങളില്‍ വല്ല ശിക്ഷയും അയക്കുവാന്‍ അവന്‍ കഴിവുള്ളവനാണെന്നു പറയുക' എന്ന ഭാഗം അവതരിച്ചപ്പോള്‍ നബി(സ്വ) പ്രാര്‍ഥിച്ചു: '(അല്ലാഹുവേ) നിന്റെ മുഖത്തെ ഞാനിതാ അഭയം പ്രാപിച്ചുകൊള്ളുന്നു.' 'നിങ്ങളുടെ കാലുകളുടെ താഴെ നിന്ന് അയക്കുവാനും കഴിവുള്ളവനാണ്' എന്ന ഭാഗം അവതരിച്ചപോഴും നബി(സ്വ) പ്രാര്‍ഥിച്ചു: '(അല്ലാഹുവേ) നിന്റെ മുഖത്തെ ഞാനിതാ അഭയം പ്രാപിച്ചുകൊള്ളുന്നു' (ബുഖാരി).

ശൈഖ് അബ്ദുര്‍റഹ്മാന്‍ നാസ്വിര്‍ അസ്സഅ്ദി(റഹി) വിശദീകരിച്ചു: 'അവന് (അല്ലാഹുവിന്) അതെല്ലാം ചെയ്യാന്‍ കഴിയും. അതിനാല്‍ നിങ്ങള്‍ക്ക് നാശവും അധഃപതനവും വരുത്തുന്ന ഒരു ശിക്ഷ ഉണ്ടാകാതിരിക്കാന്‍ പാപത്തില്‍ തുടരുന്നത് നിങ്ങള്‍ സൂക്ഷിക്കുക. തനിക്ക് അത് ചെയ്യാന്‍ കഴിയുമെന്ന് അവന്‍ പ്രസ്താവിക്കുന്നുണ്ടെങ്കിലും, തന്റെ കാരുണ്യത്താല്‍ മുകളില്‍നിന്നും ചരല്‍വര്‍ഷമോ അല്ലെങ്കില്‍ അതുപോലെയുള്ളതോ ആയ ശിക്ഷയും, അവരുടെ കാല്‍ക്കീഴില്‍ ഭൂമിയിലേക്ക് ആഴ്ത്തിക്കളയുന്ന ശിക്ഷയും ഈ സമുദായത്തെ ആകമാനം ബാധിക്കുന്നതില്‍നിന്നും അവന്‍ ഒഴിവാക്കിയിട്ടുണ്ട്. എന്നാല്‍ അവന്‍ ശിക്ഷിക്കാന്‍ തിരഞ്ഞെടുക്കുന്ന ചിലരെ അവന്‍ ശിക്ഷിച്ചേക്കാം; അതിനായി ഒരു ശിക്ഷയെന്നോണം അവരെ അപായപ്പെടുത്താന്‍ ശ്രമിക്കുന്ന ശത്രുക്കള്‍ക്ക് ഈ ദുനിയാവില്‍ അല്‍പം ചില അധികാരങ്ങളും നല്‍കിയേക്കാം. അത് ജനങ്ങള്‍ കാണാനും പഠിക്കാനും അറിവുള്ളവര്‍ക്കത് ഗ്രഹിച്ചുമനസ്സിലാക്കാനുമാണ്' (തഫ്‌സീര്‍ അസ്സിഅ്ദി, സൂറതുല്‍ അന്‍ആം 65ന്റെ വ്യാഖ്യാനം).

ഈ കാലഘട്ടങ്ങളില്‍ സംഭവിക്കുന്ന ഭൂകമ്പങ്ങളെല്ലാം അല്ലാഹു തന്റെ ദാസന്‍മാരെ താക്കീതു ചെയ്യുകൊണ്ടുള്ള മുന്നറിയിപ്പുകളാണെന്നു പറയാം. ദോഷകരവും നാശകരവുമായ അത്യാപത്തുകള്‍ മനുഷ്യര്‍ക്ക് ഭവിക്കുന്നത് അല്ലാഹു പറയുന്നതുപോലെ ശിര്‍ക്കിന്റെയും ഇതര പാപങ്ങളുടെയും കാരണമായിട്ടാണ്. അല്ലാഹു പറഞ്ഞു: "നിങ്ങള്‍ക്ക് ഏതൊരു ആപത്തു ബാധിക്കുന്നതായാലും അത് നിങ്ങളുടെ കരങ്ങള്‍ പ്രവര്‍ത്തിച്ചത് നിമിത്തമായിരിക്കും. പലതിനെ സംബന്ധിച്ചും അവന്‍ മാപ്പ് നല്‍കുകയും ചെയ്യുന്നു" (ക്വുര്‍ആന്‍ 42:30).

**കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ആഗോളതലത്തില്‍ റിപ്പോര്‍ട്ട് ചെയ്യപ്പെട്ട ഭൂകമ്പങ്ങളുടെ എണ്ണത്തില്‍ പ്രകടമായ വര്‍ധനവുണ്ടെന്നാണ് സീസ്‌മോളജി (ഭൂകമ്പശാസ്ത്രം) പഠനങ്ങള്‍ വ്യക്തമാക്കുന്നത്. ഓരോ വര്‍ഷവും ശരാശരി ഏഴ് അല്ലെങ്കില്‍ അതില്‍ കൂടുതല്‍ മാഗ്‌നിറ്റിയൂഡിലുള്ള പതിനഞ്ചോളം ഭൂകമ്പങ്ങള്‍ ഉണ്ടാകാറുണ്ടെന്ന് വിദഗ്ധര്‍ ചൂണ്ടിക്കാണിക്കുന്നു. വാസ്തവത്തില്‍ ഇത് ഈ പ്രപഞ്ചത്തിലെ, അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങളിലൊന്നാണ്. ഇത്തരം ദുരന്തങ്ങള്‍ സംഭവിക്കുമ്പോള്‍ മനുഷ്യന്റെ ബലഹീനതയും കഴിവില്ലായ്മയും അല്ലാഹുവിന്റെ മുമ്പാകെയുള്ള എളിമയും പ്രകടിപ്പിക്കാന്‍ മനുഷ്യന് സാധിക്കണം. അങ്ങനെ അവന്‍ അല്ലാഹുവിലേക്ക് തിരിയുകയും അവനെ മഹത്ത്വപ്പെടുത്തുകയും ഈ വലിയ ദുരിതം ജനങ്ങളില്‍നിന്ന് നീങ്ങിക്കിട്ടുവാനായി പ്രതീക്ഷയോടെ പ്രാര്‍ഥിക്കുകയും വേണം.**

മനുഷ്യരുടെ ശരീരവും സമ്പത്തും സന്താനങ്ങളും ഉള്‍പ്പടെ അവര്‍ ഇഷ്ടപ്പെടുന്നതും ആഗ്രഹിക്കുന്നതുമായ എല്ലാറ്റിലും വിപത്തുകള്‍ ബാധിക്കുന്നത് അവരുടെ സ്വന്തം കൈകള്‍ ചെയ്ത ദുഷ്പ്രവൃത്തികള്‍ കൊണ്ടാണ്. എന്നാല്‍, മനുഷ്യന്റെ എല്ലാ തെറ്റുകള്‍ക്കും പെട്ടെന്നുതന്നെ അവനെ പിടികൂടി അതിന്റെ ദോഷഫലങ്ങള്‍ ഉടനെത്തന്നെ അനുഭവിപ്പിക്കുക എന്നതല്ല അല്ലാഹുവിന്റെ നടപടിക്രമം. അല്ലാഹു പറയുന്നു: 'മനുഷ്യരുടെ അക്രമത്തിനനുസരിച്ച് അല്ലാഹു അവരെ പിടികൂടുകയാണെങ്കില്‍, അതിന്റെ (ഭൂമിയുടെ) മുകളില്‍ യാതൊരു ജീവജന്തുവെയും അവന്‍ ബാക്കിവച്ചേക്കുമായിരുന്നില്ല. പക്ഷേ, ഒരു നിര്‍ണയിക്കപ്പെട്ട അവധിവരേക്കും അവന്‍ അവരെ ഒഴിവാക്കിവെക്കുകയാണ് ചെയ്യുന്നത്' (16:61).

പൂര്‍വ സമുദായങ്ങളുടെ ചരിത്രം ഓര്‍മിപ്പിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു: '(നബിയേ,) നിനക്കു മുമ്പു പല സമുദായങ്ങളിലേക്കും നാം (ദൂതന്മാരെ) അയക്കുകയുണ്ടായിട്ടുണ്ട്; എന്നിട്ട് കഷ്ടപ്പാടും ദുരിതവും കൊണ്ടു നാം അവരെ പിടികൂടി, അവര്‍ വിനയം കാണിക്കുവാന്‍ വേണ്ടി. എന്നാല്‍ അവര്‍ക്കു നമ്മുടെ ശിക്ഷ വന്നപ്പോള്‍ അവര്‍ വിനയം കാണിക്കാതിരുന്നതെന്താണ്? എങ്കിലും അവരുടെ ഹൃദയങ്ങള്‍ കടുത്തുപോയി. അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനെ പിശാച് അവര്‍ക്ക് അലങ്കാരമാക്കിക്കാണിക്കുകയും ചെയ്തു. അങ്ങനെ, യാതൊന്നിനെക്കുറിച്ച് അവര്‍ ഉല്‍ബോധിപ്പിക്കപ്പെട്ടുവോ അതവര്‍ മറന്നുകളഞ്ഞപ്പോള്‍ അവര്‍ക്ക് എല്ലാ വസ്തുക്കളുടെയും വാതിലുകള്‍ നാം തുറന്നുകൊടുത്തു. അങ്ങനെ, തങ്ങള്‍ക്കു നല്‍കപ്പെട്ടതില്‍ അവര്‍

ആഹ്ലാദം കൊണ്ടപ്പോൾ, അവരെ നാം പെട്ടെന്നു പിടിച്ചു. അപ്പോൾ, അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു' (6:42-44).

മനുഷ്യർ എന്തെല്ലാം സൗകര്യങ്ങളിൽ നടന്നാലും അല്ലാഹു ഉദ്ദേശിച്ച സമയത്ത് അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകേണ്ടവരാണ്. അല്ലാഹു പറഞ്ഞു: 'പറയുക: നിങ്ങൾ പേടിച്ചോടി പോകുന്നതായ മരണം; നിശ്ചയമായും അത് നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവന്റെ അടുക്കലേക്കു നിങ്ങൾ മടക്കപ്പെടുന്നതുമാകുന്നു. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ച് അവൻ നിങ്ങളെ വൃത്താന്തമറിയിക്കുന്നതാണ്' (62:8).

ഇത് യഹൂദികളെ സംബോധനചെയ്തു പറയുന്നതാണ്. മനുഷ്യരാരും തന്നെ പൊതുവിൽ മരണം കൊതിക്കുന്നവരല്ല; മരണത്തിൽ നിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരാണ്. എന്നാൽ എല്ലാവരും അനിവാര്യമായും മരണത്തെ അഭിമുഖീകരിക്കും. അത് അല്ലാഹു തന്റെ അടിമകൾക്ക് ഒഴിവാക്കാനാകാത്ത നിലക്ക് വിധിച്ചിട്ടുള്ളതാണ്. പിന്നീട് മരണശേഷം, ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുത്തേക്ക് എല്ലാവരും കൊണ്ടുവരപ്പെടുകയും ചെറുതും വലുതുമായ നന്മതിന്മകളുടെ വിചാരണ നടക്കുകയും ചെയ്യും. ഇതറിയുന്ന ഒരു വിശ്വാസി ബുദ്ധിമാനാകണം. ആ ബുദ്ധിമാൻ ആരാണെന്ന് നബി(സ്വ) അറിയിച്ചത് ഇപ്രകാരമാണ്: 'മരണത്തെ കുറിച്ചുള്ള സ്മരണ വർധിപ്പിക്കുകയും അതിന് ശേഷമുള്ളതിനുവേണ്ടി ഏറ്റവും നന്നായി ഒരുങ്ങുകയും ചെയ്യുവരാണ് ബുദ്ധിമാന്മാർ' (ഇബ്നു മാജ, അൽബാനി(റഹി) ഹസനെന്ന് വിശേഷിപ്പിച്ച ഹദീസ്).

ഭൂകമ്പം പോലുള്ള പ്രകൃതിദുരന്തങ്ങൾ പ്രത്യേക വ്യക്തികളെയോ വിഭാഗങ്ങളെയോ ഉന്നംവെച്ചുകൊണ്ടുള്ളതാണെന്ന് നമുക്ക് വിധിക്കാൻ അവകാശമില്ല. അല്ലാഹുവിന്റെ അറിവും ഉദ്ദേശ്യവും മനുഷ്യഗ്രാഹ്യതക്ക് അപ്പുറമുള്ള കാര്യമാണ്. അല്ലാഹു അറിയിച്ചുതരാത്ത ആത്മീയ കാരണങ്ങൾ ഊഹിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും ഗുണമുണ്ടാവുകയില്ല. അല്ലാഹു തീർച്ചയായും പരമകാരുണികനാണെന്നും അവന്റെ കാരുണ്യം എല്ലാറ്റിനെയും ഉൾക്കൊള്ളുന്നുവെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. കഷ്ടപ്പാടുകളും പ്രകൃതിദുരന്തങ്ങളും അല്ലാഹുവിന്റെ കാരുണ്യവുമായി എതിരാകുന്നില്ല. ഈ ജീവിതം ഒരു പരീക്ഷണമാണെന്നും ഭൂമിയിൽ മനുഷ്യർക്ക് പരീക്ഷണങ്ങളും കഷ്ടപ്പാടുകളും നേരിടേണ്ടിവരുമെന്നുമാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്.

**വിശ്വാസികൾ ഇത്തരം പ്രയാസങ്ങളുടെയും വിപത്തുകളുടെയും സമയങ്ങളിൽ, സ്വന്തം വിശ്വാസജീവിതത്തിൽ ക്ഷമയും സമാധാനവും കൈമുതലാക്കാനും ദുരിതബാധിതരോട് അനുകമ്പയോടും ഉദാരതയോടും പ്രതികരിക്കാനും, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കഴിയുന്നത്ര സഹായിക്കാനുമാണ് ശ്രമിക്കേണ്ടത്. അതാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതോടൊപ്പം ഭൂകമ്പങ്ങൾ സംഭവിക്കുന്നതിന് സാക്ഷ്യം വഹിക്കുന്നവർ പശ്ചാത്തപിക്കുകയും പാപങ്ങൾ ഉപേക്ഷിക്കുകയും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യണം. അതാണ് മുൻഗാമികളുടെ മാതൃക.**

പീഡാനുഭവങ്ങളും ദുരന്തങ്ങളും മനുഷ്യരിൽ വിശ്വാസവും സഹനവും വളർത്താനും അല്ലാഹുവിന്റെ സഹായവും കാരുണ്യവും തേടാനുമുള്ള ഒരു ഉപാധിയാണ്. മരണം ജീവിതത്തിന്റെ സ്വാഭാവിക ഭാഗമാണെന്നും പ്രായമോ സാഹചര്യമോ പരിഗണിക്കാതെ എല്ലാവരും ഒടുവിൽ മരിക്കുമെന്നും അറിയാത്തവരായി ആരുമില്ല. സംഭവിക്കുന്ന എല്ലാറ്റിനും പിന്നിൽ അല്ലാഹുവിന്റെ സമ്പൂർണമായ ജ്ഞാനമുണ്ടെന്നും എല്ലാവർക്കും ആത്യന്തിക നീതിയും കരുണയും പരലോകത്ത് നിറവേറ്റപ്പെടുമെന്നും ഇസ്‌ലാം അടിസ്ഥാന വിശ്വാസമായി പഠിപ്പിക്കുന്നുണ്ട്.

വിശ്വാസികൾ ഇത്തരം പ്രയാസങ്ങളുടെയും വിപത്തുകളുടെയും സമയങ്ങളിൽ, സ്വന്തം വിശ്വാസജീവിതത്തിൽ ക്ഷമയും സമാധാനവും കൈമുതലാക്കാനും ദുരിതബാധിതരോട് അനുകമ്പയോടും ഉദാരതയോടും പ്രതികരിക്കാനും, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കഴിയുന്നത്ര സഹായിക്കാനുമാണ് ശ്രമിക്കേണ്ടത്. അതാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതോടൊപ്പം ഭൂകമ്പങ്ങൾ സംഭവിക്കുന്നതിന് സാക്ഷ്യം വഹിക്കുന്നവർ പശ്ചാത്തപിക്കുകയും പാപങ്ങൾ ഉപേക്ഷിക്കുകയും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യണം. അതാണ് മുൻഗാമികളുടെ മാതൃക. 'ഇനിയൊരു ഭൂകമ്പമുണ്ടായാൽ ഞാൻ നിങ്ങളോടൊപ്പം ഇവിടെ നിൽക്കില്ല' എന്ന് ഉമർ(റ) ഭൂകമ്പമുണ്ടായപ്പോൾ മദീനക്കാരോട് പറഞ്ഞതും, ഉമർ ഇബ്നു അബ്ദുൽ അസീസ് (റഹി) ഇതേ കാരണം ഉണ്ടായപ്പോൾ തന്റെ ഗവർണർമാർക്ക് ദാനധർമങ്ങൾ ചെയ്യാൻ പറഞ്ഞുകൊണ്ട് കത്തെഴുതിയതുമെല്ലാം പാപവും പരിഹാരവുമായി ബന്ധപ്പെട്ട വിഷയത്തിന്റെ ഗൗരവമാണ് അറിയിക്കുന്നത്. ■



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 15

# ഗോവധ നിരോധനവും ഹിജാബ് നിരോധനവും ഒരുപോലെ?!

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

മതപ്രമാണങ്ങളിൽനിന്നും ഒരാൾ മനസ്സിലാക്കിയ ഒരു ആചാരം നിർബന്ധമായും അനുഷ്ഠിക്കാൻ ഒരാൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഭരണഘടന അയാൾക്ക് സംരക്ഷണം നൽകുന്നുണ്ട് എന്നാണ് ശിരൂർ മഠം കേസ് വിധിയിൽ പറയുന്നത്. ഇതിൽനിന്നും രക്ഷപ്പെടാൻ ശിരൂർ മഠം വിധിക്ക് പുതിയ വ്യാഖ്യാനങ്ങൾ നൽകാനാണ് കർണാടക എ.ജി. ശ്രമിച്ചത്. മതാചാരങ്ങളെ എസെൻഷ്യൽ എന്നും നോൺഎസെൻഷ്യൽ എന്നുമെല്ലാം വേർതിരിക്കാൻ സർക്കാറിന്റെ വിവേചാനാധികാരം ഉപയോഗിക്കാമെന്ന മട്ടിലാണ് 'എസെൻഷ്യൽ' ആശയത്തിന് നവ നിർവചനങ്ങൾ ചമച്ചുകൊണ്ട് അഡ്വക്കേറ്റ് ജനറൽ സംസാരിച്ചത്.

എസെൻഷ്യൽ അല്ലാത്ത കാര്യങ്ങൾ നിരോധിക്കാനും നിയന്ത്രിക്കാനും ഭരണകൂടങ്ങൾക്ക് അവകാശമുണ്ട് എന്ന് തെളിയിക്കാൻ അഡ്വക്കേറ്റ് ജനറൽ ഉദ്ധരിച്ചത് ഗോവധനിരോധനവുമായി ബന്ധപ്പെട്ട കോടതിവിധിയാണ്. 1958ലെ മുഹമ്മദ് ഹനീഫ ഖുറേഷി സ്‌റ്റേറ്റ് ഓഫ് ബീഹാർ വിധിയിലേക്കാണ് എ.ജി കടന്നത്. പ്രസ്തുത വിധിയിൽ 'ബക്രീദിനോട് അനുബന്ധിച്ച് പശുവിനെ ബലിയറുക്കൽ എസെൻഷ്യൽ അല്ല' എന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട് എന്നാണ് എ.ജിയുടെ കണ്ടുപിടുത്തം. ബക്രീദിന് പശുവിനെ അറുക്കൽ നിർബന്ധമാണെന്ന് ക്വുർആൻ പറഞ്ഞിട്ടില്ലെന്നും ചാൾസ് ഹാമിൽട്ടൺ പരിഭാഷപ്പെടുത്തിയ 'ഹിദായ'യിൽ പശു എഷെൻഷ്യൽ അല്ല, പകരം ആടിനെ ബലിയർപ്പിച്ചാൽ മതിയെന്ന് വ്യക്തമാക്കുന്നുണ്ടെന്നും എ.ജി വലിയ കാര്യംപോലെ കോടതിക്ക് മുമ്പിൽ അവതരിപ്പിച്ചു. ചാൾസ് ഹാമിൽട്ടന്റെ നിരീക്ഷണത്തെ ജസ്റ്റിസ് ഗുപ്ത ശരിവെക്കുകയും ചെയ്തു. പശുവിനെ അറുക്കൽ നിർബന്ധമല്ലെന്നും പകരം ആടിനെ അറുത്താൽ മതിയെന്നും ഖുറേഷി വിധിയിൽ വ്യ

> ഒരു വിഭാഗം വിശ്വാസികളുടെ ആരാധ്യജീവിയാണ് പശു എന്നതാണ് കാരണം. അതിന്റെ യുക്തിയും യുക്തിയില്ലായ്മയും അവിടെ നിൽക്കട്ടെ. ഏതെങ്കിലും വിഭാഗങ്ങൾക്ക് അതിൽ പരാതിയുണ്ടെങ്കിൽ പശുവിനെ അറുക്കുന്നത് നിർത്തിവെക്കുകയും അതിന് പകരം ആടിനെയോ പോത്തിനെയോ അറുക്കാവുന്നതുമാണ് എന്ന നിരീക്ഷണം മാത്രമാണ് ഖുറേഷി കേസിന്റെ വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ ഒരാൾ ശിരോവസ്ത്രം ധരിക്കുന്നതുകൊണ്ട് മറ്റൊരു മതവിഭാഗത്തിൽ പെട്ട ഒരാളുടെയും മനസ്സിന് പ്രയാസം ഉണ്ടാവേണ്ടതില്ല; ഉണ്ടാവുകയുമില്ല. അതുകൊണ്ടുതന്നെ ശിരോവസ്ത്ര നിരോധനത്തെ ഗോവധനിരോധനവുമായി തുലനം ചെയ്യുന്നതിൽ യാതൊരു സാംഗത്യവുമില്ല.

ക്തമായി പറയുന്നതായി അദ്ദേഹം പറഞ്ഞു. ക്വുർആൻ ഒരു കാര്യം പറഞ്ഞതുകൊണ്ട് മാത്രം അത് നിർബന്ധമായി ചെയ്യണമെന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത് എന്നും അതുകൊണ്ടുതന്നെ ക്വുർആനിൽ ശിരോവസ്ത്രവുമായി ബന്ധപ്പെട്ട കാര്യം വന്നിട്ടുണ്ടെങ്കിൽ തന്നെ അത് നിർബന്ധമാവുന്നില്ല എന്നും എ.ജി പറഞ്ഞു.

**വിശദീകരണം**

ഗോവധത്തെ ശിരോവസ്ത്രവുമായി സമീകരിക്കാനാണ് എ.ജിയുടെ ശ്രമം. ഗോവധത്തെ സംബന്ധിച്ച് ഇപ്പോഴും ഇന്ത്യയിൽ സമഗ്രമായ ഒരു നിയമവുമില്ല. ചില സംസ്ഥാനങ്ങളിൽ നിരോധനമുണ്ട്. ചിലയിടങ്ങളിൽ നിയന്ത്രണമുണ്ട്. ചിലയിടങ്ങളിൽ നിയന്ത്രണമോ നിരോധനമോ ഇല്ല. ഗോവധ നിരോധനവുമായി ബന്ധപ്പെട്ടുണ്ടായ മുറവിളികളുടെ ചരിത്രം ഏവർക്കുമറിയാം. ഒരു വിഭാഗം വിശ്വാസികളുടെ ആരാധ്യജീവിയാണ് പശു എന്നതാണ് കാരണം. അതിന്റെ യുക്തിയും യുക്തിയില്ലായ്മയും അവിടെ നിൽക്കട്ടെ. ഏതെങ്കിലും വിഭാഗങ്ങൾക്ക് അതിൽ പരാതിയുണ്ടെങ്കിൽ പശുവിനെ അറുക്കുന്നത് നിർത്തിവെക്കുകയും അതിന് പകരം ആടിനെയോ പോത്തിനെയോ അറുക്കാവുന്നതുമാണ് എന്ന നിരീക്ഷണം മാത്രമാണ് ഖുറേഷി കേസിന്റെ വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ ഒരാൾ ശിരോവസ്ത്രം ധരിക്കുന്നതുകൊണ്ട് മറ്റൊരു മതവിഭാഗത്തിൽ പെട്ട ഒരാളുടെയും മനസ്സിന് പ്രയാസം ഉണ്ടാവേണ്ടതില്ല; ഉണ്ടാവുകയുമില്ല. അതുകൊണ്ടുതന്നെ ശിരോവസ്ത്ര നിരോധനത്തെ ഗോവധനിരോധനവുമായി തുലനം ചെയ്യുന്നതിൽ യാതൊരു സാംഗത്യവുമില്ല. ഖുറേഷി കേസിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതി രാജ്യത്തുടനീളം ഗോവധം നിരോധിച്ചു എന്ന് പറയുന്നതിലും സത്യമില്ല. അങ്ങനെ കോടതിക്ക് പറയാൻ കഴിയില്ല. കാരണം ഇത്തരം കാര്യങ്ങൾ സംസ്ഥാനങ്ങളുടെ വിഷയങ്ങളാണ്. അതുകൊണ്ടാണ് പ്രസ്തുത വിഷയത്തിൽ രാജ്യത്തെ സംസ്ഥാനങ്ങളിൽ വ്യത്യസ്ത നിലപാടുകൾ രൂപം കൊണ്ടത്.

**രാജ്യത്ത് ജനിച്ചുവീഴുന്ന ഏതൊരു വ്യക്തിയും ഓരോ മതത്തിന്റെ പേരിൽ അറിയപ്പെടുന്നു എന്നത് ശരിയാണ്. പക്ഷേ, അതുകൊണ്ടുമാത്രം വിശ്വാസപരമായോ ആചാരപരമായോ അവർ പ്രസ്തുത മതത്തിൽ ഉൾപ്പെട്ടവർ ആകണമെന്നില്ല. മതനിയമങ്ങളെ കുറിച്ചുള്ള അജ്ഞതകൊണ്ടും ചിലർ ചില ആചാരങ്ങൾ ആചരിച്ചുവരുന്നുണ്ടാവില്ല. എന്നാൽ മതമനുസരിച്ചു തന്നെ ജീവിക്കണം എന്ന് നിർബന്ധമുള്ള ഭൂരിപക്ഷം മതവിശ്വാസികൾക്കും ശിരോവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും ഭരണഘടന നൽകുന്നുണ്ട് എന്ന വസ്തുത മൂടിവെക്കപ്പെടാൻ പാടില്ല.**

എ.ജിയുടെ ഈ പരാമർശത്തിൽ ജസ്റ്റിസ് ഗുപ്ത ഇടപെട്ടുകൊണ്ട് പറഞ്ഞു: 'നേരത്തെ അഡ്വ. പാഷ ഇവിടെ പറഞ്ഞത് ഇസ്‌ലാമിൽ അഞ്ചു കാര്യങ്ങൾ നിർബന്ധമാണ് എന്നാണ്. അവ തൗഹീദ് എന്ന തലക്കെട്ടിന്റെ അനുബന്ധമായിട്ടാണ് വരുന്നത്. ശിരോവസ്ത്രം അതിൽ പെട്ടതാണ് എന്നാണ് അവരുടെ അഭിപ്രായം. തൗഹീദ് എന്ന് പറയുന്നത് എത്രമാത്രം എസെൻഷ്യൽ ആകുന്നു എന്നാണ് അറിയാൻ ആഗ്രഹിക്കുന്നത്.' (ഇസ്‌ലാം എന്ന തലക്കെട്ട് തൗഹീദ് എന്നായി ജഡ്ജി തെറ്റായി മനസ്സിലാക്കുകയോ അല്ലെങ്കിൽ നാക്കുപിഴയായി വന്നതോ ആകാം).

**ശിരോവസ്ത്രവും ചില മുസ്‌ലിം സ്ത്രീകളും**

എ.ജി: 'ക്വുർആനിന്റെ ടെക്സ്റ്റ് വായിച്ചാൽ ശിരോവസ്ത്രം നിർബന്ധമാണെന്ന് മനസ്സിലാവില്ല. അതുകൊണ്ടാണ് നമ്മുടെ രാജ്യത്ത് നിരവധി മുസ്‌ലിം മാതാക്കളും സഹോദരിമാരും ശിരോവസ്ത്രം ധരിച്ചുവരാത്തത്. തുർക്കി പോലുള്ള രാജ്യങ്ങളിൽ പോലും ശിരോവസ്ത്രം നിരോധിച്ചിട്ടുണ്ട്. ശിരോവസ്ത്രം ധരിക്കാത്ത ഒരു മുസ്‌ലിം സ്ത്രീ ഒരു 'കുറഞ്ഞ മുസ്‌ലിം' ആണെന്ന് പറയാൻ സാധിക്കില്ല. എത്രയോ കോസ്മോപൊളിറ്റൻ നഗരങ്ങളിൽ ഞാൻ ജീവിച്ചിട്ടുണ്ട്. അവിടങ്ങളിലുള്ള മുസ്‌ലിം സ്ത്രീകൾ ശിരോവസ്ത്രം ധരിക്കുന്നത് ഞാൻ കണ്ടിട്ടില്ല.'

ഇതുകേട്ടപ്പോൾ ജസ്റ്റിസ് ഹേമന്ദ് ഗുപ്ത പറഞ്ഞു: 'ഞാനൊരു അനുഭവം പങ്കുവെക്കാം. പാകിസ്ഥാനിലെ ലാഹോർ ഹൈക്കോടതിയിലെ ഒരു ജഡ്ജി ഇന്ത്യ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് പെൺമക്കളും തല മറച്ചിരുന്നില്ല. ഇതിന്



ഞാൻ സാക്ഷിയാണ്. പഞ്ചാബ്, യു.പി, ബീഹാർ തുടങ്ങിയ സ്ഥലങ്ങളിലും ഞാൻ പല മുസ്‌ലിം വനിതകളെയും ശിരോവസ്ത്രം ധരിക്കാതെ കണ്ടിട്ടുണ്ട്.'

**വിശദീകരണം**

ചില മുസ്‌ലിം സ്ത്രീകൾ ശിരോവസ്ത്രം ഉപയോഗിക്കുന്നില്ല എന്നത് ശിരോവസ്ത്രം നിർബന്ധമല്ല എന്നാണ് തെളിയിക്കുന്നത് എന്ന എ.ജിയുടെയും ജസ്റ്റിസ് ഗുപ്തയുടെയും പ്രസ്താവനകൾ അതിശയോക്തിപരമാണ്. രാജ്യത്ത് ജനിച്ചുവീഴുന്ന ഏതൊരു വ്യക്തിയും ഓരോ മതത്തിന്റെ പേരിൽ അറിയപ്പെടുന്നു എന്നത് ശരിയാണ്. പക്ഷേ, അതുകൊണ്ടുമാത്രം വിശ്വാസപരമായോ ആചാരപരമായോ അവർ പ്രസ്തുത മതത്തിൽ ഉൾപ്പെട്ടവർ ആകണമെന്നില്ല. മതനിയമങ്ങളെ കുറിച്ചുള്ള അജ്ഞതകൊണ്ടും ചിലർ ചില ആചാരങ്ങൾ ആചരിച്ചുവരുന്നുണ്ടാവില്ല. എന്നാൽ മതമനുസരിച്ചു തന്നെ ജീവിക്കണം എന്ന് നിർബന്ധമുള്ള ഭൂരിപക്ഷം മതവിശ്വാസികൾക്കും ശിരോവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും ഭരണഘടന നൽകുന്നുണ്ട് എന്ന വസ്തുത മൂടിവെക്കപ്പെടാൻ പാടില്ല. ശബരിമല കേസിൽ ഈ കാര്യം വ്യക്തമായതാണ്. ആചാര രീതികളനുസരിച്ച് ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം പാടില്ല എന്നാണ്. അത് അവരുടെ വിശ്വാസപരമോ ആചാരപരമോ ആയ കാര്യമാണ്. പുരോഗമനത്തിന്റെയോ മറ്റോ പേരിൽ അതിൽ കോടതികൾക്കോ സർക്കാരുകൾക്കോ ഇടപെടാൻ സാധിക്കില്ല. പുരോഗമനത്തിന്റെ പേരിൽ ആരെങ്കിലും ശിരോവസ്ത്രം ഉപേക്ഷിക്കുന്നുണ്ടെങ്കിൽ അത് അവരുടെ മാത്രം കാര്യമാണ്. അത് മറ്റുള്ളവരുടെ മതപരമായ അവകാശങ്ങളെ ബാധിക്കാൻ പാടില്ല.

**തുർക്കിയും ശിരോവസ്ത്രവും**

ഒരു മുസ്‌ലിം ഭൂരിപക്ഷ രാജ്യമായ തുർക്കിയിൽ വളരെക്കാലം ശിരോവസ്ത്ര നിരോധനം ഉണ്ടായിരുന്നു എന്നത് ശരിതന്നെയാണ്. അത്താതുർക്കിന്റെ കാലത്തുണ്ടാക്കിയ ഭരണഘടനയുടെ പ്രശ്നമായിരുന്നു അത്. ഭൂരിപക്ഷം വരുന്ന തുർക്കിഷ് ജനതയുടെ ഹിതത്തിന് വിരുദ്ധമായി അവരുടെ മേൽ അത്താതുർക്ക് അടിച്ചേൽപിച്ച നിയമമായിരുന്നു അത്. ഏകാധിപത്യ പ്രവണതയുടെ ഭാഗമായിരുന്നു അത്. അത്താതുർക്കിന് ഹിജാബ് അടക്കമുള്ള ഇസ്‌ലാമിന്റെ നിരവധി അടയാളങ്ങളോട് എതിർപ്പുണ്ടായിരുന്നു. എന്നാൽ ഭൂരിപക്ഷം തുർക്കി ജനതയും ഇസ്‌ലാമിക വിശ്വാസമനുസരിച്ചുള്ള ഹിജാബ് അണിയാൻ ആഗ്രഹിക്കുന്നവരാണ്. ഈ പ്രശ്നത്തിൽ തുർക്കി 2010ൽ ഭരണഘടനാ ഭേദഗതി വരുത്തി അതിന് പരിഹാരം കണ്ടിട്ടുണ്ട്. ഒരു ജനതയുടെയും അഭീഷ്ടങ്ങളെ അധികകാലം മൂടിവെക്കാൻ കഴിയില്ല. ഇപ്പോൾ സൈന്യത്തിലടക്കം തുർക്കിയിൽ എല്ലാ മേഖലയിലും സ്ത്രീകൾക്ക് ശിരോവസ്ത്രം ധരിച്ചുകൊണ്ട് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ട്.

**ഭൂരിപക്ഷം വരുന്ന തുർക്കിഷ് ജനതയുടെ ഹിതത്തിന് വിരുദ്ധമായി അവരുടെ മേൽ അത്താതുർക്ക് അടിച്ചേൽപിച്ച നിയമമായിരുന്നു ശിരോവസ്ത്ര നിരോധനം. ഏകാധിപത്യ പ്രവണതയുടെ ഭാഗമായിരുന്നു അത്. അത്താതുർക്കിന് ഹിജാബ് അടക്കമുള്ള ഇസ്‌ലാമിന്റെ നിരവധി അടയാളങ്ങളോട് എതിർപ്പുണ്ടായിരുന്നു. എന്നാൽ ഭൂരിപക്ഷം തുർക്കി ജനതയും ഇസ്‌ലാമിക വിശ്വാസമനുസരിച്ചുള്ള ഹിജാബ് അണിയാൻ ആഗ്രഹിക്കുന്നവരാണ്. ഈ പ്രശ്നത്തിൽ തുർക്കി 2010ൽ ഭരണഘടനാ ഭേദഗതി വരുത്തി അതിന് പരിഹാരം കണ്ടിട്ടുണ്ട്. ഒരു ജനതയുടെയും അഭീഷ്ടങ്ങളെ അധികകാലം മൂടിവെക്കാൻ കഴിയില്ല. ഇപ്പോൾ സൈന്യത്തിലടക്കം തുർക്കിയിൽ എല്ലാ മേഖലയിലും സ്ത്രീകൾക്ക് ശിരോവസ്ത്രം ധരിച്ചുകൊണ്ട് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ട്.**

തുർക്കിയെ ആവേശത്തോടെ ഉദ്ധരിക്കുന്നവർ സുപ്രീംകോടതിയിൽ നിരവധി അഭിഭാഷകർ വെളിപ്പെടുത്തിയ കാനഡ, യു.എസ്, ദക്ഷിണാഫ്രിക്ക, കെനിയ തുടങ്ങിയ നിരവധി രാജ്യങ്ങളിൽ ശിരോവസ്ത്രം അവകാശമായി പ്രഖ്യാപിച്ച കോടതിവിധികൾക്ക് മേൽ കണ്ണടക്കുകയാണ് ചെയ്യുന്നത്.

**ഇന്ത്യ ഏകാധിപത്യ തുർക്കിയല്ല**

ഏകാധിപത്യ തുർക്കിയിൽ നിലനിന്നിരുന്ന ഒരു നിയമത്തെ എങ്ങനെയാണ് ഇന്ത്യയെന്ന ജനാധിപത്യ രാജ്യത്തെ നിയമവുമായി താരതമ്യം ചെയ്യുന്നത്? ഇന്ത്യയിൽ നിലനിൽക്കുന്നത് ജനാധിപത്യമാണ്. അതായത് എല്ലാ ജനവിഭാഗത്തിനും ആധ്യപത്യമുണ്ട് എന്നാണ് അതിന്റെ അർഥം. ഭൂരിപക്ഷവിഭാഗത്തിന്റെ ആധിപത്യമെന്നല്ല ഇന്ത്യയിലെ ജനാധിപത്യത്തിന്റെ വിവക്ഷ. ഏറ്റവും ചെറിയ ന്യൂനാൽന്യൂനപക്ഷമാണെങ്കിലും അവർക്കും ഇന്ത്യയിൽ ആധിപത്യമുണ്ട് എന്നാണ് അത് അർഥമാക്കുന്നത്. അതുകൊണ്ടുതന്നെ ഇന്ത്യൻ മുസ്‌ലിംകൾ അവരുടെ ആചാരമായി നൂറ്റാണ്ടുകളായി സ്വീകരിച്ചുവരുന്ന ആചാരമായ ശിരോവസ്ത്രത്തിന് ഭരണഘടനയുടെ സംരക്ഷണമുണ്ട് എന്ന കാര്യത്തിൽ യാതൊരു തർക്കത്തിനും അവകാശമില്ല.

**(തുടരും)**

**അടുത്ത ലക്കത്തിൽ: മുത്ത്വലാക്വും ബഹുഭാര്യത്വവും ശിരോവസ്ത്രവും**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: അശ്ശൂറാ

(കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

അധ്യായം 42

تَرَى ٱلظَّٰلِمِينَ مُشْفِقِينَ مِمَّا
كَسَبُوا۟ وَهُوَ وَاقِعٌۢ بِهِمْ ۗ وَٱلَّذِينَ
ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فِى
رَوْضَاتِ ٱلْجَنَّاتِ ۖ لَهُم مَّا يَشَآءُونَ عِندَ
رَبِّهِمْ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ٢٢

ذَٰلِكَ ٱلَّذِى يُبَشِّرُ ٱللَّهُ عِبَادَهُ ٱلَّذِينَ ءَامَنُوا۟
وَعَمِلُوا۟ ٱلصَّٰلِحَٰتِ ۗ قُل لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا إِلَّا
ٱلْمَوَدَّةَ فِى ٱلْقُرْبَىٰ ۗ وَمَن يَقْتَرِفْ حَسَنَةً نَّزِدْ لَهُۥ
فِيهَا حُسْنًا ۚ إِنَّ ٱللَّهَ غَفُورٌ شَكُورٌ ٢٣

أَمْ يَقُولُونَ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ۖ فَإِن يَشَإِ ٱللَّهُ
يَخْتِمْ عَلَىٰ قَلْبِكَ ۗ وَيَمْحُ ٱللَّهُ ٱلْبَٰطِلَ وَيُحِقُّ ٱلْحَقَّ
بِكَلِمَٰتِهِۦٓ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ٢٤

22. (പരലോകത്തുവെച്ച്) ആ അക്രമകാരികളെ തങ്ങൾ സമ്പാദിച്ചുവെച്ചതിനെപ്പറ്റി ചകിതരായ നിലയിൽ നിനക്ക് കാണാം. അത് (സമ്പാദിച്ചുവെച്ചതിനുള്ള ശിക്ഷ) അവരിൽ വന്നുഭവിക്കുകതന്നെചെയ്യും. വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവർ സ്വർഗത്തോപ്പുകളിലായിരിക്കും. അവർ ഉദ്ദേശിക്കുന്നതെന്തോ അത് അവരുടെ രക്ഷിതാവിങ്കൽ അവർക്കുണ്ടായിരിക്കും. അതത്രെ മഹത്തായ അനുഗ്രഹം.

23. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത തന്റെ ദാസൻമാർക്ക് അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നതത്രെ അത്. നീ പറയുക: അതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. അടുത്ത ബന്ധത്തിന്റെ പേരിലുള്ള സ്നേഹമല്ലാതെ. വല്ലവനും ഒരു നൻമ പ്രവർത്തിക്കുന്ന പക്ഷം അതിലൂടെ അവന്ന് നാം ഗുണം വർധിപ്പിച്ചു കൊടുക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ഏറ്റവും നന്ദിയുള്ളവനുമാകുന്നു.

24. അതല്ല, അദ്ദേഹം (പ്രവാചകൻ) അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? എന്നാൽ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിന്റെ ഹൃദയത്തിനുമേൽ അവൻ മുദ്രവെക്കുമായിരുന്നു. അല്ലാഹു അസത്യത്തെ മായ്ച്ചുകളയുകയും തന്റെ വചനങ്ങൾകൊണ്ട് സത്യത്തെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഹൃദങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു.

22). ആ ദിവസത്തിൽ (അക്രമകാരികളെ നിനക്ക് കാണാം) തെറ്റിലും നിഷേധത്തിലുമായിരുന്നവരെ. (ഭയചകിതരായി) ഭയപ്പെടുന്നവരും പേടിക്കുന്നവരും. (തങ്ങൾ സമ്പാദിച്ചുവെച്ചതിനെപ്പറ്റി) അതിനാൽ ശിക്ഷിക്കപ്പെടുമോ എന്ന ഭയത്താൽ.

ഭയപ്പെടുന്നവൻ ആശങ്കപ്പെടുന്ന കാര്യം ചിലപ്പോൾ അവന് സംഭവിക്കും. ചിലപ്പോൾ സംഭവിക്കാതിരിക്കുകയും ചെയ്യാം. അതാണ് അല്ലാഹു പറയുന്നത്: (അത് അവരിൽ വന്നുഭവിക്കുക തന്നെ ചെയ്യും) അവർ ഭയപ്പെട്ട ശിക്ഷ. കാരണം, ശിക്ഷ കിട്ടാവുന്ന കാരണം അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ശിക്ഷ ലഭിക്കാതിരിക്കാനുള്ള തടസ്സങ്ങളോ പശ്ചാത്താപമോ മറ്റോ അവരിൽനിന്നുണ്ടായിട്ടില്ലതാനും. കാത്തിരിപ്പും സാവകാശവുമില്ലാത്ത ഒരവസ്ഥയിലാണ് ശിക്ഷയുടെ കാര്യത്തിൽ അവരിപ്പോൾ എത്തിയിട്ടുള്ളത്.

(വിശ്വസിക്കുകയും) തങ്ങളുടെ ഹൃദയംകൊണ്ട്; അല്ലാഹുവിലും അവന്റെ വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അവൻ കൊണ്ടുവന്നതിലുമെല്ലാം. (സൽകർമം പ്രവർത്തിക്കുകയും) ഐഛികമായതും നിർബന്ധമായതുമായ ശാരീരിക ആരാധനകളും ഹൃദയത്തിൽനിന്നുണ്ടാകുന്നതുമായ സർവ സത്യപ്രവർത്തനങ്ങളും ഇതിൽപെടുന്നു. ഇവർ (സ്വർഗത്തോപ്പുകളിലായിരിക്കും). ഇവിടെ പൂന്തോപ്പുകളെ സ്വർഗത്തിലേക്ക് ചേർത്താണ് പറഞ്ഞത്. ചേർക്കപ്പെടുന്ന വസ്തുവിന്റെ മഹത്ത്വമനുസരിച്ചാണ് ചേർക്കുന്നതിന്റെ മഹത്ത്വം. ഭംഗിയാർന്ന ആ പൂന്തോപ്പിന്റെ പ്രശോഭയെക്കുറിച്ച് നീ ചോദിക്കേണ്ടതില്ല; അതിലെ കുതിച്ചൊഴുകുന്ന നദികളെക്കുറിച്ചും പുൽമേടുകളെയും മനോഹര കാഴ്ചകളെയും ഫലവൃക്ഷങ്ങളെയും പാട്ടുപാടുന്ന പക്ഷികളെയും ആനന്ദിപ്പിക്കുന്ന മധുരശബ്ദങ്ങളെയും കുറിച്ചുമെല്ലാം. എല്ലാ ഇഷ്ടപ്പെട്ടവരുമായി അവിടെ സംഗമിക്കും. പരസ്പര സഹവാസങ്ങളും ബന്ധങ്ങളുമെല്ലാം അതിന്റെ പൂർണാവസ്ഥയിൽ അവിടെയുണ്ടാകും.

പൂന്തോട്ടത്തിന്റെ വിശാലത ഭംഗിയും ശോഭയും വർധിപ്പിക്കുക മാത്രമെ ചെയ്യൂ. അതിലുള്ളവർക്ക് ആഗ്രഹവും ഇഷ്ടവും അധികരിപ്പിക്കുകയും ചെയ്യും. (അവർ ഉദ്ദേശിക്കുന്നത് അവർക്കുണ്ടായിരിക്കും) അതായത് ആ സ്വർഗങ്ങളിൽ. (അവരുടെ രക്ഷിതാവിങ്കൽ) അവർ എന്ത് ഉദ്ദേശിച്ചാലും അത് ലഭിച്ചിരിക്കും. അവർ ആവശ്യപ്പെട്ടതെന്തും കിട്ടിയിരിക്കും. അതാവട്ടെ ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതും ഒരു മനുഷ്യഹൃദയവും ചിന്തിക്കുക പോലും ചെയ്യാത്തതുമായിരിക്കും. (അതത്രെ മഹത്തായ അനുഗ്രഹം) അല്ലാഹുവിന്റെ ആദരണീയ ഭവനത്തിൽ അവന്റെ സാമീപ്യവും അനുഗ്രഹവും തൃപ്തിയും നേടുന്നതിനെക്കാൾ വലിയ വിജയം മറ്റെന്താണുള്ളത്?

23). (അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്ന



തത്രെ അത്) അതുമൂലം. (വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത തന്റെ ദാസന്മാർക്ക്) എല്ലാ നിലക്കും ഈ സന്തോഷവാർത്ത ഏറ്റവും വലിയ സന്തോഷവാർത്തയാണ്. പരമകാരുണികനും കരുണാനിധിയുമാണ് ഈ സന്തോഷവാർത്ത അറിയിക്കുന്നത്. സൽപ്രവർത്തനങ്ങളുടെയും വിശ്വാസത്തിന്റെയും ആളുകൾക്ക് ഏറ്റവും ഉത്തമനായ സൃഷ്ടി മുഖേന അറിയിക്കുന്ന സന്തോഷവാർത്ത. ഏറ്റവും ശ്രേഷ്ഠമായ ലക്ഷ്യത്തിലെത്തിക്കുന്ന ഏറ്റവും ഉത്തമമാർഗം. (അതിന്റെ പേരിൽ നിങ്ങളിൽനിന്ന് ഞാൻ ചോദിക്കുന്നില്ല) ഈ ക്വുർആൻ നിങ്ങൾക്ക് എത്തിച്ചുതരുന്നതിനും അതിന്റെ വിധികൾ നിങ്ങൾക്ക് പ്രബോധനം ചെയ്യുന്നതിനും. (യാതൊരു പ്രതിഫലവും) നിങ്ങളുടെ സമ്പത്തോ നിങ്ങളുടെ മേലുള്ള അധികാരമോ മറ്റ് യാതൊരു ലക്ഷ്യങ്ങളും ഇല്ലതന്നെ. (അടുത്ത ബന്ധത്തിന്റെ പേരിലുള്ള സ്നേഹമല്ലാതെ) അതിന്റെ ഉദ്ദേശ്യം ഇങ്ങനെയായിരിക്കാം: അതായത് ഒരു പ്രതിഫലം മാത്രമെ ഞാൻ നിങ്ങളോട് ചോദിക്കുന്നുള്ളൂ. അതാവട്ടെ നിങ്ങൾക്കുതന്നെയാണ് ലഭിക്കുന്നത്. അതിന്റെ പ്രയോജനം നിങ്ങളിലേക്ക് മടങ്ങുന്നു. നാം തമ്മിലുള്ള അടുത്ത ബന്ധത്തിൽ നിങ്ങളെന്നെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു. വിശ്വാസപരമായ സ്നേഹബന്ധമാണ് ഈ വർധിക്കുന്ന സ്നേഹത്തിനു നിദാനം. റസൂലിലുള്ള വിശ്വാസം, അതിൽനിന്നുള്ള സ്നേഹം സർവ സ്നേഹങ്ങളെയും അതിജയിക്കുന്നു; അല്ലാഹുവിനോടുള്ള സ്നേഹമൊഴിച്ച്. ഇതാവട്ടെ, എല്ലാ മുസ്‌ലിമിനും നിർബന്ധമാണ്. ആ സ്നേഹം വർധിപ്പിക്കണമെന്നാണ് അദ്ദേഹം അവരോട് ആവശ്യപ്പെട്ടത്; ബന്ധത്തിന്റെ പേരിൽ. കാരണം പ്രബോധന ബന്ധത്തിലൂടെ അദ്ദേഹം അവർക്കെല്ലാം അടുത്ത ബന്ധമുള്ളവനാ

യി. എത്രത്തോളമെന്നാൽ ക്വുറൈശി ഗോത്രങ്ങളിൽ പ്രവാചകനോട് ബന്ധമില്ലാത്തവരായി ആരുമില്ലെന്ന് പറയുന്നിടത്തോളം ആ ബന്ധമെത്തി.

മറ്റൊരു വ്യാഖ്യാനം 'അല്ലാഹുവിന്റെ സ്നേഹം' എന്നതാണ്. അതാകട്ടെ അവനോട്അടുക്കുന്നതിലൂടെ ലഭിക്കുന്നതാണ്; അവനെ അനുസരിക്കുക വഴിയും. അതാണ് അദ്ദേഹം സത്യസന്ധനും സ്വീകാര്യനുമാണെന്നതിന്റെ തെളിവ്. അതാണ് അല്ലാഹു പറഞ്ഞത്: (അടുത്ത ബന്ധത്തിന്റെ പേരിലുള്ള സ്നേഹമല്ലാതെ) അതായത് അല്ലാഹുവിലേക്ക് അടുക്കുന്നതിലൂടെ. രണ്ട് വ്യാഖ്യാനം സ്വീകരിച്ചാലും മൊത്തത്തിൽ പറഞ്ഞത് ഒരു പ്രതിഫലവും നിങ്ങളോട് ചോദിക്കുന്നില്ല എന്നുതന്നെയാണ്. ഉണ്ടെങ്കിൽ തന്നെ അതിന്റെ പ്രയോജനം അവർക്കുതന്നെയാണ്. യഥാർഥത്തിൽ ഇത് അദ്ദേഹത്തിൽനിന്നുള്ള പ്രതിഫലമല്ല. അവർക്ക് അദ്ദേഹത്തിൽനിന്ന് ലഭിക്കുന്ന അവർക്കുള്ള പ്രതിഫലമാണ്. അല്ലാഹു പറഞ്ഞതു പോലെയുള്ള ഒരാശയം:

وَمَا نَقَمُواْ مِنۡهُمۡ إِلَّآ أَن يُؤۡمِنُواْ بِٱللَّهِ ٱلۡعَزِيزِ ٱلۡحَمِيدِ ٨

"പ്രതാപശാലിയും സ്തുത്യർഹനുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നുവെന്നത് മാത്രമായിരുന്നു അവരുടെ മേൽ അവർ ചുമത്തിയ കുറ്റം"(85:8). മറ്റൊരു നിലയ്ക്ക് പറഞ്ഞാൽ 'അയാൾ എന്നോടൊരു തെറ്റും ചെയ്തിട്ടില്ല, നിനക്ക് ചില ഉപകാരങ്ങൾ ചെയ്തുവെന്നതല്ലാതെ' എന്ന് പറയുന്നതുപോലെ. (വല്ലവനും ഒരു നന്മ പ്രവർത്തിക്കുന്നപക്ഷം) നമസ്കാരമോ നോമ്പോ ഹജ്ജോ, അതല്ലെങ്കിൽ ഏതെങ്കിലും സൃഷ്ടികൾക്ക് എന്തെങ്കിലും നന്മ. (അവനു നാം അതിന്റെ ഗുണം വർധിപ്പിച്ചുകൊടുക്കുന്നതാണ്) അവന്റെ ഹൃദയത്തെ വിശാലമാക്കിയും അവന്റെ കാര്യങ്ങൾക്ക് സൗകര്യമേർപ്പെടുത്തിയും മറ്റു സൽപ്രവർത്തനങ്ങൾക്ക് അവസരമൊരുക്കിയും. അതിലൂടെ സത്യവിശ്വാസിയുടെ പ്രവർത്തനങ്ങൾ വർധിക്കുന്നു; അല്ലാഹുവിന്റെ അടുക്കലും മറ്റു സൃഷ്ടികൾക്കിടയിലും. അവന്റെ പദവി വർധിക്കുന്നു. ഇഹത്തിലും പരത്തിലും അവൻ പ്രതിഫലാർഹനായിത്തീരുകയും ചെയ്യുന്നു. (അല്ലാഹു ഏറെ പൊറുക്കുന്നവനും നന്ദിയുള്ളവനുമാകുന്നു) ശരിയായ പശ്ചാത്താപത്തിലൂടെ അവൻ പാപങ്ങൾ പൊറുക്കുന്നു. കുറഞ്ഞ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രതിഫലം നൽകി അവൻ നന്ദി കാണിക്കുന്നു. അവന്റെ പാപമോചനത്താൽ പാപം പൊറുത്തും ന്യൂനതകൾ മറച്ചുവെച്ചും നന്മകൾ സ്വീകരിക്കുന്നതും അനേകം ഇരട്ടി പ്രതിഫലം നൽകുന്നതും അവൻ കാണിക്കുന്ന നന്ദി തന്നെയാണ്.

24). റസൂലി(സ്വ)നെ നിഷേധിക്കുന്നവർ കളവായി പറയുകയാണോ? (അദ്ദേഹം അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചു എന്ന്) ഏറ്റവും മോശവും നികൃഷ്ടവുമായ ആരോപണമാണ് നിന്നിൽ അവർ ആരോപിക്കുന്നത്. പ്രവാചകത്വം വാദിക്കുന്നതിലൂടെ അല്ലാഹുവിന്റെ മേൽ കളവ് കെട്ടിച്ചമക്കുകയാണെന്നതാണത്. അവർക്കറിയാം താങ്കളുടെ സത്യതയും വിശ്വസ്തതയുമെല്ലാം. ഇത്രയും വ്യക്തമായ ഒരു കളവുപറയാൻ അവർ എങ്ങനെ ധൈര്യപ്പെട്ടു? അല്ലാഹുവിന്റെ പേരിൽ കളവ് പറയാനാണ് അവർ ധൈര്യം കാണിച്ചത്. അത് അല്ലാഹുവിനെക്കുറിച്ചുള്ള ആരോപണമാണ്. താങ്കൾ നിർവഹിക്കുന്ന ഈ മഹത്തായ പ്രബോധനം അവരുടെ വാദപ്രകാരം ഭൂമിയിലെ ഏറ്റവും വലിയ നശീകരണ പ്രവർത്തനമാണ്. അല്ലാഹു പ്രബോധനത്തിന് അദ്ദേഹത്തിന് സൗകര്യം ചെയ്തുകൊടുത്തതും പ്രകടമായ അമാനുഷിക ദൃഷ്ടാന്തങ്ങൾ, ശക്തമായ തെളിവുകൾ, വ്യക്തമായ സഹായം, എതിരാളികൾക്കെതിരെ ആധിപത്യം എന്നിവ നൽകിയതുമെല്ലാം ഈ കുഴപ്പങ്ങളുണ്ടാക്കാനാണെന്നാണ് അവരുടെ വാദം. അല്ലാഹുവാകട്ടെ, ഈ പ്രബോധനത്തെ ആവശ്യമെങ്കിൽ പാടെ നശിപ്പിക്കുവാൻ കഴിയുന്നവനാണ്. അവന്റെ പ്രവാചകന്റെ ഹൃദയത്തിന് സീൽവെക്കാനും ഒന്നും ശ്രദ്ധിക്കാൻ കഴിയാത്ത, ഒരു നന്മയും ലഭിക്കാത്തവിധം അദ്ദേഹത്തിന്റെ ഹൃദയത്തിന് സീൽ വെക്കാനും അതുമൂലം സർവ കാര്യങ്ങളും നിന്നുപോകാനും നശിപ്പിക്കാനും കഴിയുന്നവൻ, ഇതുതന്നെ മതി പ്രവാചകൻ കൊണ്ടുവന്നത് സത്യമാണെന്ന് തെളിയാൻ. അദ്ദേഹം പറയുന്നത് അല്ലാഹുവിൽനിന്നുതന്നെയാണെന്നതിന് ഏറ്റവും വലിയ സാക്ഷ്യവും. ഇതിലും വലിയൊരു സാക്ഷ്യം ആവശ്യമില്ല. അല്ലാഹുവിന്റെ യുക്തിയും കാരുണ്യവും നടപടിക്രമവുമാണ് അസത്യത്തെ ഉന്മൂലനം ചെയ്യുക എന്നത്. ചില സന്ദർഭങ്ങളിൽ അതിന് സ്വാധീനം കിട്ടിയേക്കാം.

എന്നാൽ അന്തിമ പരിണിതി സർവനാശമാണ്. (തന്റെ വചനങ്ങൾകൊണ്ട് സത്യത്തെ സ്ഥിരീകരിക്കുകയും ചെയ്യുന്നു) മാറ്റമില്ലാത്ത പ്രാപഞ്ചികസത്യം, സത്യമായ വാഗ്ദാനം, ഹൃദയത്തിന് സ്ഥൈര്യം നൽകുകയും ബുദ്ധികൾക്ക് ഉൾക്കാഴ്ച നൽകുകയും ചെയ്യുന്ന, യഥാർഥ സത്യത്തെ സാക്ഷാത്കരിക്കുന്ന മതനിയമങ്ങൾ, അസത്യത്തെ നേരിടുന്നതും അല്ലാഹു സത്യത്തിന്റെ സംസ്ഥാപനത്തിനു വേണ്ടിയാണ്. അതിനെ നേരിട്ടാൽ തെളിവും പ്രമാണങ്ങളും കൊണ്ട് സത്യം അതിനുമേൽ വിജയം കൈവരിക്കും. അസത്യത്തെ നിഷ്പ്രഭമാക്കുംവിധം സത്യത്തിന്റെ വെളിച്ചവും പ്രകാശവും പ്രത്യക്ഷമാകും. എല്ലാവർക്കും അസത്യത്തിന്റെ നിരർഥകത വ്യക്തമാകും. എല്ലാവിധേനയും സത്യം വിജയിച്ചുനിൽക്കുകയും ചെയ്യും. (തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു) അതിലുള്ള നന്മ-തിന്മകളെ വെളിവാക്കാതെ മറച്ചുവെച്ചതും.

ലേഖനം



# ദിക്റും ദുആയും


ശമീർ മദീനി
:9048 221 212


അല്ലാഹുവിന്റെ വിശിഷ്ടമായ നാമങ്ങൾകൊണ്ടും അന്യൂനമായ വിശേഷണങ്ങൾകൊണ്ടും അവന്റെ മഹത്തായ അനുഗ്രഹങ്ങൾകൊണ്ടുമൊക്കെ അവനെ വാഴ്ത്തലും പുകഴ്ത്തലുമാണ് 'ദിക്ർ.' എന്നാൽ ഒരാൾ തന്റെ ആവശ്യനിർവഹണത്തിനായി നടത്തുന്ന തേട്ടങ്ങളും പ്രാർഥനകളുമാണ് 'ദുആ'യിലുള്ളത്. കേവലമായ പ്രാർഥനയെക്കാൾ മേൽപറഞ്ഞ ദിക്റുകൾക്കാണ് ശ്രേഷ്ഠതയുള്ളത്. രണ്ടും നന്മനിറഞ്ഞ വയാണെങ്കിലും ആപേക്ഷികമായി നോക്കുമ്പോൾ ദിക്റിനാണ് കൂടുതൽ മഹത്ത്വമുള്ളത്.

ഒന്നാമത്തെത് 'ദുആഉൽ ഇബാദ'യും രണ്ടാമത്തെത് 'ദുആഉൽ മസ്അല'യുമാണ്. ദുആഉൽ മസ്അല എന്നാൽ ഇഹലോകത്തിലെയോ പരലോകത്തിലെയോ ഏതെങ്കിലും ഉപകാരം കിട്ടുവാനോ ഉപദ്രവം നീങ്ങുവാനോ വേണ്ടി അല്ലാഹുവിനോട് നടത്തുന്ന തേട്ടമാണ്. എന്നാൽ ദുആഉൽ ഇബാദയിൽ പ്രത്യക്ഷത്തിൽ ഇത്തരം തേട്ടങ്ങൾ കാണുകയില്ല. മറിച്ച് അല്ലാഹുവിന് കീഴ്പെട്ടുകൊണ്ടുള്ള ആരാധനകളാണ് അതിലുണ്ടാവുക.

അപ്രകാരംതന്നെ കേവലമായ ദിക്റുകളെക്കാൾ ക്വുർആൻ പാരായണമാണ് ശ്രേഷ്ഠം. കാരണം ക്വുർആൻ അല്ലാഹുവിന്റെ വചനമാണ്. മറ്റേത് ദിക്റിനെക്കാളും പല പ്രത്യേകതകളും മഹത്ത്വങ്ങളും അതിനുണ്ട്. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേകമായി പഠിപ്പിക്കപ്പെട്ട ദിക്റുകൾക്കും ദുആകൾക്കും തന്നെയാണ് അവിടങ്ങളിൽ ശ്രേഷ്ഠതയുള്ളതും നാം അനുഷ്ഠിക്കേണ്ടതും. ഉദാ: നമസ്കാരത്തിലെ റുകൂഇലും സുജൂദിലും നാം ചൊല്ലുന്ന തസ്ബീഹുകളാണ് അവിടങ്ങളിൽ ക്വുർആൻ പാരായണം നടത്തുന്നതിനെക്കാൾ ശ്രേഷ്ഠം. മാത്രമല്ല റുകൂഇലും സുജൂദിലും ക്വുർആൻ പാരായണം നടത്തൽ വിലക്കപ്പെട്ടിട്ടുമുണ്ട്

നമസ്കാരത്തിലെ ഓരോ സന്ദർഭത്തിലെയും പ്രത്യേകം പ്രത്യേകമായ പ്രാർഥനകളുടെയും ദിക്റുകളുടെയുമൊക്കെ അവസ്ഥ ഇതുതന്നെയാണ്. ഓരോ സന്ദർ

ഭത്തിലും പ്രത്യേകമായി പഠിപ്പിക്കപ്പെട്ടിട്ടുള്ള ദിക്റുകളും ദുആകളും ആ സന്ദർഭങ്ങളിൽ മറ്റേത് ദിക്റിനെക്കാളും മഹത്തരമാണ്. നബി (സ്വ)യുടെ ചര്യയും മാതൃകകളുമാണ് അത് മനസ്സിലാക്കാനുള്ള മാനദണ്ഡം.

ഓരോന്നും പ്രത്യേകം പ്രത്യേകമായി താരതമ്യം ചെയ്യുമ്പോഴാണ് ഈ വ്യത്യാസം മനസ്സിലാക്കുവാൻ സാധിക്കുക. അഥവാ ക്വുർആൻ പാരായണമാണ് ദിക്റിനെക്കാൾ ശ്രേഷ്ഠമെന്നും ദിക്റാണ് ദുആ യെക്കാൾ മഹത്തരമെന്നുമൊക്കെ പറയുന്നത് ഈയൊരർഥത്തിലാണ്. നമസ്കാരത്തിൽ രണ്ട് സുജൂദുകൾക്കിടയിലുള്ള ഇരുത്തത്തിൽ നാം ചൊല്ലുന്ന 'റബ്ബിഗ്ഫിർ ലീ വർഹംനീ...' എന്ന് തുടങ്ങുന്ന ദുആ തന്നെയാണ് അവിടെ ചൊല്ലേണ്ടതും അതിനുതന്നെയാണ് അവിടെ ഏറ്റവും പ്രസക്തിയും മഹത്ത്വവുമുള്ളത്. അതല്ലാതെ അവിടെ ക്വുർആൻ പാരായണം പ്രസക്തമല്ല. അപ്രകാരംതന്നെ നമസ്കാര ശേഷം സലാം വീട്ടിക്കഴിഞ്ഞാൽ ചൊല്ലുവാൻ നിർദേശിക്കപ്പെട്ട ദിക്റുകളാണ് അവിടെ മറ്റെന്തിനെക്കാളും പ്രസക്തവും മഹത്തരവുമായത്. ഓരോന്നിനും അതിന്റെതായ സന്ദർഭങ്ങളുണ്ട് എന്നു സാരം. പൊതുവിലുള്ള ദുആയെക്കാൾ പൊതുവിലുള്ള ദിക്റുകളും പൊതുവിലുള്ള ദിക്റുകളെക്കാൾ പൊതുവിലുള്ള ക്വുർആൻ പാരായണവും ശ്രേഷ്ഠമാണ് എന്നു പറയുമ്പോൾ അർഥമാക്കുന്നത് ഇതാണ്. അതിൽതന്നെയും ചില വ്യക്തികൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ആപേക്ഷികമായി അവയുടെ ശ്രേഷ്ഠതയിൽ വ്യത്യാസങ്ങൾ വന്നേക്കും.

ഇബ്നുൽ ക്വയ്യിം(റഹി) ഇക്കാര്യം തന്റെ പ്രസിദ്ധ ഗ്രന്ഥമായ 'അൽവാബിലുസ്സയ്യിബി'ൽ പറയുന്നുണ്ട്. അതിന്റെ ചുരുക്കം ഇങ്ങനെയാണ്: 'ഒരാൾ താൻ ചെയ്ത തെറ്റുകുറ്റങ്ങളെക്കുറിച്ച് ആലോചിച്ച് അല്ലാഹുവിനോട് ആത്മാർഥമായി പശ്ചാത്തപിക്കുകയും പൊറുക്കലിനെ തേടുകയും ചെയ്യുന്നു. അതല്ലെങ്കിൽ പിശാച് ഉണ്ടാക്കുന്ന ഉപദ്രവങ്ങളെക്കുറിച്ചു ഭയന്ന് അതിൽനിന്നുള്ള സുരക്ഷയ്ക്കായി മതം പഠിപ്പിക്കുന്ന ദിക്ർ-ദുആകളിലേക്ക് അയാൾ നീങ്ങുന്നു. അതുമല്ലെങ്കിൽ ഒരാൾക്ക് അത്യാവശ്യമായി വന്നിട്ടുള്ള ഒരു കാര്യ നിർവഹണത്തിനായി ആത്മാർഥമായി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുന്നു. ഇത്തരം സന്ദർഭങ്ങളിലൊക്കെ ആ പ്രത്യേക കാര്യങ്ങളിൽ മുഴുകുന്നത് തന്നെയാണ് ഏറ്റവും ശ്രേഷ്ഠം എന്ന് പ്രത്യേകം പറയേണ്ടതില്ല. കാരണം അയാളുടെ മനസ്സും ശ്രദ്ധയും താഴ്മയും ഭക്തിയുമൊക്കെ അതിലായിരിക്കും ഏറ്റവും കൂടുതലുണ്ടാവുക.'

ഈ വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞാൽ ഓരോന്നും അതാതിന്റെ ഏറ്റവും ശ്രേഷ്ഠമായ സന്ദർഭത്തിലും സാഹചര്യത്തിലും ഉപയോഗപ്പെടുത്താൻ സാധിക്കും.

നമസ്കാരം എന്നത് ക്വുർആൻ പാരായണവും ദിക്റുകളും ദുആകളുമെല്ലാം സമ്മേളിക്കുന്ന ഒരു മഹത്തായ ഇബാദത്തായതുകൊണ്ട് വേറിട്ടു നിർവഹിക്കുന്ന ക്വുർആൻ പാരായണത്തെക്കാളും ദിക്ർ-ദുആകളെക്കാളും അതിന് കൂടുതൽ സ്ഥാനവും മഹത്ത്വവുമുണ്ട്.

പരലോകത്തേക്കുള്ള സമ്പാദ്യത്തിൽ കൂടുതൽ വിലപ്പെട്ടത് കൂടുതൽ കരുതാൻ ഇത്തരം തിരിച്ചറിവുകൾ സഹായിക്കും. എന്നാൽ ഇതിലൊന്നും ശ്രദ്ധയില്ലാത്ത ചില സാധുക്കളെ പിശാച് പല രൂപത്തിലും വഴിതെറ്റിക്കുന്ന രൂപങ്ങൾ ഉദാഹരണസഹിതം ഇബ്നുൽ ജൗസി തന്റെ 'തൽബീസു ഇബ്ലീസ്' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്.

വുദൂഅ് ചെയ്യുന്നതിലെ സുന്നത്തുകളെ വിട്ട് വസ്വാസിൽ മുഴുകി ഫർദ് ജമാഅത്തുപോലും നഷ്ടമാക്കുന്ന ചില ഹതഭാഗ്യർ! തക്ബീറതുൽ ഇഹ്റാമിലേക്ക് പ്രവേശിക്കാൻ സമ്മതിക്കാതെ വസ്വാസുകൾകൊണ്ട് പിശാച് ശല്യപ്പെടുത്തുന്ന ചിലർ! ഫർദ് നമസ്കാരത്തിന്റെ ജമാഅത്ത് നടന്നുകൊണ്ടിരിക്കുമ്പോഴും സുന്നത്ത് നമസ്കാരത്തിനായി കൈ കെട്ടുന്നവർ! ഇങ്ങനെ പിശാചിന്റെ കെണികളിൽ കുടുങ്ങി പുണ്യങ്ങൾ നഷ്ടപ്പെടുത്തുന്ന എത്രയോ ആളുകൾ! സത്യത്തിൽ തങ്ങൾ അകപ്പെട്ടിരിക്കുന്ന കെണിയെക്കുറിച്ചും ചതിക്കുഴികളെ സംബന്ധിച്ചും അത്തരക്കാർ അറിയുന്നില്ല. പിശാചിന്റെ ഇത്തരം കെണികളിൽനിന്നുള്ള ഏറ്റവും ഫലപ്രദമായ സുരക്ഷ നബി(സ്വ) പഠിപ്പിച്ച ദിക്റുകളും ദുആകളും സുന്നത്തുകളും പഠിച്ചറിഞ്ഞ് പിൻപറ്റുക എന്നുള്ളതാണ്.

'അൽഖന്നാസ്' അഥവാ ദുർബോധനം നടത്തി പിൻമാറിക്കളയുന്നവനാണ് പിശാച്. അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ സജീവമാകുമ്പോൾ പിശാച് പിൻമാറിക്കളയും. ദിക്റിൽനിന്ന് അശ്രദ്ധയിലാകുമ്പോൾ അവൻ നമ്മെ കീഴ്പെടുത്തുകയും ചെയ്യും.

"നിർജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും, നാം ഒരു (സത്യ) പ്രകാശം നൽകിയിട്ട് അതുമായി ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ, പുറത്തുകടക്കാനാകാത്ത വിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവന്റേത് പോലെയാണോ? അങ്ങനെ, സത്യനിഷേധികൾക്ക് തങ്ങൾ ചെയ്ത് കൊണ്ടിരിക്കുന്നത് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 6:122).

"അപ്പോൾ, മുഖം നിലത്തുകുത്തിക്കൊണ്ട് നടക്കുന്നവനാണോ സൻമാർഗം പ്രാപിക്കുന്നവൻ? അതല്ല നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ?" (67:22).

നേർമാർഗം കൃത്യമായി പഠിച്ചറിഞ്ഞ് കണിശമായി പിൻപറ്റാൻ അല്ലാഹു സഹായിക്കട്ടെ. ■

നീണ്ടകഥ



# പൊഴിയുന്ന പുണ്യങ്ങൾ 5

ഷാസിയ നസ്‌ലി
വിവ: ഇബ്നു അലി എടത്തനാട്ടുകര

ഉച്ചഭക്ഷണത്തിന് ശേഷം സന്ന തൻസാറിന്റെ സ്‌കൂളിലേക്ക് ധൃതിയിൽ തിരിച്ചു. അവളെ അത്ഭുതപ്പെടുത്തിക്കൊണ്ട് പതിവ് സ്ഥലത്ത് തൻസാറിനെ കണ്ടില്ല. സന്ന സമയം നോക്കി. ഉച്ചക്ക് ഒരുമണിയാവുന്നു. അവനെ തിരഞ്ഞുകൊണ്ടിരിക്കെ അവൾ ചോദിച്ചുകൊണ്ടിരുന്നു; 'നീയിതെവിടെയാണ്?" എന്നെക്കൂടാതെ അവൻ തനിച്ചുപോകാറില്ലല്ലോ!

തൻസാറിന്റെ കൂട്ടുകാരൻ ഹസൻ ഗ്രൗണ്ടിലൂടെ ഗേറ്റിനടുത്തേക്ക് പോകുന്നത് കണ്ടപ്പോൾ അവൾ വിളിച്ചു ചോദിച്ചു. "ഹസൻ! തൻസാറെവിടെ?"

"അവൻ കമ്പ്യൂട്ടർ റൂമിലേക്ക് പോയി. ഞങ്ങൾക്കൊരു പുതിയ കമ്പ്യൂട്ടർ എത്തിയിട്ടുണ്ട്.'"

സന്ന ആകെ ആശയക്കുഴപ്പത്തിലായി. ഇനി എന്ത് ചെയ്യും? അവൾ ഇതുവരെ ജുമുഅ നഷ്ടപ്പെടുത്തിയിട്ടില്ല. നേരം വൈകിയതുകൊണ്ട് ഒടുവിൽ തൻസാറിനെ കൂടാതെ പള്ളിയിൽ പോകാനവൾ തീരുമാനിച്ചു.

ജുമുഅക്ക് ശേഷം ലൈബ്രറിയിലേക്ക് കുതിക്കുന്ന തൻസാറിനെ സന്ന കണ്ടുപിടിച്ചു. കൈവീശി അവൾ ആർത്തു വിളിച്ചു:

"തൻസാർ...! അവിടെ നിൽക്ക്. ജുമുഅ നേരത്ത് നീ എവിടെയായിരുന്നു?"- അവനെ അടുത്തു കിട്ടിയപ്പോൾ കിതച്ചുകൊണ്ടവൾ ചോദിച്ചു.

"അതോ, എനിക്കെന്റെ പ്രൊജക്ട് വർക്കുണ്ടായിരുന്നു. അതെല്ലാം പൂർത്തിയാക്കി. ഞങ്ങൾക്കൊരു പുതുപുത്തൻ കമ്പ്യൂട്ടറുണ്ട്. അടിപൊളി! അതിൽ ചിത്രങ്ങളും മറ്റും..."- അവൻ സഹോദരിയോട് ആവേശത്തോടെ പറഞ്ഞു.

"പക്ഷേ, നീ ജുമുഅ മാത്രമല്ല നഷ്ടപ്പെടുത്തിയത്. ജുമുഅക്ക് ശേഷമുള്ള പ്രാർഥനയും നഷ്ടപ്പെടുത്തിയില്ലേ? നീ ഈ ചെയ്യുന്നത് ശരിയാണെന്ന് നിനക്ക് തോന്നുണ്ടോ?"- സന്ന ഗൗരവത്തിൽ ചോദിച്ചു.

"എനിക്ക് കുറെ പഠിക്കാനുണ്ടായിരുന്നു. ഞാൻ ചെറുപ്പമാണ്. എനിക്ക് ഇനിയും കുറെ വർഷങ്ങൾ ജീവിക്കാനുണ്ട്. അങ്ങനെ ഞാൻ കുറെ നന്മകൾ ചെയ്ത് പ്രതിഫലം കരസ്ഥമാക്കും"- ഇതും പറഞ്ഞ് അവൻ നടന്നു പോയി.

വായനശാലയിലേക്ക് നടന്നുപോകുന്ന അനിയനെ നോക്കി അവൾ മിഴിച്ച് നിന്നു. എന്താണവന് പറ്റിയത്? ഉപ്പയോടും ഉമ്മയോടും പറയണോ? വേണ്ട. അവർ നിരാശരാവും. പിന്നെ എന്താണ് ചെയ്യുക? സന്ന തന്നോടുതന്നെ ചോദിച്ചു.

സന്ന തന്റെ കിടപ്പു മുറിയിലിരുന്ന് അന്നത്തെ സംഭവങ്ങൾ ഡയറിയിൽ കുറിച്ചിടുകയായിരുന്നു. അപ്പോൾ മുൻവശത്തെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു. അവൾ കോണിയിറങ്ങി ഓടിച്ചെന്നു. അത് തൻസാറായിരുന്നു. പൂമുഖത്തേക്ക് പ്രവേശിച്ച് സോഫയിലേക്ക് ചാടിക്കയറവെ അവൻ പറഞ്ഞു:

"ഒന്നും പറയരുത്. ഞാൻ വളരെ ക്ഷീണിതനാണ്."

"പക്ഷേ, നീയെന്തുകൊണ്ടാണിന്ന്...?"

"ഫെലിക്സെവിടെ?"-സന്നയെ പറയാൻ സമ്മതിക്കാതെ അവൻ പൂച്ചക്കുഞ്ഞിനെ അന്വേഷിച്ചു.

"അവൾ ആ കുട്ടയിലുണ്ടാവും"- സന്നയുടെ മറുപടി.

"ഫെലിക്സ്... ഫെലിക്സ്..." അവൻ അടുക്കളയുടെ നേരെ നടന്ന്കൊണ്ട് വിളിച്ചു.

"ഇവിടെയില്ലല്ലോ സന്നാ... ഫെലിക്സെവിടെ?"

"എനിക്കറിയില്ല. ചിലപ്പോൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനായി അവൻ ജുമുഅക്ക് പോയിട്ടുണ്ടാവും"- അവൾ മുനവെച്ച് മറുപടി കൊടുത്തു.

**(തുടരും)**




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
18 FEBRUARY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

**രണ്ട് വാല്യങ്ങൾ**




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478